സെൻട്രൽ പ്രിസൺ &
കറക്ഷണൽ ഹോം, കണ്ണൂർ

# ഉറവ

## മാഗസിൻ

2021 മെയ്

**രക്ഷാധികാരി**
**ടി. ബാബുരാജൻ** (സൂപ്രണ്ട്)

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ : എൻ. രവീന്ദ്രൻ (ജോ. സൂപ്രണ്ട്)
മുഹമ്മദ് സിയാദ് കെ. (ജോ. സൂപ്രണ്ട്)
ശിവപ്രസാദ് കെ. (വെൽഫെയർ ഓഫീസർ)
അജിത്ത് കൊയിലേരിയൻ
ഡോ. ആഷിക് ചന്ദ്ര കെ.എം.
ഹനീഫ എം.കെ.
ബാബുരാജ് മലപ്പട്ടം
രമേശ്നാഥ് പി.വി.
ജിതേഷ് എ.
സുശാന്ത് കെ.
വിനീഷ് എ.പി.
നവനീത് ജി.



**പിണറായി വിജയൻ**
മുഖ്യമന്ത്രി

## ആശംസ

കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിന്റെ
ആഭിമുഖ്യത്തിൽ ജയിൽ അന്തേവാസികളുടെയും
ജീവനക്കാരുടെയും സർഗാത്മക സൃഷ്ടികൾ ഉൾപ്പെടുത്തി
ഒരു മാസിക പുറത്തിറക്കാൻ തീരുമാനിച്ചിരിക്കുന്നു
എന്നറിഞ്ഞതിൽ സന്തോഷം.

മാതൃകാപരമായ ഈ ഉദ്യമത്തിന്
എല്ലാ ആശംസകളും നേരുന്നു.



**ഋഷിരാജ് സിംഗ്** ഐ.പി.എസ്.
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

# ആശംസ

പ്രിയമുള്ളവരെ,

പ്രധാനപ്പെട്ട ഓരോ ജയിൽ സ്ഥാപനങ്ങളിലും മാസത്തിലോ മൂന്നുമാസം കൂടുമ്പോഴോ ഒരു പ്രസിദ്ധീകരണം - അന്തേവാസികളുടെയും ജീവനക്കാരുടെയും കലാസൃഷ്ടികൾ ചേർത്ത് ഉണ്ടാകണമെന്നുള്ള എന്റെ ആഗ്രഹം കണ്ണൂർ സെൻട്രൽ ജയിലിലും സഫലമാകുന്നതിൽ എനിക്കുള്ള സന്തോഷം പങ്കുവെക്കുന്നു. മാതൃഭാഷയെന്ന നിലയിൽ മലയാളഭാഷയുടെ പ്രയോഗവും പ്രചാരവും വ്യാപിപ്പിക്കുന്നതിന് എല്ലാ മലയാളികൾക്കും ബാധ്യതയുണ്ടെന്ന ഓർമപ്പെടുത്തൽ കൂടിയാണ് ഈ സംരംഭം. ഇതിനായി മുൻകൈയ്യെടുത്ത സൂപ്രണ്ടിനെയും വെൽഫെയർ ഓഫീസർമാരെയും ഇതര ജീവനക്കാരെയും അന്തേവാസികളെയും അഭിനന്ദിക്കുകയും ഈ ലക്കത്തിനെ തുടർന്ന് ഈ യത്നം വീണ്ടും ആവർത്തിക്കാൻ ആശംസിക്കുകയും ചെയ്യുന്നു.





**വിനോദ് കുമാർ എം.കെ.**
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ്
പ്രിസൺസ്, ഉത്തരമേഖല

**ടി. ബാബുരാജൻ**
സൂപ്രണ്ട്, സെൻട്രൽ പ്രിസൺ &
കറക്ഷണൽ ഹോം, കണ്ണൂർ

## ആശംസ

കണ്ണൂർ സെൻട്രൽ പ്രിസൺ &
കറക്ഷണൽ ഹോമിലെ അന്തേവാസികളുടെയും
ജീവനക്കാരുടെയും സാഹിത്യസൃഷ്ടികൾ
ഉൾപ്പെടുത്തിക്കൊണ്ട് പുറത്തിറക്കുന്ന
ജയിൽമാഗസിന് ആശംസകൾ
നേരുന്നു.



സെൻട്രൽ പ്രിസൺ
&
കറക്ഷണൽ ഹോം, കണ്ണൂർ

**രാജേഷ്. ടി**
അസി: പ്രിസൺ ഓഫീസർ, കെ.841,
വടകര സബ്ബ് ജയിൽ

# മൂന്ന് കവിതകൾ

## പ്രണയം

നിന്റെ ഹൃദയപാടത്തിലേക്ക്
ഞാനെറിഞ്ഞ വിത്തുകൾ
ഇത്ര സുന്ദരമായി മുളയ്ക്കുമെന്ന്
ഞാൻ കരുതിയില്ല
കളകളില്ലാത്തതാണെന്നുകരുതിയ
എന്റെ സ്നേഹം
വളമാക്കിയതിനാലാവാം
ഞാൻ കരുതിയതിലും അപ്പുറം
നീ വളർന്നത്
കൊയ്തെടുക്കുന്നില്ല
വിളയായ നിന്നെ വിടതരാനില്ല



## മഷിത്തണ്ട്

വിഭവസമൃദ്ധമായ
യുവത്വത്തിലും
ഉപ്പുകൂട്ടാതെ
രുചിക്കാൻ കഴിയുന്നുണ്ട്
നനുത്ത ഓർമ്മകളാൽ
സുന്ദരമായ ബാല്യത്തെ
മഷിത്തണ്ടിന്റെ സുതാര്യതയിൽ
നിലാവു പെയ്യുന്ന നിശ്ശബ്ദമീ രാവിൽ
നിറമാർന്ന സ്വപ്നങ്ങൾ നെയ്തെടുക്കാം
പലതായ മോഹങ്ങൾ പറയാതെവച്ചതിൽ
പാതിമുറിഞ്ഞുവോ? സാരമില്ല
പലതുള്ളി പലതുള്ളി പലനാളുകൊണ്ടല്ലെ
പലതും നമുക്കായി വന്നുചേരൂ


## പരസ്പരം

കലഹിക്കുന്നോരെന്നും
കാരണം തേടാതൊരിഷ്ടം
കനലുപോലുള്ളിലൊതുക്കും
കാണാതിരുന്നാലുമോർമ്മ
തീനാളമായ്തെളിഞ്ഞിടാൻ

**രമേശ്നാഥ് പി.വി**
അധ്യാപകൻ

# കാരാഗൃഹത്തിലെ ജ്ഞാനദീപം

ധർമ്മബോധത്തിന്റെയും തിരിച്ചറിവിന്റെയും അഭാവം മനുഷ്യനെ ചിലപ്പോൾ കുറ്റകൃത്യത്തിലേക്ക് നയിക്കുന്നു. അങ്ങനെ നിയമത്തിന്റെ മുന്നിൽ തെറ്റുകാരനായി സമൂഹത്തിൽ നിന്നും മാറ്റിനിർത്തി ദീർഘകാലം കാരാഗൃഹത്തിൽ കഴിയേണ്ടിവരുന്നവരുടെ മാനസിക പരിവർത്തന കേന്ദ്രമാണ് ഇപ്പോൾ ജയിലുകൾ.അതുകൊണ്ടുതന്നെ ജയിലുകളിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ഇക്കാലത്ത് വളരെയധികം പ്രാധാന്യമുണ്ട്. കേരളത്തിലെ സെൻട്രൽ ജയിലുകളിൽ തടവുകാരുടെ വിദ്യാഭ്യാസത്തിനു വേണ്ടി അധ്യാപക തസ്തിക ഉണ്ടെങ്കിലും കണ്ണൂർ സെൻട്രൽ ജയിലിൽ മാത്രമാണ് ജയിൽ സ്കൂൾ ഉള്ളത്. സംഗതി സ്കൂൾ തന്നെ. പേരിൽ ഒരു എൽ.പി എന്നോ, യൂ,പി എന്നോ ഹൈസ്കൂൾഎന്നോ ഹയർസെക്കന്ററി എന്നോ ഇല്ല. പക്ഷേ സാക്ഷരത മുതൽ ബിരുദാനന്തര ബിരുദം വരെ പഠന സൗകര്യമുണ്ട് ഈ ജയിൽ സ്കൂളിൽ. 1869 ലാണ് കണ്ണൂർ സെൻട്രൽ ജയിൽ സ്ഥാപിതമായത് എങ്കിലും ജയിൽ സ്കൂൾ സ്ഥാപിച്ചതിനെകുറിച്ച് വ്യക്തമായ രേഖകൾ ലഭ്യമല്ല.1937മുതലുള്ള തടവുകാരുടെ വിദ്യാഭ്യാസം സംബന്ധിച്ച രേഖകൾ ജയിലിലുണ്ട്.ആദ്യകാലത്ത് തടവുകാരെ സാക്ഷരാക്കുക എന്നത് മാത്രമാണ് ഉദ്ദേശിച്ചത്. കാലം മാറിയതിനനുസരിച്ച് വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കും മാറ്റം വന്നു. കേരള സാക്ഷരതാ മിഷന്റെ സാക്ഷരത, നാലാം തരം തുല്യത, ഏഴാം തരം തുല്യത, എസ്.എസ്.എൽ.സി തുല്യത എന്നീ കോഴ്സുകൾക്ക് ജയിൽ സ്കൂളിൽ എല്ലാപ്രവർത്തി ദിവസങ്ങളിലും ക്ലാസ്സ് നടക്കുന്നുണ്ട്. കൂടാതെ ഹയർസെക്കന്ററി കോഴ്സ് കണ്ണൂർ, കോഴിക്കോട്, ഇഗ്നോ തുടങ്ങിയ സർവകലാശാലയുടെ വിവിധ ബിരുദ, ബിരുദാനന്തര-ബിരുദ കോഴ്സുകൾക്കും ഇവിടെ പഠിതാക്കളുണ്ട്. കണ്ണൂർ സർവ്വകലാശാല, ഇന്ദിരാഗാന്ധി ഓപ്പൺ സർവ്വകലാശാല എന്നിവയുടെ അംഗീകൃത സ്റ്റഡി സെന്റർ കൂടിയാണ് ഈ ജയിൽ സ്കൂൾ. മലയാളികൾ മാത്രമല്ല അന്യ സംസ്ഥാനക്കാരും ഇവിടെ പഠിതാക്കളായി




ഉണ്ട്. ജയിലിൽ വന്ന ശേഷം മലയാളം എ
ഴുതാനും വായിക്കാനും പഠിച്ച് എസ്.എസ്.
എൽ.സി തുല്യതാ കോഴ്സ് പാസ്സായ അന്യ
സംസ്ഥാനക്കാരായ പെനജിൽ റാവു, നടരാ
ജൻ, സുന്ദര എന്നിവർ ഉദാഹരണം മാത്രം.
വർഷങ്ങളായി എസ്.എസ്.എൽ.സി തുല്യ
താപരീക്ഷയിൽ കണ്ണൂർ സെൻട്രൽ ജയിലിന്
100% വിജയമാണ്. എസ്.എസ്.എൽ.സി തു
ല്യതാപരീക്ഷയിൽ സംസ്ഥാനത്ത് ഒന്നാം
റാങ്ക്, ജില്ലയിൽ ഒന്നാ റാങ്ക് എന്നിവ കണ്ണൂർ
സെൻട്രൽ ജയിൽ കരസ്ഥമാക്കിയിട്ടുണ്ട്.
കേരളത്തിൽ ആദ്യമായി ജയിലിൽ നിന്ന്
എം.ബി.എ ബിരുദം കരസ്ഥമാക്കിയത് കണ്ണൂർ
സെൻട്രൽ ജയിലിൽനിന്നാണ്. കഴിഞ്ഞ വർ
ഷം ഏകദേശം നൂറോളം തടവുകാർ വിവിധ
കോഴ്സുകൾക്ക് പേര് രജിസ്റ്റർ ചെയ്തിരുന്നു
കൂടാതെ തടവുകാർ ജയിൽ മോചിതരാവു
മ്പോൾ മാന്യമായ ഉപജീവനം കണ്ടെത്താൻ
നിരവധി തൊഴിലധിഷ്ഠിത കോഴ്സുകൾ
സർക്കാർ ജയിലുകളിൽ നടപ്പിലാക്കി വരു
ന്നുണ്ട്. ഡ്രൈവിംഗ്, വെൽഡിംഗ് -പ്ലംബിംഗ്
പരിശീലനം, കമ്പ്യൂട്ടർ പരിശീലനം, ടൂ-വീലർ
മെക്കാനിക്ക്, ബ്യൂട്ടീഷൻ, തെങ്ങ് കയററം,
അലുമിനിയം ഫാബ്രിക്കേഷൻ, ഇലക്ട്രിക്കൽ
മെക്കാനിക്ക് തുടങ്ങിയ കോഴ്സുകൾ ജയി
ലിൽ നടത്തുന്നുണ്ട്.

മനുഷ്യനെ ഉത്തമ പൗരനാക്കി മാറ്റി നല്ല
സമൂഹത്തെ സർവ്വോപരി നല്ല ലോകം സൃ
ഷ്ടിക്കുകയാണല്ലോ വിദ്യാഭ്യാസത്തിന്റെ
ലക്ഷ്യം. ഇവിടെ കാരാഗൃഹം ഒരു സർവ്വ
കലാശാലയായി രൂപാന്തരപ്പെടുന്നു. ഒപ്പം
ഇവിടെ എത്തിച്ചേരേവന്ന ഹതഭാഗ്യരായ
അന്തേവാസികൾക്ക് ഉത്തമപൗരന്മാരായി
സമാജസേവകരായി ശിഷ്ടകാലം ജീവിക്കാ
നുള്ള പ്രേരണയും പ്രചോദനവും നൽകുന്നു.

ഹരീഷ് എം.പി.
അധ്യാപകൻ

# ജയിൽ മുത്തശ്ശിയ്ക്ക് ഒരു ആമുഖം @ 152


ഈ വർഷം നൂറ്റിയമ്പത്തിരണ്ടാം പിറന്നാൾ ആഘോഷിക്കുന്ന കേരളത്തിലെ ജയിൽ മുത്തശ്ശിയുടെ ഓർമ്മകൾ ശേഖരിച്ചുകൊണ്ടാണ് ഇപ്രാവശ്യം പിറന്നാൾ ആഘോഷിക്കപ്പെടുന്നത്. ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ കേരളത്തിലെ ഏറ്റവും വലിയ സ്മാരകം ഏത് എന്ന് ചോദിച്ചാൽ നിസംശയം പറയാവുന്ന പേരാണ് കണ്ണൂർ സെൻട്രൽ ജയിൽ. കാരണം സ്വാതന്ത്ര്യ ലബ്ധിക്ക് മുമ്പേ ദക്ഷിണേന്ത്യയിൽ ബ്രിട്ടീഷ് ഭരണത്തിന്റെ കീഴിലുള്ള പ്രധാനപ്പെട്ട ഭാഗമാണ് മദ്രാസ് പ്രസിഡൻസി ഇതിന്റെ കീഴിലുള്ള മലബാർ, ഏറനാട്, കാനറ തുടങ്ങിയ മേഖലകളിലെ ജനങ്ങൾ ബ്രിട്ടീഷ് വിരുദ്ധ പോരാട്ടങ്ങളിൽ നേരിട്ട് പങ്കെടുത്തവരും ദേശീയ പ്രസ്ഥാനങ്ങൾക്ക് പ്രാതിനിധ്യം നൽകിയവരുമാണ്. അതുകൊണ്ടുതന്നെ ബ്രിട്ടീഷ് പട്ടാളം നേരിട്ട് ചൂഷണം ചെയ്തതും അടിച്ചമർത്തിയതും ഇവിടെയാണ്.

ബ്രിട്ടീഷ് വിരുദ്ധ പോരാട്ടങ്ങളെ അടിച്ചമർത്തുന്നതിനും സ്വാതന്ത്ര്യ സമര സേനാനികളെയും കലാപകാരികളെയും മറ്റു കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെയും തടവിൽ പാർപ്പിക്കുന്നതിനുവേണ്ടി മലബാറിൽ 1855-60 കാലഘട്ടത്തിൽ കോഴിക്കോടും തലശ്ശേരിയിലും ജയിലുകൾ ഉണ്ടായിരുന്നു. എന്നാൽ ഈ കാലത്ത് പടർന്നുപിടിച്ചിരുന്ന കോളറ, വസൂരി തുടങ്ങിയ പകർച്ചവ്യാധികൾ ബാധിച്ച തടവുകാരെ പാർപ്പിക്കുന്നതിനുവേണ്ടി 1869 ൽ കണ്ണൂരിനും അറയ്ക്കലിനുമിടയിൽ പുഴാതിയെന്ന സ്ഥലത്ത് (ഇന്നത്തെ കണ്ണൂർ കാസർഗോഡ് പാതയോരത്ത് 124.45 ഏക്കറിൽ ജയിൽ സ്ഥിതിചെയ്യുന്നു) സെൻട്രൽ ജയിൽ സ്ഥാപിച്ചു. 1069 തടവുകാരെ പാർപ്പിക്കത്തക്കവണ്ണമാണ് ഇതിന്റെ ഉള്ളടക്കം. 1935 ൽ ജയിൽ കൂടുതൽ വിപുലീകരിച്ച് 1864 തടവുകാരെ പാർപ്പിക്കാൻ സൗകര്യം ഏർപ്പെടുത്തുകയും ചെയ്തു.124.45 ഏക്കർ സ്ഥലത്ത് നാലു മതിലുകൾക്കുള്ളിൽ 35 ഏക്കർ സ്ഥലത്താണ് ജയിലിനകം സ്ഥിതിചെയ്യുന്നത് ജയിലിനു പുറത്ത് 38 ഏക്കറും ബാക്കി വിവിധ ഗവൺമെന്റ് സ്ഥാപനങ്ങൾക്ക് വീതിച്ച് നൽകിയിരിക്കുന്നു (ഇന്ന് നിലവിലുള്ള കണ്ണൂർ ആകാശവാണി കെട്ടിടം, ഗവൺമെന്റ് പ്രിന്റിംഗ് പ്രസ്സ്, വനിതാ കോളേജ്, ജില്ലാജയിൽ, പോസ്റ്റോഫീസ് സ്പെഷ്യൽ സബ്ബ് ജയിൽ, സൂപ്രണ്ട് ബംഗ്ലാവ്, മിൽമ). യാതൊരുവിധ സാങ്കേതിക വിദ്യയുടെയും സഹായമില്ലാതെ ഒരു കുന്നിന്റെ പ്രകൃതിയാലുള്ള 20-25 ഡിഗ്രി ചരിവ് ഉപയോഗപ്പെടുത്തിക്കൊണ്ട് ലോകത്തിലെ പ്രശസ്ത ക്രിമിനോളജിസ്റ്റ് 'ജെർമെ ബൻന്ദ' രൂപകൽപ്പന ചെയ്ത 'പാനോപ്ടികോൺ' മാതൃകയിലാണ് ജയിലിനു ഉൾവശം രൂപകൽപ്പന ചെയ്തിരിക്കുന്നത്. ജയിലിനു നടുഭാഗത്ത് ജയിലിനുൾവശം പൂർണ്ണമായും നിരീക്ഷിക്കുവാൻ കഴിയുന്ന തരത്തിൽ ടവറും (ആദ്യകാലങ്ങളിൽ ഭരണസ്ഥിരാകേന്ദ്രം ടവർ ആയിരുന്നു) അതിനുചുറ്റും ആരക്കാല് രൂപത്തിൽ പ്രകൃതിയാലുള്ള ചരുവിൽ ബ്ലോക്കുകളും സ്ഥിതിചെയ്യുന്നു.



തുടക്കക്കാലത്ത് നിലനിന്നിരുന്ന പ്രധാനപ്പെട്ട ബ്ലോക്കുകളാണ് ക്വാറെന്റൈൻ ബ്ലോക്കും കണ്ടം സെല്ലും. നിലവിൽ പത്താം ബ്ലോക്ക് ഒഴികെ ബാക്കിയെല്ലാ ബ്ലോക്കുകളിലും ഡോമെറ്ററി സംവിധാനമാണ് നിലവിലുള്ളത്. എല്ലാ സമയത്തും വെളിച്ചമെത്തുന്ന രൂപത്തിലാണ് ബ്ലോക്കുകൾ നിർമ്മിച്ചിട്ടുള്ളത് മൂന്നാൾ പൊക്കത്തിലുള്ള മതിലുകളാൽ ബ്ലോക്കുകളെ വേർതിരിച്ചിരിക്കുന്നു. ഒരു വഴിയിലൂടെ മാത്രമാണ് ബ്ലോക്കിലേയ്ക്ക് പ്രവേശിക്കാൻ കഴിയുന്നത്. ആദ്യകാലങ്ങളിൽ ബ്ലോക്കുകളുടെയും സെല്ലുകളുടെയും അകം കറുത്ത ഛായം പൂശിയതായി ഇ.കെ. നായനാരുടെ ജയിലിലെ ഓർമ്മകൾ എന്ന പുസ്തകത്തിൽ വിവരിച്ചിരിക്കുന്നു.

ജയിലിന്റെ ആരംഭം മുതൽ മദ്രാസ് ഗവൺമന്റ്, കളക്ടർ, അതിനു കീഴിൽ സെൻട്രൽ ജയിൽ സൂപ്രണ്ടിനും നൽകിയിരുന്നു. ആയതിനാൽ ജയിലിന്റെ പ്രധാന രക്ഷാധികാരി സെൻട്രൽ ജയിൽ സൂപ്രണ്ടായിരുന്നു. അതുകൊണ്ടുതന്നെ ഒരു പ്രദേശത്തിന്റെ ഭരണാധികാരി എന്ന നിലയിൽ തന്നെ സ്വതന്ത്രമായ തീരുമാനങ്ങൾ കൈകൊള്ളുന്നതിനും സൂപ്രണ്ടിനു സാധിച്ചിരുന്നു. പള്ളിക്കുന്നിലാണ് സൂപ്രണ്ട് ബംഗ്ലാവ് സ്ഥിതിചെയ്യുന്നത്. ഇവിടെ നിന്ന് കുതിരകളെ പൂട്ടിയ വണ്ടിയിലേറി രാജകീയമായ സൂപ്രണ്ടിന്റെ ആ വരവ് ഇന്നും ഇവിടത്തെ ജനങ്ങൾ ഓർത്തുപോകുന്നു. വരുന്ന വഴിയിൽ നിന്നും വഴിയാത്രക്കാർ വഴിമാറിനിന്നും വണങ്ങിയും വാഹനങ്ങൾ അരുകിലേക്ക് നിർത്തിയും സൂപ്രണ്ടിന് വഴിയൊരുക്കിയിരുന്നു. ബ്രീട്ടീഷ് ഭരണത്തിൻ കീഴിലായിരുന്ന ജയിലിൽ സ്വതന്ത്രമായി ശി



ക്ഷ നടത്തുവാനും പ്രക്ഷോഭക്കാർക്കെതിരെ നടപടികളെടുക്കുന്നതിനും കൂടാതെ ജയിൽ വാർഡന്മാരെയും മറ്റുദ്യോഗസ്ഥരെയും നിയമിക്കുന്നതിനും അധികാരം സൂപ്രണ്ടിന് ഉണ്ടായിരുന്നു. പിൽകാലത്ത് സ്വാതന്ത്ര്യ ലബ്ധിക്ക് ശേഷം 1953 ൽ കേരളത്തിലെ ജയിലുകൾ കേരളാ ഗവൺമെന്റിന്റെ ആഭ്യന്തര വകുപ്പിന് കീഴിലാവുകയും കേരളത്തിലെ ജയിലുകളുടെ മേലധികാരിയായി ഇൻസ്പെക്ടർ ജനറൽ എന്ന പോസ്റ്റ് രൂപീകരിക്കുകയും ചെയ്തു. ആദ്യകാലങ്ങളിൽ ബ്രിട്ടീഷ് ഭരണത്തിന് കീഴിലുണ്ടായിരുന്ന മലബാറിലെയും കാനറ, ഏറനാട് തുടങ്ങിയ പ്രദേശങ്ങളിലേയും സ്വാതന്ത്ര്യ സമര സേനാനികളെയും വിഘടന-ഭീകര പ്രവർത്തകരെയും ദേശീയ പ്രസ്ഥാന വാക്താക്കളെയും മറ്റു കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെയും പാർപ്പിച്ചിരുന്ന ഇടമാണ്, സെൻട്രൽ ജയിൽ. വിചാരണ കൂടാതെതന്നെ ജയിലിൽ പിടിച്ചിടുന്നതിനും ശിക്ഷാകാലാവധി നീട്ടുന്നതിനും കുറയ്ക്കുന്നതിനുമുള്ള അധികാരം ബ്രിട്ടീഷ് ഗവൺമെന്റിന് ഉണ്ടായിരുന്നു. ആദ്യം കുറ്റവാളികളെ പ്രവേശിപ്പിച്ചിരുന്നത് ക്വാറന്റൈൻ ബ്ലോക്കിലാണ്. ഇവിടെ കുറച്ചുനാൾ നിരീക്ഷണ അടിസ്ഥാനത്തിൽ പാർപ്പിക്കുകയും ശേഷം മറ്റു ബ്ലോക്കുകളിലേക്ക് മാറ്റുന്ന രീതിയാണ് നിലനിന്നിരുന്നത്. ഇരുണ്ട ചെറിയ മുറികളിൽ കുത്തിനിറച്ചുകൊണ്ട് അന്തേവാസികളെ പാർപ്പിച്ചിരുന്നു കൊടിയ മർദ്ദനങ്ങൾ, പീഡനങ്ങൾ തുടങ്ങി ജീവഹാനി വരെ സംഭവിച്ചിട്ടുണ്ട്. ചെമ്പിൽ ചാപ്പകുത്തിയ നമ്പറുകളും ഒരോ കുറ്റവാളികൾക്കും നൽകിയിരുന്നു. ടൗസറും ഷർട്ടുമാണ് വസ്ത്രമെന്നും ആദ്യം ക്വാറന്റൈൻ ബ്ലോക്കിലെത്തുന്ന തടവുകാർക്ക് ചിരട്ടയിലാണ് വെള്ളം കുടിക്കാൻ നൽകിയിരുന്നതെന്നും വൃത്തിഹീനമായ ബ്ലോക്കുകളിലാണ് താമസിപ്പിച്ചിരുന്നതെന്നും  ഇ.കെ.നായനാരുടെ ജയിലിലെ ഒർമ്മകൾ എന്ന പുസ്തകത്തിൽ വിവരിക്കുന്നു. കൂടാതെ നിർബന്ധിത ജോലി ഇവർക്ക് നൽകിയിരുന്നു. ചകിരി തല്ലാനും മറ്റു കഠിന ജോലികളും അന്നത്തെ ഭരണാധികാരികൾ ജയിലിൽ നടപ്പിലാക്കിയിരുന്നു. എന്നാൽ ഇന്ന് അന്തേവാസികളുടെ മാനുഷ്യാവകാശങ്ങൾ  പരിഗണിച്ചുകൊണ്ടുള്ള സൗകര്യങ്ങളായ 24 മണിക്കൂർ വൈദ്യുതി, വെള്ളം, ലൈബ്രറി സൗകര്യം, ടെലിവിഷൻ, കാന്റീൻ, ഗുണനിലവാരമുള്ള ഭക്ഷണം, എല്ലാ ബ്ലോക്കുകളിലും കളിസ്ഥലങ്ങളും, മികച്ച വിദ്യാഭ്യാസം, ആരോഗ്യ പരിപാലനം തുടങ്ങിയവ നൽകി പോരുന്നു.

കണ്ണൂർ സെൻട്രൽ ജയിലിന്റെ തുടക്കം മുതൽ പ്രധാനപ്പെട്ട ഭാഗമാണ് ക്വാറന്റൈൻ ബ്ലോക്ക്. ഇന്നത്തെ സമകാലീന സാഹചര്യത്തിൽ ഏറ്റവും കൂടുതൽ ഉച്ചരിക്കുന്ന പദമാണ് 'ക്വാറന്റൈൻ'. ഇറ്റാലിയൻ പദമായ ക്വാറൻീന എന്ന വാക്കിൽ നിന്നാണ് ക്വാറന്റൈൻ എന്ന പദത്തിന്റെ ഉദ്ഭവം. പണ്ടുകാലങ്ങളിൽ യൂറോപ്പിൽ കപ്പൽ യാത്രികർക്കും ജീവനക്കാർ

ക്കും നാട്ടിലെത്തുന്നതിനുമുമ്പ് 40 ദിവസം നിർബന്ധമായി നിർവഹിക്കേണ്ടതായിരുന്നു ക്വാറന്റൈൻ. 2019 മുതൽ കൊറോണ എന്ന വൈറസ് പടർന്നുപിടിച്ച സാഹചര്യത്തിൽ ലോകത്ത് ക്വാറന്റൈൻ എന്ന വാക്ക് വീണ്ടും ഓർമ്മപ്പെടുത്തുന്നു. കേരള ചരിത്രത്തിൽ തന്നെ 152 വർഷമായി കണ്ണൂർ സെൻട്രൽ ജയിലിൽ ക്വാറന്റൈൻ എന്ന രോഗപ്രതിരോധ മാർഗ്ഗം ഉപയോഗിച്ചിരുന്നു എന്നത് ജയിൽ ആരോഗ്യ മേഖലയ്ക്ക് അഭിമാനിക്കാവുന്നതാണ്.

വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട കുറ്റവാളികളെ പ്രത്യേകം പാർപ്പിച്ചിരുന്ന ഇടമാണ് കണ്ടം സെൽ. 1921 ലെ മലബാർ കലാപകാരികൾ, സ്വാതന്ത്ര്യ സമര സേനാനികൾ കയ്യൂർ സമര നേതാക്കൾ തുടങ്ങി നിരവധി പേർ തൂക്കുമരത്തിലേക്ക് കയറുന്നതിന് മുമ്പ് അവരുടെ അവസാന നാളുകൾ എണ്ണിതീർത്തത് ഇവിടെയാണ്. 1993 ൽ റിപ്പർചന്ദ്രൻ ഇവിടെ കിടക്കുകയും അവസാനമായി തൂക്കിലേറ്റപെടുകയും ചെയ്തു.

ജയിലിനകത്ത് ജയിലിന്റെ ആരംഭം മുതലെ ജയിൽ ആശുപത്രി ഉണ്ടായിരുന്നു. കണ്ണൂർ സെൻട്രൽ ജയിലിന്റെ നിർമ്മാണം തന്നെ പകർച്ചവ്യാധികൾ തടവുകാരിൽ പടർന്നുപിടിക്കാതിരിക്കുക എന്ന ലക്ഷ്യത്തോടെയാണ്. എന്നാൽ അന്നത്തെകാലത്ത് രോഗങ്ങൾക്ക് വേണ്ട മരുന്നുകളോ പ്രതിരോധ മാർഗ്ഗങ്ങളോ കൈകൊള്ളുവാനുള്ള സാഹചര്യങ്ങൾ കുറവായതിനാൽ നിരവധിപേർ രോഗബാധിതരാവുകയും ചില രോഗങ്ങൾ അനിയന്ത്രിതമായപ്പോൾ രോഗികളെ ആന്റമാനിലെ സെല്ലുലാർ ജയിലിൽ ചെയ്തപോലെ വെടിവച്ച് കൊല്ലുകയും കൂടാതെ രോഗികളെ സഹതടവുകാരെയും പരിചരിച്ചവരെയും നിഷ്ഠൂരം വധിക്കുകയും ഹോസ്പിറ്റലിന്റെ പിൻവശത്തുള്ള മതിലിൽ കാണുന്ന ചെറിയ കവാടത്തിലൂടെ പുറത്തെടുത്ത് സംസ്കരിക്കുകയും ചെയ്തിരുന്നു എന്ന് മനസിലാക്കാൻ കഴിഞ്ഞു. ഇന്നും സ്പെഷ്യൽ സബ്ബ് ജയിലിന്റെ മുൻവശത്ത് ഈ കവാടം കാണാം. എന്നാലിന്ന് 24 മണിക്കൂർ പ്രവർത്തന സജ്ജമായ കിടത്തി ചികിത്സയുള്ള ആശുപത്രി സൗകര്യം ലഭിക്കുന്നുണ്ട്. കൂടാതെ 2 മെഡിക്കൽ ഓഫീസർ (അലോപ്പതി), ഫാർമസിസ്റ്റ്, നേഴ്സിംഗ് അസിസ്റ്റന്റ്, ലാബ് ടെക്നീഷ്യൻ തുടങ്ങിയവയും ആഴ്ചയിൽ ഒരു ദിവസം ആയുർവേദ ഡോക്ടർ, ഹോമിയോപതി ഡോക്ടർ, ദന്ത ഡോക്ടർ, മനോരോഗ വിദഗ്ദ്ധൻ, കൂടാതെ എച്ച്.ഐ.വി. പരിശോധനയ്ക്കും കൗൺസിലിംങ്ങിനുമായി ഐ.സി.ടി.സി.യും മറ്റു ആശുപത്രികളുമായി ബന്ധിച്ചുള്ള ടെലി മെഡിസിൻ സംവിധാനം ആംബുലൻസ് സൗകര്യം എന്നിവ കൃത്യതയോടുകൂടി അന്തേവാസികൾക്ക് ലഭിക്കുന്നു.

ജയിലിൽ അന്തേവാസികളുടെ അച്ചടക്കവും സുരക്ഷയും നിയന്ത്രിക്കുന്ന ഉദ്യോഗസ്ഥർക്ക് പുറമെ അന്തേവാസികളുടെ ക്ഷേമ പ്രവർത്തനങ്ങളും അവകാശങ്ങളും നേടികൊടുക്കുന്നതിനുള്ള ഉദ്യോഗസ്ഥ വിഭാഗമാണ് വെൽഫയർവിഭാഗം. ഇവിടെ കുറ്റകൃത്യം ചെയ്തുവരുന്ന അന്തേവാസിയുടെ വിവരങ്ങൾ ശേഖരിക്കുകയും അവർക്കുവേണ്ട അവകാശങ്ങളും നിയമപരമായ സാധ്യതകളും സംരക്ഷിക്കുകയും കൃത്യമായി ഇടപെട്ടുകൊണ്ട് കൗൺസിലിംഗ് കൊടുക്കുകയും കേസ് സ്റ്റഡി നടത്തി വേണ്ട മാർഗ്ഗ നിർദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. കൂടാതെ കുറ്റവാസനകളിൽ നിന്ന് വിമുക്തി നേടുകയും സമൂഹത്തിലേക്ക് നല്ലൊരു പൗരനായി തെറ്റുകൾ തിരുത്തി തിരിച്ചയക്കുന്നതിനുവേണ്ടി തൊഴിൽ പരമായ പരിശീലനങ്ങളും വൊക്കേഷണൽ ട്രൈനിംഗ് ക്ലാസ്സുകളും മാനസിക പിരിമുറുക്കത്തിൽ നിന്ന് മോചനം ലഭിക്കുന്നതിന് ജയിൽ ദിന ക്ഷേമാഘോഷ പരിപാടികളും യോഗാ പരിശീലനങ്ങളും നിരവധി കൗൺസിലിംഗ്-ബോധ വൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നു. കൂടാതെ 15,000 ത്തിലധികം പുസ്തകങ്ങൾ ഉള്ള വലിയൊരു ലൈബ്രറി സൗകര്യവും കൂടാതെ കുറ്റകൃത്യങ്ങളിൽ ശിക്ഷ അനുഭവിക്കുന്ന തടവുകാർക്ക് അക്ഷരാഭ്യാസം പഠിക്കുന്നതിന് വേണ്ട സൗകര്യവും ഒരുക്കിയിരിക്കുന്നു. ഇന്ന് സമ്പൂർണ്ണ സാക്ഷരതാ കൈവരിച്ച കേരളത്തിൽ ജയിലിനകത്ത് പത്ത് ശതമാനം പേർ നിരക്ഷരരാണ്. അതിനാൽ തന്നെ അവരുൾപ്പെടെയുള്ളവരെ സാക്ഷരരാക്കുന്നതിനും മികച്ച നിലവാരമുള്ള ആധുനിക വിദ്യാഭ്യാസം എത്തിച്ചു നൽകുന്നതിന് രണ്ട് അധ്യാപകരുടെ നേതൃത്വത്തിൽ ജയിൽ സ്കൂൾ വെൽഫെയറിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു.

ജയിലിനകത്തെ അന്തേവാസികളുടെ തൊഴിൽ പരിമായ കഴിവ് പരിപോഷിക്കുന്നതിനും ആ കഴിവ് ഉപയോഗപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും വീവിംഗ്, കാർപെന്ററി, മാനുഫാക്ചറി, ടൈലറിംഗ് യൂണിറ്റ് പ്രവർത്തിച്ച് വരുന്നു. ശിക്ഷ അനുഭവിക്കുന്ന അന്തേവാസികൾക്കാവശ്യമായ വസ്ത്രങ്ങൾ നെയ്യുന്നതിനും തയ്യ്ക്കുന്നതിനും ഓഫീസുകൾക്ക് വേണ്ട ഫർണിച്ചറും ഇവിടെ നിർമ്മിക്കുന്നു. ഇതിലൂടെ ശിക്ഷാക്കാലാവധി പൂർത്തിയാക്കി പുറത്തിറങ്ങുന്ന ഒരു അന്തേവാസിക്ക് ഫലപ്രദമായി തന്നെ ജയിലിൽ നിന്ന് പഠിച്ചെടുത്ത പ്രധാനപ്പെട്ട തൊഴിൽ വൈവിധ്യം ഉപയോഗപ്പെടുത്തി കുടുംബത്തെ സംരക്ഷിക്കുന്നതിനു സാധിക്കുന്നു.

## മലബാർ കലാപവും കണ്ണൂർ സെൻട്രൽ ജയിലും


കണ്ണൂർ സെൻട്രൽ ജയിൽ വാർത്താ പ്രാധാന്യം നേടിത്തുടങ്ങിയത് 1921 ലെ മലബാർ കലാപവുമായി ബന്ധപ്പെട്ട തടവുകാരെ പാർപ്പിച്ചതുമുതലാണ്. സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി മലബാറിൽ ഖിലാഫത്ത് പ്രസ്താനം ആരംഭിക്കുകയും പിൽകാലങ്ങളിൽ ഇതിന്റെ ചുവട് പിടിച്ച് നിരവധി അക്രമ സംഭവങ്ങളും മലബാറിലുടനീളം നടക്കുകയും ഇതുമായി ബന്ധപ്പെട്ടവരെ പോലീസ് കസ്റ്റഡിയിലെടുക്കുകയും ചെയ്തു. നൂറ് കണക്കിനാളുകളെ കണ്ണൂർ സെൻട്രൽ ജയിലിൽ തള്ളിക്കയറ്റി തിക്കിലും തിരക്കിലും പെട്ട് വാഗൺ ട്രാജഡി പോലെ ഒരു സംഭവം സംഭവിക്കേണ്ടതായിരുന്നു. അത്രയും ഭീകരമായ തിരക്കായിരുന്നു ജയിലിൽ. ജയിലിൽ പരസ്യമായി പ്രതിഷേധമുയർത്തിയ ഒട്ടേറെ പേരെ ജയിൽ വളപ്പിൽതന്നെ കഴുവേറ്റിയിരുന്നു. വെടിവച്ചും തല്ലിയും ശിക്ഷിച്ചു. ഇതിനെ തുടർന്ന് ജയിലിനകത്തെ ഏറനാട്ടിലെ തടവുകാർ വാർഡൻമാരെ ആക്രമിച്ച് വലിയൊരു കലാപത്തിനൊരുങ്ങി കലാപം അമർച്ചചെയ്യാൻ പോലീസ് നടത്തിയ വെടിവയ്പ്പിൽ 9 പേർ മരിച്ചു. ആ സംഭവം നടന്നതിനുശേഷം ജയിൽ സൂപ്രണ്ട് തലശ്ശേരി മജിസ്ട്രേറ്റിനയച്ച റിപ്പോർട്ട് ഇങ്ങനെയാണ് 'സെൻട്രൽ ജയിലിലെ മാപ്പിള തടവുകാർ അന്നു വൈകുന്നേരം കലാപം നടത്തുകയും സൂപ്രണ്ട് വെടിവെപ്പിന് ഉത്തരവിടുകയും 9 പേർ കൊല്ലപ്പെടുകയും ചെയ്തു.12 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ജയിൽ ജീവനക്കാരിൽ 3 വാർഡൻമാർക്ക് നിസ്സാര പരിക്കല്ലാതെ അത്യാഹിതങ്ങളില്ല' 1921 ഡിസംബർ 4 ന് അയച്ച കത്താണിത്.

## കമ്യൂണിസ്റ്റ് ജയിലിൽ ജനിക്കുമ്പോൾ

കേരളത്തിലെ ആദ്യത്തെ കമ്യൂണിസ്റ്റ് സംഘടന തിരുവനന്തപുരത്ത് എൻ.സി. ശേഖർ രൂപീകരിച്ചത് കണ്ണൂർ ജയിലിൽ നിന്നുള്ള പ്രചോദനത്തിലാണ്. 1930 ലെ നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് ഏകാന്ത തടവിനു ശിക്ഷിക്കപ്പെട്ട തമിഴ് നാട് സ്വദേശി വേദാന്തമാണ് എൻ.സി.യെ അതിലേക്ക് ആകർഷിച്ചത്. വേദാന്തത്തിൽ നിന്നു കിട്ടിയ പുസ്തകമാണ് കേരളത്തിലെ ആദ്യത്തെ കമ്യൂണിസ്റ്റ് വിജ്ഞാപനം അച്ചടിച്ച് പ്രസിദ്ധപ്പെടുത്താനും കമ്യൂണിസ്റ്റ് ലീഗ് രൂപീകരിക്കാനും എൻ.സി.ശേഖറിനും കൂട്ടർക്കും സഹായകമായത്.

## ജയിലിൽ ആദ്യമായി ത്രിവർണ്ണ പതാക ഉയർന്നപ്പോൾ

കണ്ണൂരിൽ ആദ്യമായി ത്രിവർണ്ണ പതാക ഉയർന്ന ഗവൺമെന്റ് സ്ഥാപനം കണ്ണൂർ സെൻട്രൽ ജയിലാണ്. 1931 ജനുവരി 26ന് കണ്ണൂർ സെൻട്രൽ ജയിലിലെ ഹൃദയ ഭാഗത്ത്, സൂപ്രണ്ടിന്റെ ആസ്ഥാനത്ത് വാച്ച് ടവറിൽ ത്രിവർണ്ണ പതാക അൽപ്പസമയമെങ്കിലും ഉയർന്നുപാറി 1929 ൽ പയ്യന്നൂരിൽ നടന്ന ലാഹോർ കോൺഗ്രസാണ് പൂർണ്ണ സ്വരാജ് പ്രമേയം അംഗീകരിച്ചതും ജനുവരി 26 ന് പൂർണ്ണസ്വരാജ് ദിനമായി ആചരിക്കാൻ തീരുമാനിച്ചതും. തോക്കുമായി പാറാവ് നിൽക്കുന്നവരുടെയെല്ലാം കണ്ണുവെട്ടിച്ച് സൂപ്രണ്ടിന്റെ ഓഫീസിനകത്ത് മുകളിലത്തെ നിലയിൽ അവിടെ ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ പതാക ഉയർത്തി. പതാക ഉയർത്തിയ ആളെ താഴെ ഇറക്കിയ ശേഷം പീഠന പർവ്വത്തിന്റെ തുടക്കമായി. അതി സാഹസികമായിട്ടുള്ള പ്രവർത്തനം നടത്തിയ ധീര ദേശാഭിമാനിയായ കർണ്ണാടകത്തിൽ നിന്നുള്ള കോൺഗ്രസ് സേവാദൾ ക്യാപ്റ്റൻ വാസുദേവറാവു ആയിരുന്നു. ഇദ്ദേഹത്തിനു കഠിന ശിക്ഷതന്നെ സൂപ്രണ്ട് വിധിച്ചു. റാവുവിനെ കാൽ വിലങ്ങും കൈ വിലങ്ങുമായി ക്വാറന്റൈൻ ബ്ലോക്കിലേക്ക് മാറ്റി. ബന്ധനസ്ഥനാക്കി തങ്ങളുടെ ഇടയിലേക്ക്



തള്ളപ്പെട്ട വാസുദേവ റാവുവിന്റെ ചുറ്റും കൂടി നിന്ന് തടവുകാർ മുദ്രാവാക്യം വിളിച്ചു. വൈകീട്ട് ലോക്കപ്പ് സമയമായിട്ടും ആരും പിരിഞ്ഞുപോയില്ല് മുദ്രാവാക്യം വിളിയുടെ കാര്യം എല്ലാ വാർഡിലും സെല്ലിലും അറിഞ്ഞു. ലോക്കപ്പിന് വഴങ്ങേണ്ടതില്ലെന്ന് തീരുമാനമായി രാത്രി 8 മണിയായിട്ടും ആരും സെല്ലിൽ കയറിയില്ല. വാസുദേവ റാവുന്റെ ചങ്ങല പൊട്ടിക്കാതെ സെല്ലിൽ കയറുകയില്ലെന്ന് തടവുകാർ വാശിപിടിച്ചു. പിന്നീട് നടന്ന സംഭവം അന്ന് ക്വാറന്റൈനിലുണ്ടായ എൻ.സി.ശേഖർ വിവരിക്കുന്നതിങ്ങനെ 'രാത്രി 8 മണിയോടെ ജയിൽ ഗേറ്റിൽ വട്ടമണി മുഴങ്ങി. കുതിരക്കുളമ്പടി പോലെ ബൂട്ട്സിന്റെ ശബ്ദം മുഴങ്ങി. തലശ്ശേരി സബ്ബ് കളക്ടറും സൂപ്രണ്ടും മൂന്നാം തവണയും ക്വാറന്റൈൻ ഗേറ്റിൽ പ്രവേശിച്ചു. പരമാവധി ഇടഞ്ഞു നിൽക്കുന്ന തടവുകാരെ മയപ്പെടുത്താൻ ശ്രമിച്ചു. തടവുകാർക്ക് ഒറ്റ ലക്ഷ്യമേ ഉണ്ടായിരുന്നൊള്ളൂ വാസുദേവ റാവുവിൻരെ ചങ്ങല പൊട്ടിക്കുക അതുചെയ്യാതെ ആരും സഹകരിക്കുന്നതല്ല. പെട്ടെന്ന് 'ചാർജ്ജ്' എന്ന് ജില്ലാ മജിസ്ട്രേറ്റിന്റെ ആജ്ഞ ഇതു കേട്ടയുടൻ റിസർവ് പോലീസും വാർഡന്മാരും കൺവിക്റ്റ് വാർഡന്മാരും ചാടി വീണു. ഇത് ബോസ്റ്റൽ സ്കൂളിലും ആവർത്തിച്ചു. 100 കണക്കിന് തടവുകാർക്ക് ഗുരുതര പരിക്കേറ്റു. എൻ.സ്.ശേഖരന്റെ ഒരു പല്ല് പോയി. സിംഗിൾ സെല്ലായിരുന്ന കൂറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട് ക്രൂര മർദ്ദനത്തിന് ഇരയായി. മുഖത്ത് അടികൊണ്ട് കണ്ണടപൊട്ടി. കണ്ണാടച്ചില്ലുകൾ കണ്ണിൽ തറയ്ക്കുകയും ഗുരുതര പരിക്ക് കാരണം അദ്ദേഹത്തെ ചികിത്സയ്ക്ക് വെല്ലൂർ ജയിലിലേക്ക മാറ്റുകയും ചെയ്തു. ജയിലിൽ ക്രൂരമർദ്ദനം കോളിളക്കം സൃഷ്ടിച്ചു. തടവുകാർ ഒന്നടങ്കം ഭക്ഷണവും ചികിത്സയും ബഹിഷ്കരിച്ചു. ജയിലിൽ അക്കാലത്ത് രാഷ്ട്രീയ തടവുകാരുടെ പദവിയും സമ്പത്തും നോക്കി ക്ലാസ്സുകളായി തിരിച്ച് ഭിന്നിപ്പിക്കാൻ പരിപാടിയുണ്ടായിരുന്നു. എ.ബി. ക്ലാസ്സുകളിലുള്ള നേതാക്കളും നിരാഹാരത്തിലായിരുന്നു. അവർ വന്നു കണ്ടാലല്ലാതെ സമരം പിൻവലിക്കില്ലെന്ന് സി ക്ലാസ്സ് തടവുകാർ ശഠിച്ചു. എ ക്ലാസ്സിൽ കഴിയുന്ന ആന്ധ്രകേസരി ടി പ്രകാശത്തെ സൂപ്രണ്ട് ചെന്നു കാണുന്നു. അദ്ദേഹത്തെകൂട്ടി സമരക്കാരെ ചെന്നുകാണുകയും ത്രിവർണ്ണ പാതാക ഉയർത്തിയ വാസുദേവ റാവുവിനെ ബന്ധനങ്ങളിൽ നിന്ന് മോചിപ്പിക്കുകയും സമരം അവസാനിപ്പിക്കുകയും ചെയ്തു.

### മൊയ്യാരത്തിന്റെ രക്തസാക്ഷ്യം

കേരളത്തിലെ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിന്റെ നായകരിൽ ഒരാളും കോൺഗ്രസിന്റെ ചരിത്രകാരനുമായ മൊയ്യാരത്ത് ശങ്കരൻ 1948 മെയ് 12ന് കണ്ണൂർ ജയിലിൽ രക്തസാക്ഷിയായി. പോലീസ് മർദ്ദിച്ച് ജീവശവമാക്കി ജയിലിലടക്കുകയും അവിടെവച്ച് മരണപ്പെടുകയും മൃതദേഹം വീട്ടുകാർക്ക് വിട്ടുകൊടുക്കാതെ ജയിലിൽ തന്നെ സംസ്കരിക്കുകയും ചെയ്തു

### കയ്യൂർ സമരവും സെൻട്രൽ ജയിലും

രണ്ട് നൂറ്റാണ്ടുകളോളം ഇന്ത്യയെയും ഇന്ത്യൻ ജനതയെയും ചൂഷണം ചെയ്ത ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരെയും നാടുവാഴിത്തവാഴ്ച്ചക്കെതിരെയും 1941 കയ്യൂരിൽ നടന്ന കർഷക സമരമാണ് കയ്യൂർ സമരം. കയ്യൂർ സമരത്തിന്റെ ഭാഗമായി 61 പ്രതികളാണ് ഉണ്ടായിരുന്നത് ഒന്നാം പ്രതി മഠത്തിൽ അപ്പു, രണ്ടാം പ്രതി വി.വി.കുഞ്ഞമ്പൂ, മൂന്നാം പ്രതി ഇ.കെ.നായനാർ എന്നിങ്ങനെ തുടങ്ങി ചാർജ്ജ് ഷീറ്റിൽ പ്രതിചേർക്കപ്പെട്ടത്. എന്നാൽ ഇ.കെ.നായനാരെ പ്രതി ചേർക്കാൻ പറ്റാത്തതുകൊണ്ട് കേളുനായർ പ്രതി ചേർക്കപ്പെട്ടു. ജയിലിലെ ജീവിതത്തെ കുറിച്ച് 'കയ്യൂർ സമര ചരിത്രം' എന്ന വി.വി.കുഞ്ഞമ്പൂവിന്റെ പുസ്തകത്തിൽ വിവരിക്കുന്നതിങ്ങനെ ശിക്ഷിക്കപ്പെട്ടവരെയെല്ലാം കണ്ണൂർ സെൻട്രൽ ജയിലിൽ ഫെബ്രുവരി 2 ന് തന്നെ കൊണ്ടുവന്നു. വധശിക്ഷയ്ക്ക് വിധിച്ച നാലുപേരെ കണ്ടം സെല്ലിലേക്കും ബാക്കിയുള്ളവരെ ക്വാറന്റൈൻ ബ്ലോക്കിലാണ് പാർപ്പിച്ചത്. ബ്ലോക്കിലേക്ക് മാറ്റുന്നതിന് മുമ്പ് നഗ്നനാക്കി സസൂക്ഷം പരിശോധിക്കുകയും കുത്തിയിരുത്തി എഴുന്നേൽപ്പിക്കുകയും ചെ



റിയ കവാത്തു നടത്തുകയും ചെയ്തിരുന്നു. അന്ന് ജയിൽ പറമ്പ് രണ്ട് തട്ടുകളായിട്ടാണ് ഉണ്ടായിരുന്നത് ഉയർന്ന ഒന്നാമത്തെ തട്ടിൽ ബ്ലോക്കുകളും ആശുപത്രിമുറികളും വിശാല മായ ഒരു മുറി സ്പെഷ്യൽ തടവുകാർക്കോ ഒന്നാം ക്ലാസ്സ് തടവുകാർക്കോ വേണ്ടിയുള്ള താണ്. ക്വാറന്റൈൻ ബ്ലോക്കിലെ ചെറിയ സെല്ലുകളിൽ മൂന്നുപേർ വീതമാണ് താമസിച്ചിരുന്നത് ഒറ്റ ജനൽപ്പാളിപോലും സെല്ലിലില്ല. ഒരു മൂത്ര ചട്ടി സെല്ലിന്റെ മൂലയിലുണ്ടായിരുന്നു. അതിൽ നിന്ന് പുറത്തേക്ക് ഒരു ദ്വാരവും അതുവഴിയാണ് മൂത്രം പുറത്തേക്ക് പോയിരുന്നത്. അതിനാൽ വളരെ ദുർഗന്ധം കാരണം ഉറങ്ങാൻ സാധിക്കാത്ത വിധമായിരുന്നു. നല്ല ശ്വാസത്തിനായി ജയിലിന്റെയും അഴികളിലൂടെ മൂക്കു പുറത്തേക്കിട്ടാണ് ശ്വസിച്ചിരുന്നത്. രാവിലെ ഉച്ചയ്ക്ക് വൈകുന്നേരം എന്നീ മൂന്നു നേരങ്ങളിൽ തടവുകാരെ തുറന്നുവിട്ടിരുന്നു. കക്കൂസിൽ പോകുന്നതിനും രണ്ട് നേരം കുളിക്കുന്നതിനും വേണ്ടിയായിരുന്നു ഇത്. അങ്ങനെ ശരീരത്തിൽ കാറ്റും വെളിച്ചവും തട്ടുന്നത് ഏതാനും മണിക്കൂറുകൾ മാത്രമാണ്. അന്ന് ജയിലിൽ കിട്ടിയിരുന്ന ഭക്ഷണം ജീവൻ നിലനിർത്താൻ ഉതകുന്നവയായിരുന്നു. രാവിലെ കുറച്ച് കഞ്ഞിയും നെല്ലിക്കയോളം വലിപ്പമുള്ള ചമ്മന്തി ഉരുളയും കഞ്ഞി അധികം പേരും കുടിക്കില്ല കുടിച്ചാൽ ഓക്കാനും വരുമായിരുന്നു. 11 മണിക്ക് ചെറിയ പടച്ചോറും ഒരു കറിയും കിട്ടും. കറികളിൽ കഷണങ്ങളേക്കാൾ വെള്ളമായിരുന്നു. കറികളിൽ കഷണങ്ങൾ കിട്ടുന്നത് ഒരു ഭാഗ്യമായി കരുതിയിരുന്നതായി കുഞ്ഞമ്പൂ വിവരിക്കുന്നുണ്ട്. 4.30 ന് വീണ്ടും പടച്ചോറും കറിയും ശേഷം ലോക്കപ്പ് ചെയ്യുകയും ധാരാളം ഉറങ്ങാൻ സമയം ലഭിച്ചിരുന്നതായും പറയുന്നു. മൂട്ട, കൊതുക് തുടങ്ങിയവ വളരെയധികമായിരുന്നു ജയിലുകളിൽ. അങ്ങനെ തടവുകാരുടെ ആരോഗ്യപരമായ പ്രശ്നങ്ങൾ കൂടുതലായിരുന്നു. കൂടാതെ ജയിലിൽ വൈദ്യസഹായം കിട്ടുന്നതിനും പ്രശ്നങ്ങൽ ഉണ്ടായിരുന്നു. ആ കാലഘട്ടത്തിലാണ് രണ്ടാം ലോകമഹായുദ്ധം നടന്നുകൊണ്ടിരിക്കുന്നത്. അതിനാൽ ചൂടുപിടിച്ച ആനുകാലിക സംഭവങ്ങൾ ജയിലിനകത്തറിയുന്നതിന് സാധിക്കുമായിരുന്നില്ല. ഇതിനൊരുപാധിയായി പത്രം വായിക്കുന്നതിനുവേണ്ടി ഒന്നാം ക്ലാസ്സ് തടവുകാരനായി മാറുന്നതിന് കുഞ്ഞമ്പൂ ശ്രമിച്ചു (ഒന്നാം ക്ലാസ്സ് തടവുകാർക്ക് പത്രം വായിക്കാൻ അനുവാദം ഉണ്ടായിരുന്നു) അങ്ങനെ പത്രത്തിൽ നിന്നു ലഭിച്ച വിവരങ്ങൾ സഹതടവുകാർക്ക് കൃത്യമായി വിവരിച്ചുകൊടുക്കുകയും ചെയ്തിരുന്നു. കൂടാതെ ആശുപത്രി ഉദ്യോഗസ്ഥരെയും ഡോക്ടറെയും വരുതിയിലാക്കി കയ്യൂർ സമര സേനാനികൾക്ക് കൃത്യസമയത്ത് ചികിത്സ എത്തിക്കുന്നതിന് ശ്രമിച്ചു. അഞ്ച് മാസത്തിനുശേഷമാണ് മദ്രാസ്സ് ഹൈക്കോടതിയിൽ അപ്പീൽ കൊടുത്തത് റാവു & റെഡ്ഡി എന്ന വക്കീലന്മാരാണ് കയ്യൂർ പ്രതികൾക്ക് വേണ്ടി വാദിച്ചിരുന്നത്. വധശിക്ഷ ജീവപര്യന്തമായി കുറയ്ക്കുന്നതിനായിരുന്നു ശ്രമം. രണ്ടാം ലോകമഹായുദ്ധം ഇന്ത്യൻ രാഷ്ട്രീയമാറ്റം വരുത്തുമെന്നും അവർ പ്രതീക്ഷിച്ചിരുന്നു. ഇതിനിടയിൽ ജോഷി, സുന്ദരയ്യ, കൃഷ്ണപിള്ള എന്നിവർ കയ്യൂർ സമര പ്രവർത്തകരെ സന്ദർശിച്ചു. തൂക്കുമരത്തിൽ കയറുന്നതിന് മുമ്പ് തിളക്കമാർന്ന കണ്ണുകളോട് കൂടിയാണ് അവരെ നാലുപോരേയും കണ്ടെന്ന് വിവരിക്കുന്നു. ജയിൽ സൂപ്രണ്ട് മറ്റു ജയിൽ ഉദ്യോഗസ്ഥരോടും കൂടെയാണ് ഇവരെ കണ്ടത്. അന്ന് വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടവരെയും മറ്റു തടവുകാരെയും സന്ദർശിച്ചതിലൂടെ മനോവീര്യം കൊടുക്കാൻ നേതാക്കൾക്ക് കഴിഞ്ഞു.

ഇവരുടെ ചിത്രം ക്യാമറയിൽ പകർത്താൻ ഉദ്യോഗസ്ഥർ സമ്മതിച്ചില്ല. ആയതിനാൽ കൂടെയുണ്ടായിരുന്ന ഒരു പ്രവർത്തകൻ ഇവരുടെ ഛായാചിത്രം വരച്ചെടുത്തു. 1942 മാർച്ച് 29 ന് കണ്ണൂർ സെൻട്രൽ ജയിലിൽ മതിലുകൾക്കുള്ളിലെ മുദ്രാവാക്യം വിളിയോടുകൂടി ഇവർ കൊലമരത്തിലേക്ക് നടന്നുനീങ്ങി. ചിരുകണ്ഠൻ, കുഞ്ഞമ്പൂ നായർ, മഠത്തിൽ അപ്പു, പള്ളിക്കൽ അബൂബക്കർ എന്നിവർ യഥാർത്ഥ രാജ്യ സ്നേഹികളായി അവർ ജീവിച്ചു എന്ന് ജോഷി അവരെ പറ്റി പറഞ്ഞ വാക്കുകളാണ്. പിൽ കാലത്ത് കയ്യൂർ സ്മാരകം ജയിലിനു മുന്നിൽ സ്ഥാപിക്കപ്പെട്ടു.

### അടിയന്തിരാവസ്ഥ

ഇന്ത്യയിൽ 1972 ൽ ദേശ സുരക്ഷാർത്ഥം ഇന്ദിരാഗാന്ധിയുടെ ഭരണകാലഘട്ടത്തിൽ അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുകയുണ്ടായി. ഇതിനെ തുടർന്ന് ഇന്ത്യൻ ജനതയുടെ മൗലിക അവകാശങ്ങൾ എടുത്തു കളയുകയും തുടർന്ന് പ്രതിക്ഷേധക്കാരെയും നേതാക്കളെയും കാരണം കൂടാതെ തന്നെ അറസ്റ്റ് ചെയ്യുകയും ഉണ്ടായി. ഇതേ അവസ്ഥയിലൂടെയാണ് കേരളവും പോയിക്കൊണ്ടിരുന്നത്. മുഖ്യ പ്രതിപക്ഷ പാർട്ടികൾ എല്ലാവരും ഈ നിയമത്തോട് പ്രതിക്ഷേധിച്ചു. ഇതിനെ തുടർന്ന് അച്ചുതമേനോൻ മന്ത്രി സഭയിലെ പ്രതിപക്ഷ എം.എൽ.എ. മാരടക്കം ഇടതു തീവ്ര ചിന്താഗതിക്കാരായ നക്സൽ വിഭാഗവും ഭാരതീയ ജനതാ പാർട്ടിയുടെ നേതാക്കളടക്കം അറസ്റ്റ് ചെയ്യപ്പെട്ടു. ഇതിന്റെ ഭാഗമായി ഇടതു പക്ഷ നേതാക്കൾ മറ്റു ഇതര സംഘടനാ നേതാക്കൾ ഭാരതീയ ജനതാ പാർട്ടിയുടെ നേതാക്കളടക്കം കണ്ണൂർ സെൻട്രൽ ജയിലിൽ കരുതൽ തങ്കലിലായി.

### സേവ്യറിന്റെ ഗാന്ധിപ്രതിമ

കണ്ണൂർ സെൻട്രൽ ജയിലിൽ കള്ളനോട്ടുകേസുമായി ബന്ധപ്പെട്ട് ശിക്ഷ അനുഭവിച്ചു വന്നിരുന്ന പ്രതിയായിരുന്ന മട്ടാഞ്ചേരിക്കാരനായ ഫ്രാൻസീസ് സേവ്യർ. ഇദ്ദേഹം സെൻട്രൽ ജയിലിനു മുൻവശത്തായി ഇന്നു കാണുന്ന ഗാന്ധി പ്രതിമ ഏതാനും ആഴ്ചകൾകൊണ്ടാണ് നിർമ്മിച്ചെടുത്തത്. 1961 മെയ് 1 ന് അന്നത്തെ ആഭ്യന്തര മന്ത്രി പി.ടി.ചാക്കോ പ്രതിമ അനാച്ഛദനം ചെയ്തു. തന്റെ മഹത്തായ കലാസൃഷ്ടിക്ക് അംഗീകാരം കിട്ടിയ




അതെ ദിവസം അദ്ദേഹം അന്തരിക്കുകയും ചെയ്തു. ഇന്നും ആ ജീനിയസ്സായ കലാകാരനെ കണ്ണൂർ സെൻട്രൽ ജയിൽ സ്മരിക്കുന്നു.

### കറക്ഷണൽ ഹോം

മുൻകാലങ്ങളിൽ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടുകൊണ്ട് ജയിലിനകത്ത് വരുന്നവരെ കുറ്റവാളി എന്നു മുദ്രകുത്തി. അവർ മരണം വരെ ആ പേരിൽ ഒതുങ്ങികൂടുകയും, സമൂഹത്തിൽ ഒറ്റപ്പെട്ട് പൗരത്വ ബോധം മറന്ന് വീണ്ടും കുറ്റകൃത്യങ്ങളുടെ പാതയിലേക്ക് ഇറങ്ങി തിരിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്തിരുന്നു. കൂടാതെ ജയിലുകളെന്നാൽ പീഡന കേന്ദ്രങ്ങളായും അല്ലെങ്കിൽ മനുഷ്യാവകാശം തെല്ലുപോലും നൽകപ്പെടാത്ത ഇടമായും കണ്ടിരുന്ന കാലമുണ്ടായിരുന്നു ആ സമയത്ത് മൃഗങ്ങളെപ്പോലെ ലക്ഷ്യബോധമില്ലാതെ കുറ്റബോധത്തിന്റെയും പാപഭാരങ്ങളിലേറി ജീവിതം കഴിച്ചുകൂട്ടുന്ന ഒരു കൂട്ടം ജീവനുകളാണ് തടവുകാരായി ഉണ്ടായിരുന്നത്. ഇവിടെയാണ് ആധുനിക ജയിലുകളുടെ പ്രസക്തിയേറിവ

രുന്നത്. കുറ്റവാളികളെ ജയിലിലിട്ട് നരകതുല്യം ശിക്ഷിക്കുക എന്ന പഴയ സമവാക്യം മാറ്റിയെഴുതി കുറ്റവാളികളെ അവരുടെ തെറ്റുകൾ തിരുത്താൻ അവസരം നൽകുകയും കൂടാതെ പൗരത്വ ബോധമുള്ള നല്ലൊരു വ്യക്തിത്വത്തിനുടമയാക്കി സമൂഹത്തിൽ പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2010 ൽ കേരള സംസ്ഥാനത്ത് 'കരളാ സ്റ്റേറ്റ് പ്രിസൺ & കറക്ഷണൽ സർവ്വീസ് ആക്ട്' നിലവിൽ വന്നു. ഇതിന്റെ ഭാഗമായി ജയിലിന്റെ മുഖഛായ തന്നെ മാറുകയുണ്ടായി ജയിലുകൾ തെറ്റു തിരുത്തൽ കേന്ദ്രങ്ങളായി മാറി. ഇവിടെ അന്തേവാസികൾക്ക് സൗഹാർദ്ദ പരമായ അന്തരീക്ഷം ഒരുക്കുകയും മനുഷ്യാവകാശത്തിന്റെ വിവിധ തലങ്ങളെ സംരക്ഷിച്ചുകൊണ്ടുതന്നെ വിവിധ പ്രവർത്തനങ്ങളിലൂടെ അന്തേവാസികളുടെ തെറ്റുകൾ തിരുത്തുന്നതിനും സാധിക്കുന്നു. ഒരു അന്തേവാസിയെ ശാസ്ത്രീയമായി പഠിച്ചുകൊണ്ട് (കുറ്റകൃത്യം, മുൻകാല ചരിത്രം, സ്വഭാവം) വിവിധ കൗൺസിലിംഗ് ക്ലാസ്സുകളും, മോട്ടിവേഷൻ ക്ലാസ്സുകൾ, വൊക്കേഷണൽ ട്രൈനിംഗ്, പ്രാഥമിക വിദ്യാഭ്യാസം-ഉന്നത വിദ്യാഭ്യാസ സൗകര്യം നൽകുന്നു. കൂടാതെ മാനസിക പിരിമുറുക്കം ഒഴിവാക്കുന്നതിന് വിനോദ പരിപാടികൾക്കും വായനശീലം വർദ്ധിപ്പിക്കുന്നതിന് മികച്ച ഗ്രന്ഥശാല സൗകര്യവും കൃത്യമായി കുടുംബങ്ങൾക്ക് അന്തേവാസികളുമായി കൂടിക്കാഴ്ചക്കുള്ള സൗകര്യവും പുനരധിവാസ പരിപാടികളും പരോൾ അനുവദിച്ച് നൽകിപോരുന്നു. കൂടാതെ ആധുനിക പരമായ പല പരിവർത്തനങ്ങളും ജയിലുകൾക്കുണ്ടായിട്ടുണ്ട്. മികച്ച വിദ്യാഭ്യാസം നൽകുന്നതിന്റെ ഭാഗമായി കണ്ണൂർ യൂണിവേഴ്സിറ്റി, ഇഗ്നോ യൂണിവേഴ്സിറ്റിയുടെ വിദൂര വിദ്യാഭ്യാസ വിഭാഗത്തിന്റെ പ്രധാനപ്പെട്ട സെന്ററുകൾ തുടങ്ങിയതിലൂടെ മികച്ച ഉന്നത തല വിദ്യാഭ്യാസം അന്തേവാസികൾക്ക് നൽകുവാൻ കഴിഞ്ഞു. കൂടാതെ 15,000 ഓളം പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന ഗ്രന്ഥശാലയും വിവിധ ബ്ലോക്കുകളിൽ നിർമ്മിച്ചിട്ടുള്ള കളിസ്ഥലങ്ങളും, കായിക മാനസിക സംരക്ഷണത്തിന് യോഗ ഹാൾ മികച്ച ചികിത്സ സൗകര്യമുള്ള ആശുപത്രിയും അന്തേവാസികൾക്ക് അത്യാവശ്യം സാധന





ങ്ങൾ വാങ്ങിക്കാവുന്ന ജയിൽ ക്യാന്റീനും ആധുനിക നിലവാരത്തിലുള്ള ഫോൺ സൗകര്യവും, അന്തേവാസികളുടെ കുടുംബാംഗങ്ങളുമായി കണ്ടുസംസാരിക്കുന്നതിന് വീഡിയോ കോളിംഗ് സൗകര്യവും വിവിധ കോടതികളിലേയ്ക്ക് യാത്രാ ഒഴിവാക്കുന്നതും സമയ ബന്ധിതമായി കേസുകൾ നടത്തുന്നതിനും വീഡിയോ കോൺഫറൻസിംഗ് സംവിധാനം തുടങ്ങി നിരവധി മാറ്റങ്ങളാണ് ജയിലിനകത്ത് സൗകര്യങ്ങൾ ഒരുക്കിയിരിക്കുന്നത്. അന്തേവാസികളെ സമൂഹത്തിൽ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ തൊഴിൽ പരിശീലനങ്ങൾ നൽകുകയും ഇതിന്റെ ഭാഗമായി ജയിലിൽ തൊഴിൽ പരിശീലനം വിജയകരമായി പൂർത്തിയാക്കിയ അന്തേവാസികളെ ഉപയോഗപ്പെടുത്തികൊണ്ട് ഫ്രീഡം എന്ന പേരിൽ ഫ്രീഡം ഫാക്ടറിയും ഇവിടെ ചപ്പാത്തി, ബിരിയാണി, ചോക്ളേറ്റ്, ചിക്കൻ വിഭവങ്ങൾ, ചിപ്സ് തുടങ്ങിയവ മിതമായ നിരക്കിൽ പൊതുജനങ്ങളിൽ എത്തിക്കുന്നു. കൂടാതെ ഫ്രീഡം എക്സ്പ്രഷൻ എ്ന്ന പേരിൽ കേരളത്തിലെ ആദ്യത്തെ ജയിൽ ബ്യൂട്ടിപാർലറും, ജയിൽ എക്സ്പീരിയൻസ് എന്ന പേരിൽ ടൈലറിംഗ് & ടെക്സ്റ്റൈൽസും, ലോൺട്രി സൗകര്യവും, ഇന്ത്യൻ ഓയിൽ കോർപ്പറേഷനും-കേരളാ പ്രിസണും സംയുക്തമായി ആരംഭിച്ച പെട്രോൾ പമ്പും, തുടങ്ങാൻ പോകുന്ന കഫറ്റേരിയും തുടങ്ങിയ ജയിൽ സേവന സ്ഥാപനങ്ങളിലൂടെ ജയിലും-അന്തേവാസികളും പൊതു ജനങ്ങൾക്കിടയിലേക്ക് ഇറങ്ങിച്ചെല്ലുന്നതിലൂടെ പൊതുജനങ്ങൾക്ക് ജയിലിനോടും അന്തേവാസികളോടും ഉള്ള മനോഭാവത്തിൽ വ്യത്യാസമുണ്ടാവുകയും സൗഹൃദപരമായ മനോഭാവം ഉടലെടുക്കുകയും ചെയ്യുന്നു. ഇതിലൂടെ കാലാവധി പൂർത്തിയാക്കി സമൂഹത്തിലേക്ക് ഇറങ്ങിച്ചെല്ലുന്ന അന്തേവാസികളെ കുറ്റവാളിയെന്ന് കാണുന്ന കാഴ്ചപ്പാടിൽ മാറ്റമുണ്ടാവുകയും ചെയ്യുന്നു. കൂടാതെ ജയിൽ സാമ്പത്തികമായി ലാഭമുണ്ടാക്കുക എന്നതിലുപരി മികച്ച ഉൽപന്നങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ പൊതു ജനങ്ങൾക്ക് നൽകുകയും ജയിലിൽ നിന്ന് പുറത്തിറങ്ങുന്ന അന്തേവാസികൾക്ക് പുതിയതായി സംരംഭം തുടങ്ങുന്നതിന് പ്രചോദനമാവുകയും ഒരു സംരംഭത്തിന്റെ വ്യത്യസ്ത പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിനും ജയിലിനകത്തുനിന്നു കിട്ടിയ ഇത്തരം അനുഭവങ്ങളിൽ നിന്നും അറിവുകളിൽ നിന്നും സാധിക്കുകയും അവമെച്ചപ്പെടുത്തി നിത്യജീവിതം മുന്നോട്ട് കൊണ്ടുപോകുക എന്നതാണ് കറക്ഷണൽ ഹോമിന്റെ ലക്ഷ്യം.

നൂറ്റിയമ്പത് വർഷം പഴക്കുമുള്ള ജയിൽ മുത്തശ്ശിയുടെ പ്രധാനപ്പെട്ട വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു കാതലായ ചരിത്ര വിവരണം എവിടെയും ലഭ്യമല്ല ആയതിനാൽ തന്നെ വിവരശേഖരണം ബുദ്ധിമുട്ടേറിയ ഒരു കടമ്പതന്നെയായിരുന്നു എന്നിരുന്നാൽ തന്നെ കിട്ടിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഈ എളിയ ചരിത്ര വിവരണം ജയിൽ മുത്തശ്ശിക്ക് സമ്മാനമായി സമർപ്പിക്കുന്നു.

**ബിജു**
സി.നം.: 112/15



മോഹഭംഗരാവുകൾക്ക്
കണ്ണുനീർക്കണങ്ങളാൽ
ആശനൽകി സ്വപ്നമേകി
നാളുകൾ കഴിക്കുവോർ.
ശിഷ്ടകാല ഭാവിതേടി
അഷ്ടിയാം പ്രതീക്ഷകൾ
കോർത്തുവെച്ച് കാത്തിരിക്കും
പ്രാണനെന്ന പോലിവർ.
അന്ധകാര ജീവിതത്തിൽ
നിന്നുയിർപ്പുതേടുവാൻ
മാനസാന്തരത്തിലൂടെ
മാനവനായ് മാറുവാൻ.
രാജകീയമായ് തന്റെ
ജീവിതം കഴിക്കുവാൻ
വാശിയോടെ തൻ കുടുംബ
ഭാവിയൊന്നുയർത്തുവാൻ.
പാപമോചനത്തിനായ്
പാരമേറെ കേഴുവോർ
ആയുസ്സിൻ കടമ്പതാണ്ടി
അഗ്നിയിൽ പതിക്കുവോർ.
തടവറതൻ ഉള്ളിലായി
കൂരിരുൾ തൻ മെത്തയിൽ
പാപഭാരമേറ്റുറങ്ങും
ശോകമോടെയീവിധം.
ആരളന്നു തീർക്കുമീ-
യനന്ത ദുഃഖസാഗരം.
ചുട്ടുപൊള്ളുമഗ്നി കുണ്ഡം
ആരിനി കെടുത്തുവാൻ.
പുത്തനാമൊരേശുദേവ
നെത്തിടുമോ, തിൻമതൻ
കുത്തഴിഞ്ഞ ജീവിതത്തി-
നപ്പുറത്തെ നൻമയായ്.
പൊൻകിനാവിൻ ജീവിതത്തെ-
യാകമാനം വിട്ടകന്ന്
സ്വർഗവാതിൽ തേടിടുന്ന
പാരതന്ത്ര്യ ജീവനും.
കഷ്ടമേറെ ഹൃത്തിലേറ്റി
കാത്തിരിക്കുമെങ്കിലും,
നൻമയിൽ നിറഞ്ഞ ജീവിതം
കൊതിക്കുമെങ്കിലും.
പാതകത്തിൽ ശിക്ഷയേറ്റ
പാപികളെന്നാകിലും
പവിത്രമാം കുടുംബമിന്നു-
മവരെ കാത്തിരിക്കിലും.
കാവലോടെ ഈശ്വരനീ-
കദനമില്ലാതാക്കുമോ.

**രാഘവൻ.പി**
യു.ടി. 161/20

# ഒരു കൊതുകിന്റെ പരിദേവനം

കൊതുകുകൾ നമ്മുടെ സഹജീവികളായിതീർന്നിട്ട് വർഷങ്ങൾ കഴിഞ്ഞുവെങ്കിലും മനുഷ്യവർഗത്തിന്റെ ശത്രുക്കളായിട്ടാണ് നാം കണക്കാക്കിയിട്ടുള്ളത്.

ഒരു കൊതുകിന്റെ പരിദേവനം കേട്ടുനോക്കു.. എന്നാലറിയാം അവർ എത്രത്തോളം വേദന സഹിക്കുന്നുണ്ടെന്ന്.

'ഞാൻ ഒരു കൊതുക് മുഖ്യൻ... എനിക്ക് പറയാനുള്ളത് കേൾക്കൂ...'

സമൂഹത്തിൽ ഒരു സ്ഥാനവുമില്ലാത്തവരാണ് ഞങ്ങൾ. മനുഷ്യൻ അവരുടെ ശത്രുക്കളായിട്ടാണ് ഞങ്ങളെ കാണുന്നത്. ഞങ്ങളെ കാണുമ്പോൾ അടിച്ചു കൊല്ലുകയാണ് മനുഷ്യർ ചെയ്യാറ്. ഇതിനു മാത്രം ഞങ്ങളെന്താണ് ചെയ്യുന്നത്. വായ കീറിയവർ അന്നം തരണം എന്നല്ലെ പ്രമാണം. ഞങ്ങളുടെ വായ കീറിയത് മനുഷ്യരാണ്. ടൗണിന്റെ പല ഭാഗങ്ങളിലും അഴുക്ക് ജലം കെട്ടികിടക്കുന്നതുകൊണ്ടാണ് ഞങ്ങൾ പെരുകുന്നത്. ഞങ്ങൾക്ക് ജന്മം നൽകിയവർ അന്നം തരണമെന്നുമാത്രമേ ഞങ്ങൾ പറയുന്നുള്ളു. ഞങ്ങൾ മനുഷ്യശരീരത്തിൽ നിന്ന് അൽപ്പം രക്തം കുടിക്കുന്നു. അതിനാണ് ഞങ്ങളുടെ ജീവനെടുക്കുന്നത്. ഞങ്ങൾക്ക് ഒരു ട്രേഡ് യൂണിയനില്ലാത്തതുകൊണ്ട് ഇതൊക്കെ അവതരിപ്പിക്കുവാൻ ഒരു വേദിയില്ല. മനുഷ്യർക്ക് എല്ലാ വിഭാഗത്തിനും ട്രേഡ് യൂണിയനുണ്ട്. അതിനാൽ അവർക്ക് പറയാൻ ആളുണ്ട്. മനുഷ്യൻ ഉറങ്ങുന്ന സമയത്ത് കടിച്ചു രക്തമെടുക്കാമെന്നു വിചാരിച്ചാൽ അതുമിപ്പോൾ അസാധ്യമാണ്. ചിലർ കൊതുകുവലയിട്ട് മൂടി മീൻ വലയിൽ കുടുങ്ങിയതുപോലെയാണ് ഉറങ്ങുന്നത്. ഒരു തരത്തിലും അതിനകത്ത് കയറിപ്പറ്റാനാവില്ല. പിന്നെ മറ്റു ചിലർ മാരകമായ കൊതുകുതിരി കത്തിക്കുന്നത് കാരണം ഞങ്ങളുടെ ജീവന് ഭീഷണിയാകുന്നതിനാൽ ആ ഭാഗത്തേക്ക് പോകാൻ പറ്റില്ല. അങ്ങനെ പണമുണ്ടാക്കുന്ന ചില കമ്പനികൾ നിലവിലുണ്ട്. ചിലത് വളരെയധികം അപകടകാരികളാണ്. മനുഷ്യർക്ക്തന്നെ ദോഷം വരുമെന്നത് ആരും ഓർക്കുന്നില്ല. മനുഷ്യർക്ക് രോഗങ്ങൾ വരുന്നത് ഞങ്ങൾ കാരണമല്ല. എവിടെ നിന്നോ രോഗം കൊണ്ടുവന്ന് റൂമിൽ കിടക്കുന്ന സമയത്ത് ഞങ്ങൾ അവരെ കടിക്കുമ്പോഴാണ് ഞങ്ങൾക്ക് രോഗം വരുന്നത്. ആ ഞങ്ങൾ മറ്റുള്ളവരെ കടിക്കുമ്പോൾ അവർക്ക് രോഗം പകരുന്നു എന്നത് ശരിയാണ്. ഞങ്ങളുടെ തലസ്ഥാനം കൊച്ചിയാണ്. അവിടെയാണ് ഞങ്ങളുടെ അംഗസംഖ്യ കൂടുതൽ. ഇവിടടെ കൊച്ചു കുഞ്ഞുങ്ങൾ വരെ വലയ്ക്കുള്ളിലാണ് ഉറക്കം. പിന്നെ ഒരു കാര്യം പറയട്ടെ, വെജിറ്റേറിയനായി ജീവിച്ചു കളയാമെന്നുവെച്ചാൽ മനുഷ്യൻ അതിനും സമ്മതിക്കില്ല. എല്ലാ



ചെടിപ്പടർപ്പുകളും അവൻ നശിപ്പിക്കുന്നു. അതും പുതിയ തരം മെഷീൻ കൊണ്ടുവന്ന് പണി എളുപ്പമാക്കി.

കാലം അധികം വൈകിയിട്ടില്ല. ഒരു ട്രേഡ് യൂണിയൻ അത്യാവശ്യമാണ്. എനിക്ക് ഒരു അധികാരസ്ഥാനവും വേണ്ട. നമ്മുടെ പിൻഗാമികളായി വരുന്നവർക്ക് സ്ഥാനമാനങ്ങൾ കൊടുക്കാം. ഇവിടെ സ്ഥാനമാനങ്ങൾക്ക് വേണ്ടിമാത്രം നേതൃത്വം പോലുംവിട്ട് പുതിയ രാഷ്ട്രീയപാർട്ടികൾ ഉണ്ടാക്കുന്നത് നാം കാണുന്നു. അതിനാലാണ് പിളർപ്പിന് സാധ്യതയില്ലാത്തവിധം ഒരു ട്രേഡ് യൂണിയൻ ആവശ്യമായി വന്നിരിക്കുന്നത്. കരയുന്ന കുട്ടിക്കേ പാലൊള്ളു എന്നല്ലേ . എന്നാൽ എല്ലായിടത്തുമുള്ള കൊതുകുവർഗ്ഗം ഒരു കുടക്കീഴിൽ അണിനിരന്ന് ഒറ്റക്കെട്ടായി ശ്രമിച്ചാൽ ഇതൊക്ക സാധിക്കാവുന്നതേ ഒള്ളു.

മനുഷ്യർ രക്തം കൂടുതലായിട്ട് രക്തദാനം ഇടയ്ക്കിടയ്ക്ക് നടത്തുന്നത് കാണുന്നുണ്ട്. വൻകിട ഹോസ്പിറ്റലുകളിൽ അതിനായി കൗണ്ടറുകൾ ഉണ്ട്. രക്തബാങ്ക് എന്നാണ് അതിന് പേരിട്ടിരിക്കുന്നത്. എന്നാലും ഞങ്ങളെ പോലുള്ളവർക്ക് അൽപ്പം രക്തം നൽകില്ല.

**കുഞ്ചു പി.സി.**
സി.നം. 694/18

# പ്രിയേ നിനക്കായ്



പ്രിയേ നിനക്കായ് പാടട്ടെ ഞാൻ
പ്രിയേ നമുക്കായ് പാടട്ടെ ഞാൻ
ദു:ഖസ്മൃതികളാം ഗദ്ഗദങ്ങൾ
നീയെത്ര സുന്ദരി പ്രിയ നന്ദിനി
നീലത്താമര മിഴിയാലുഴിയുന്ന സുരസുന്ദരി
കരളിലൊരായിരം മോഹങ്ങളു-
ണ്ടെന്റെ പ്രിയേ നിനക്കായ് പാടാൻ
പ്രിയേ നമുക്കായ് പാടാൻ
ഞാനെൻ മനസ്സിൻ ചെപ്പിനുള്ളിൽ
പതിവായ് നിനക്കൊരു കുറി വരച്ചു
പറയുവാനുണ്ടെനിക്കായിരം മോഹങ്ങൾ
തമ്മിലാരാദ്യം പറയുംപ്രിയേ
മിഴിനീരു കൊണ്ടൊരു
തർപ്പണം ചെയ്യുവാൻ
എത്ര മോഹിച്ചു ഞാൻ എൻപ്രിയതേ
ഒരു നിറമൗനത്തിൽ
എല്ലാമൊതുക്കി ഞാൻ
ഇനിയെത്ര കാലം നടന്നിടേണം
യാത്ര ചോദിക്കുന്നു ഞാൻ
തിരികെ വിളിക്കുമെന്നാശിച്ചു പോയി ഞാൻ
ഒരു മാത്ര വെറുതെ തിരിഞ്ഞു നോക്കി
വരുമോ ഒരു മാത്ര വെറുതെ നീ ഇതുവഴി
ഒന്നും മിണ്ടിയില്ലെങ്കിലും പ്രിയസഖീ
ഒന്ന് കാണുവാൻ വേണ്ടി മാത്രം
ജീവിതം തീരുന്നതിൻ മുമ്പ് ഒരുമാത്ര മാത്രം
വൈകാതെയെത്തുമോ പുതുജീവിതം.

**സാബു. എൽ.ആർ**
ഫാർമസിസ്റ്റ് ഗ്രേഡ്-1
സെൻട്രൽ ജയിൽ ആന്റ്
കറക്ഷണൽ ഹോം,
ഹോസ്പിറ്റൽ, കണ്ണൂർ

# മരുന്നുകളുടെ ശരിയായ ഉപയോഗരീതിയും കഴിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളും

* 1 വീതം 3 നേരം എന്നാൽ 8 മണിക്കൂർ ഇടവിട്ട്.

1 വീതം 2 നേരം എന്നാൽ 12 മണിക്കൂർ ഇടവിട്ട്.

1 വീതം 4 നേരം എന്നാൽ 6 മണിക്കൂർ ഇടവിട്ട്.

* ഭക്ഷണത്തിന് മുമ്പ് എന്നാൽ ഭക്ഷണത്തിന് അര മണിക്കൂർ മുമ്പ് കഴിക്കുക അഥവാ മറന്നു പോയാൽ ഭക്ഷണം കഴിച്ച് 2 മണിക്കൂറിന് ശേഷം കഴിക്കുക.

* ഭക്ഷണത്തിന് ശേഷം എന്നാൽ ഭക്ഷണം കഴിച്ച് ഉടൻ കഴിക്കുക.

* ഭക്ഷണത്തിന്റെ ഒപ്പം കഴിക്കേണ്ട ഗുളികകൾ, കുറച്ച് ഭക്ഷണം കഴിച്ച ശേഷം ഗുളിക കഴിക്കുക അതിനു ശേഷം ബാക്കി ഭക്ഷണം കഴിക്കുക.

* ചവച്ചു കഴിക്കേണ്ട ഗുളികകൾ നന്നായി വായിലിട്ട് ചവച്ചരച്ചതിന് ശേഷം മാത്രം കുറച്ച് വെള്ളം കുടിക്കുക.

* ഗുളികകൾ കഴിക്കുമ്പോൾ ധാരാളം വെ





ളളം കുടിക്കുക. ചൂടുള്ളതോ അധികം തണുപ്പുള്ളതോ ആയ വെള്ളം മരുന്നുകൾക്കൊപ്പം കഴിക്കുവാൻ പാടില്ല.

* ഏത് മരുന്നു കഴിക്കുമ്പോഴും തിളപ്പിച്ചാറിയ വെള്ളം മാത്രം ഉപയോഗിക്കുക. ചായ, പാൽ, ജ്യൂസ്, കഞ്ഞിവെള്ളം, മററു പാനീയങ്ങൾ എന്നിവ ഉപയോഗിച്ച് ഗുളിക കഴിക്കുകയാണെങ്കിൽ മററു പ്രതിപ്രവർത്തനങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്.

* കുപ്പിയിൽ ഉള്ള മരുന്നുകൾ നന്നായി കുലുക്കിയതിന് ശേഷം മാത്രം കുടിക്കുക.

* പൊടി മരുന്നുകൾ കലക്കുമ്പോൾ ആദ്യം കുറച്ച് തിളപ്പിച്ചാറിയ വെള്ളം കുപ്പിയിൽ ഒഴിച്ചു നന്നായി കുലുക്കിയശേഷം കുപ്പിയിൽ കാണുന്ന ലേബലിൽ/ മാർക്കിൽ വരെ വെള്ളം നിറക്കുക. ഇങ്ങനെയുള്ള മരുന്നുകൾ നിശ്ചിത ദിവസത്തിനകം ഉപയോഗിക്കേണ്ടവയാണ്, ആയതിനാൽ ബാക്കി വരുന്ന മരുന്നുകൾ സൂക്ഷിച്ച് വച്ച് പിന്നീട് ഉപയോഗിക്കാൻ പാടുള്ളതല്ല

* ആന്റിബയോട്ടിക് മരുന്നുകൾ അസുഖം കുറഞ്ഞാലും നിശ്ചിത കാലാവധി വരെ ഉപയോഗിക്കേണ്ടതാണ്.

* 1 ടീസ്പൂൺ എന്നാൽ 5 മില്ലി

  1 ടേബിൾ സ്പൂൺ എന്നാൽ 15 മില്ലി

  1 ഔൺസ് എന്നാൽ 30 മില്ലി

* ഓ.ആർ.എസ് പൊടി ഒരു ലിറ്റർ (5 ഗ്ലാസ്) തിളപ്പിച്ചാറിയ വെള്ളത്തിൽ ഒരുമിച്ച് കലക്കിയതിനുശേഷം കുറേശയായി ഇടവിട്ട് കുടിക്കുക. കലക്കിയ ഓ.ആർ.എസ് ലായനി 24 മണിക്കൂർ കഴിഞ്ഞാൽ ഉപയോഗിക്കാൻ പാടുള്ളതല്ല.

* പ്രമേഹം, പ്രഷർ, കൊളസ്ട്രോൾ തുടങ്ങിയ ജീവിതശൈലി രോഗങ്ങൾക്ക് മരുന്ന് കഴിക്കുന്നവർ എല്ലാ ദിവസവും കൃത്യസമയത്ത് തന്നെ മരുന്ന് കഴിക്കേണ്ടതാണ്.

* വേദന സംഹാരികൾ ഭക്ഷണശേഷം മാത്രം കഴിക്കുക. അൾസർ, ആസ്മ, സിറോസിസ് തുടങ്ങിയ അസുഖമുള്ളവർ ഡോക്ടറുടെ നിർദ്ദേശമില്ലാതെ ഗുളികകൾ കഴിക്കരുത്.

* കണ്ണ്, മൂക്ക്, ചെവി എന്നീ അവയവങ്ങളിൽ ഒഴിക്കാനുള്ള തുള്ളി മരുന്ന് ഒഴിക്കുമ്പോൾ കുപ്പിയുടെ മരുന്ന് വരുന്ന ഭാഗം ശരീരത്തിൽ തൊടാതെ ഒഴിക്കേണ്ടതാണ്.

* കണ്ണിൽ ഒഴിക്കേണ്ട മരുന്നുകൾ ഒരു ബോട്ടിൽ തുറന്നാൽ ഒരു മാസത്തിൽ കൂടുതൽ ഉപയോഗിക്കാൻ പാടില്ല.

* മരുന്നുകൾ ഉപയോഗിക്കുമ്പോൾ ഏതെങ്കിലും വിധത്തിലുള്ള അലർജി, അസ്വസ്ഥത അനുഭവപ്പെട്ടാൽ മരുന്നിന്റെ ഉപയോഗം നിർത്തി എത്രയും വേഗം ഡോക്ടറെ സമീപിക്കുക.

* മരുന്നുകൾ കൃത്യമായ ഇടവേളകളിൽ കഴിക്കണം. കൃത്യമായ മരുന്നുപയോഗം രോഗശമനത്തിന് അത്യന്താപേക്ഷിതമാണ്.തെറ്റിയുള്ള ഉപയോഗം ഗുരുതരമായ ദോഷങ്ങൾ ഉണ്ടാക്കിയേക്കാം.

* മരുന്ന് രോഗമുള്ളവർക്ക് മാത്രം ഉപയോഗിക്കുന്നതിനാണ്. സ്വയം ചികിത്സ പല അസുഖങ്ങൾക്കും കാരണമായേക്കാം.

* മരുന്നുകൾ വിലപ്പെട്ടതാണ്. ഉപയോഗിക്കുന്നതും സൂക്ഷിക്കുന്നതും ശരിയായ രീതിയിൽ അല്ലെങ്കിൽ അവ ഉപയോഗശൂന്യമായേക്കാം.

മരുന്നുമായി ബന്ധപ്പെട്ട സംശയങ്ങൾ ഫാർമസിസ്റ്റിനോട് ചോദിച്ചു മനസ്സിലാക്കുക.



**ബിജു**
സി.നം. 112/15

# തടവറയിൽ നിന്ന്

മനുഷ്യ ജീവിതം തന്നെ ഒരു പ്രഹേളികയാണ് എന്ന ദാർശനികതത്വം വെളിവാക്കുന്ന ഒരിടമാണ് തടവറ. എന്നാൽ എങ്ങനെ തടവറയിൽ എത്തിപ്പെട്ടു എന്നും, എങ്ങനെയാണ് തടവറയിലെ ജീവിത സാഹചര്യങ്ങൾ എന്നും, എങ്ങനെ തടവറയിൽ നിന്നും സാധാരണ ജീവിതത്തിലേക്ക് പുനഃപ്രവേശനം നടത്താം എന്നും ചിന്തിക്കുന്ന ഒരാൾ ആണ് യഥാർത്ഥ മാനുഷിക മൂല്യങ്ങൾക്ക് ആധാരമായുള്ളയാൾ. മനുഷ്യൻ, എന്നോ എപ്പോഴോ തന്റെ സഹജസ്വഭാവത്താൽ ഏതോ ഒരു തെറ്റിന് വശംവദനായി തടവറയിൽ എത്തിപ്പെടുന്നു. ഈ തടവറ ജീവിതം തന്റെ സാധാരണ കുടുംബത്തിലും, പശ്ചാത്തലത്തിലും, വരുത്തുന്ന ദുരന്തം അവന്റെ വ്യക്തിത്വം തന്നെ മാറ്റി മറിക്കപ്പെടുന്നു. നൈമിഷികമായ വികാര പ്രേരണയാൽ ചെയ്ത തെറ്റിന് നീതിപീഠങ്ങൾ നൽകുന്ന ശിക്ഷ അവന്റെ അതുവരെയുള്ള എല്ലാ ഗുണവിശേഷങ്ങളും ഇല്ലായ്മ ചെയ്യുന്നു. അവിടേ നിന്നും താൻ അനുഭവിക്കുന്ന അനാഥാവസ്ഥ മാറി തിരികെ സമൂഹത്തിലേക്കെത്താൻ അവനെ പ്രാപ്തനാക്കുന്ന രീതി വ്യവസ്ഥയാണ് യഥാർത്ഥത്തിൽ ഒരു അന്തേവാസിയെ പുനഃർവിചിന്തനത്തിന് പ്രേരിപ്പിക്കുന്നത്.

താനിതുവരെ അനുഭവിച്ചു വന്നിരുന്ന സുഖസൗകര്യങ്ങളും,കുടുംബത്തിന്റെ പരിലാളനങ്ങളും,സാമൂഹ്യ സുരക്ഷയുമെല്ലാം ഒരൊറ്റ നിമിഷം കൊണ്ട് തകിടം മറിയുകയും, കുറ്റവാളിയെന്ന ദുഷ്പരിവേഷത്താൽ അവൻ ദുരന്ത നായകനാവുകയും, നിരാശ്രയനും, നിസ്സഹായകനുമായി അനാഥത്വത്തിന്റെ പടുകുഴിയിലേക്ക് പതിക്കുകയും ചെയ്യുന്നു. ആ നിമിഷം മുതൽ താൻ വെറുക്കപ്പെട്ടവനാണ് എന്ന തോന്നലിൽ തുടർ ജീവിതം നയിക്കുന്ന അയാൾക്ക് പിന്നീട് ആശ്രയമേകുന്നതും, ആശ്വാസമേകുന്നതും സഹ അന്തേവാസികളാണ്. അവരും സമാന രീതിയിൽ

ഈ തടങ്കൽ പാളയത്തിൽ കടന്നുവന്നതാകാമെങ്കിലും, തങ്ങളിൽ ഒരുവനായി പുതിയ അന്തേവാസിയെ പരിഗണിക്കുന്നതോടെ പുതുതായി വന്നയാൾ മാറ്റത്തിന്റെ പാതയിലേക്കെത്തുന്നു.

സമൂഹം ക്രൂരമായാണ് കുറ്റവാളിയെ കാണുന്നത് എങ്കിലും, ചെയ്ത ദുഷ്പ്രവൃത്തിയുടെ കുറ്റബോധത്താൽ നീറുന്ന അവൻ സമൂഹത്തിലേക്ക് തിരിച്ചു പോകാൻ ആഗ്രഹിക്കുന്ന ആളെന്ന നിലയിൽ നെഞ്ച് വിങ്ങുന്ന വേദനയാണ് അയാൾ അനുഭവിക്കുന്നത്. മാധ്യമങ്ങളുടെ ജാരവാർത്തകളോ,അതിന് ബലം നൽകുന്ന സാക്ഷികളുടെ മൊഴികളോ, സാഹചര്യ തെളിവുകളോ ഒന്നും അവന്റെ മാനസിക നിലയിലെ വ്യതിയാനങ്ങൾക്ക് അനുഭവ വേദ്യമാകുന്നില്ല. എപ്പോഴും അവന് താങ്ങും തണലുമായി നിന്ന കുടുംബാന്തരീക്ഷം നഷ്ടപ്പെട്ടതും, നിരാശ്രരായി കഴിയുന്ന തന്റെ കുടുംബത്തെ രക്ഷിക്കാൻ കഴിയുന്നില്ലല്ലോ എന്ന ഖേദവും അവനെ മാനസികമായി തളർത്തുന്നു.എന്നാൽ പതിയെപ്പതിയെ തടവറ ജീവിതത്തോട് പൊരുത്തപ്പെട്ടുവരുന്ന അന്തേവാസികൾക്ക് സുമനസ്സുകളായ ജയിൽ അധികൃതരുടെ സേവനങ്ങളും സദുപദേശങ്ങളും ഏറെ തുണയാവുന്നു. ഒരു കണക്കിൽ അധികൃതരുടെ ഈ സ്നേഹ സമീപനങ്ങളാണ് പുനഃർജീവിതമെന്ന അന്തേവാസികളുടെ ആശയത്തിന് അടിത്തറയാകുന്നത്.


ജയിലുകളെന്ന പുരാതന സങ്കൽപ്പം പീഢന പർവ്വങ്ങളുടെ കൂടാരമായിരുന്നുവെങ്കിൽ ഇന്ന് തടവറയെന്നത് പ്രത്യാശയുടെ ആധുനിക യാഥർത്ഥ്യമാണ്. ഇതിന് ഓരോ കാലങ്ങളിലും മാറി മാറി വന്ന ഭരണകൂടങ്ങളും സഹായകമായിട്ടുണ്ട്. ബ്രിട്ടീഷുകാർ ഭരിച്ചിരുന്ന കാലങ്ങളിൽ തടവറയെന്നത് അന്തേവാസികളുടെ കല്ലറയായിരുന്നു. എന്നാൽ അത് ഭാരതം സ്വതന്ത്രമായി പിന്നീട് വന്ന സർക്കാരുകൾ ആ അവസ്ഥകളെപ്പറ്റി കാര്യക്ഷമമായി അപഗ്രഥനം നടത്തുകയും പരിഷ്ക്കാര നിർദ്ദേശങ്ങൾ ആവിഷ്കരിക്കുകയും ചെയ്തു.തുടർന്നിങ്ങോട്ട് അന്തേവാസികളെ സ്നേഹിക്കാനും,അവർ ചെയ്ത തെറ്റുകളെ മാത്രം വെറുക്കാനും സമൂഹത്തെ ഉത്ബുദ്ധരാക്കുന്ന സർക്കാരുകളുടെ നയപ്രഖ്യാപനങ്ങളും ആനുകാലിക പ്രാധാന്യമുള്ള നടപടികളും ഏറെ പ്രശംസനീയമാണ്.

നീതി, ന്യായ, വിഭ്രമങ്ങളാൽ തടവറയുടെ ഉള്ളിലേക്ക് പ്രവേശിപ്പിക്കപ്പെടുന്ന അന്തേവാസിയെ ആ മാനസ്സിക നിലയിൽ നിന്നും ഉത്കൃഷ്ട ചിന്താഗതികളുടെ വക്താക്കളാക്കാൻ പ്രാപ്തരാക്കുന്ന ഇടമാണ് ആധുനിക ജയിലുകൾ. ദുഷ്ചിന്തകൾക്ക് ഇടം നൽകാതെ ജോലികളിലൂടെയും-ഓരോരുത്തരുടെയും ആരോഗ്യ മാനസിക നിലകൾക്ക് അനുസരിച്ച് മറ്റ് ഇതര കലാ,കായിക പരിശീലനങ്ങളിലൂടെയും,മോചിതരാകുന്ന അന്തേവാസികൾക്ക് പുറത്തിറങ്ങിയാൽ ഒരുപക്ഷേ ആരും ആശ്രയത്തിനില്ലാതെ വന്നാൽ പോലും തൊഴിലെടുത്ത് ജീവിക്കാവുന്ന അവസരം പോലും സംജാതമാക്കുന്നതാണ് ഇന്നത്തെ തടവറയിലെ സംവിധാനങ്ങളും,സമീപനങ്ങളും.ഏറിയ പങ്കും ആളുകൾ മോചനം കൊതിക്കുന്നവരെങ്കിലും,വിരളമായ പക്ഷം ആളുകൾക്ക് അതിന് കഴിയാതെ വരുന്നു.കാരണം അത് തടവറയുടെ കുഴപ്പമല്ല.സമൂഹവും,കുടുബവും അവരെ സ്വീകരിക്കുമോ എന്ന ഉത്കണ്ഠയാണ്. അത്തരം പ്രവണതകളിൽ നിന്നു പോലും അന്തേവാസികളെ ഉൻമേഷവാൻമാരാക്കി നിലനിർത്താൻ കഴിയുന്നതാണ് ഇന്നത്തെ ജയിലുകൾ എന്ന സങ്കൽപ്പം.

ദുരന്ത സാഗരത്തിൽ നിന്നും ഭാഗ്യ തീരത്തേക്ക് നീന്തിയടുക്കാൻ അക്ഷീണം പ്രയത്നിക്കുന്ന അന്തേവാസികളെ സ്വീകരിക്കാൻ സാമൂഹ്യ വ്യവസ്ഥയെന്ന മാനവ പരിച്ഛേദത്തിനും അതിന്റേതായ ധർമ്മമുണ്ട്.ആ സ്നേഹ സമാനമായ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിന് സാമൂഹ്യ വ്യവസ്ഥയ്ക്കും,കുറ്റങ്ങളെ മാത്രം വെറുക്കാനും,കുറ്റം ചെയ്തവരെ കൈക്കൊള്ളാനും സമൂഹ മനസ്സാക്ഷിക്ക് സാധിക്കണം.ഇനിയൊരു തെറ്റിലകപ്പെടാതെ സ്വസ്ഥവും,കുടുംബക്ഷേമപരവും ആയ ജീവിതത്തിന് നെടുനായകത്വം വഹിക്കാൻ, ജയിലിൽ നിന്നും മോചിതരാക്കാൻ - മഴയെ മോഹിക്കുന്ന വേഴാമ്പലിനെപ്പോലെ - അന്തേവാസികൾക്ക് കഴിയട്ടെ എന്നും, പ്രതിബന്ധങ്ങളുടെ അബ്ധിയിൽ നിന്നും പ്രതീക്ഷയുടെ മുനമ്പിൽ എത്താൻ അവർക്ക് താങ്ങും തണലും ആകേണ്ടത് ഈ പരിഷ്കൃത സമൂഹം തന്നെയാണ് എന്നും ഓർമ്മപ്പെടുത്തുന്നു.

**രാജൻ**
സി.നം. 77/2020

# Eternal Light



Mood of difference
And attitude black and white.
Have i see around
Where,can't see the spot of love.
There eternal brother hood faded
Selfishness ruled their path
Their way guided by je lousy
Voice not from the heart
But rather existance
The darkness of prison
Gazing hlee devil
Creating enemyes of moudting
but not the friends of expectation
Nagativism thes around
Every where above the heads
And near the eyes and ears,
Even the smiling face
Flashes the rays of agony.
There crushes the blosom of life
But still a spark ,
There waiting for me,
The light of hope...
The eternal light of life.

**സദാശിവൻ**
സി.നം. 701/18

# വിധിയുടെ ക്രൂരത



ഇനി എത്ര കാലം കഴിഞ്ഞിടേണം
ഈ ഏകാന്ത ജീവിത പന്ഥാവിൽ
എന്നിനിക്കാണും നാം
ലോകരെയൊക്കെയും
എന്നുള്ളിലാശകൾ കൊഴിഞ്ഞിടുന്നു
ജീവിച്ചുതീർത്തൊരജയ്യനായി
അന്തവും കുന്തവുമില്ലാത്തനാളുകൾ
ആശയറ്റുള്ളൊരു ജീവിതമാറാപ്പ്-
പേറുന്നു വീണ്ടും ഞാനേകനായി
ലാളിച്ചു തീർന്നില്ലാ സ്നേഹിച്ചു തീർന്നില്ലാ
കൊതിതീരുവോളവും കണ്ടതില്ല
വിധിയുടെ രാവണക്കോട്ടയിൽപെട്ടുപോയ്
രാഹുവും കേതുവും കാവലാളായ്
അഗ്രഹാരത്തിലെയിരുട്ടറയ്ക്കുള്ളിൽ
വെളിച്ചമില്ലാതെയടഞ്ഞിരിപ്പൂ
ജീവന്റെ നാളങ്ങളുള്ളിടത്തോളം
ജീവിച്ചിടേണം വരുന്നകാലത്തിനായ്
പുഞ്ചിരി കാണുവാൻ ആശിച്ചിടുന്നു ഞാൻ
എന്നാത്മ സഖി തൻ ചൊടിയിണയിൽ
ഒരുവാക്കുപറയുവാൻ കഴിയാതെപോയൊരു
നിമിഷത്തെയെന്നും പഴിച്ചിടുന്നു
വിധിതൻ ക്രൂരതയിന്നുമെൻ ജീവനിൽ
മാറാല പോലെ തെളിഞ്ഞു നിൽപ്പൂ.

ഹാഫിസ് .പി
എസ്.06, എ.പി.ഒ.ടി. 2



## ഹാഷ് ടാഗ്

ചാനലുകളിലെ അന്തിച്ചർച്ചകളിൽ സ്ത്രീ അമ്മയാണ്, പെങ്ങളാണ്, മകളാണ് എന്നെല്ലാം ഘോരഘോരം പ്രസംഗിച്ചും, കേവലം ലൈക്കിനും ഷെയറിനും വേണ്ടി ഹാഷ്ടാഗുകളിൽ ഇരയോടൊപ്പം എന്നെല്ലാം പോസ്റ്റു ചെയ്തവൻ തന്നെയാണത്രേ അയൽക്കാരന്റെ പതിമൂന്നു വയസ്സുകാരിയായ മകളെ സ്ഥാനമാനങ്ങൾക്കു വേണ്ടി കൂട്ടിക്കൊടുത്തു ഗർഭിണിയാക്കിയത്.

## സ്വിഗ്ഗി

മൊബൈൽ എടുത്ത് സ്വിഗ്ഗി ആപ്പ് തുറന്ന് റൈസ് സൂപ്പും (പഴങ്കഞ്ഞി) യൂക്കാറെലിഷും (കപ്പപ്പുഴുക്ക്) ഓർഡർ ചെയ്തു വരുത്തി കഴിക്കുന്നതിനിടെ മേശപ്പുറത്തിരിക്കുന്ന ആപ്പിളിന്റെ ലാപ്പ് ടോപ്പിൽ ടിറ്ററെടുത്ത് അയാൾ ഒരു ട്വീറ്റ് ഇട്ടു കർഷകർ കൃഷി ചെയ്യാതെ സമരം ചെയ്താൽ നമുക്കെന്താ? സ്വിഗ്ഗിയുണ്ടല്ലോ !

## മൗലികാവകാശം


കർഷകപ്രതിഷേധറാലിക്കിടെ ഒരാളുടെ നെഞ്ചിലൂടെ ട്രാക്ടർ കറിയിറങ്ങി കൈയ്യും കാലും വേർപ്പെട്ട് ചതഞ്ഞരയുന്ന വീഡിയോക്കു താഴെ നൂറ് എം. ലൈക്കും, നൂറ് കെ ഷെയറും കണ്ട് അയാളുടെ കണ്ണ് നിറഞ്ഞു, ഹൃദയം നുറുങ്ങി ഇതിലും മനോഹരമായി ഈ വീഡിയോ ഞാൻ പകർത്തിയിട്ടും ഇന്റർനെറ്റ് നിഷേധിച്ചതിനാലാണല്ലോ എനിക്കിത് പോസ്റ്റ് ചെയ്ത് വൈറലാക്കാൻ സാധിക്കാതിരുന്നത്.

**ഉണ്ണികൃഷ്ണൻ**
സി.നം. 543/18


# ഒടുക്ക കർമ്മം

പുലർകാലത്ത് സ്നേഹമായ്
തഴുകിയുണർത്താൻ പെറ്റമ്മയില്ല
കണ്ണ്തിരുമ്മി മുറ്റത്ത് നിൽക്കുന്ന നേരത്ത്
കൊച്ചരിപ്പല്ല് തേച്ചുതരാൻ പെറ്റമ്മയില്ല.
ചെറുചൂടു വെള്ളത്തിൽ കൊഞ്ചി കുളിപ്പിക്കാൻ
ഒരു നുള്ള് ചന്ദനം സ്നേഹത്തിൽ ചാലിച്ച്
നെറ്റിയിൽ തൊട്ട് തരാൻ പെറ്റമ്മയില്ല.
പ്രഭാത ഭക്ഷണം, ലാളിച്ചുലാളിച്ചു-
കഥ പറഞ്ഞൂട്ടാൻ പെറ്റമ്മയില്ല.
അയലത്തെ കൂട്ടുകാരോടൊത്ത്
പള്ളിക്കൂടത്തിൽ പോകുന്ന നേരത്ത്
കവിളത്ത് പൊന്നുമ്മ നൽകാൻ പെറ്റമ്മയില്ല
പള്ളിക്കൂടം വിട്ടാൽ അമ്മ തൻ ചാരത്ത്
ഓടിയെത്താൻ മോഹമുണ്ടെങ്കിലും പെറ്റമ്മയില്ല.
കൂട്ടുകാരുമൊത്ത് കണ്ണാരം പൊത്തി
കളിക്കുന്ന നേരത്ത് കുഞ്ഞിക്കാലിൽ
തറച്ചൊരു മുള്ളിനെ
കുത്തിനോവിക്കാതെ നുള്ളിപ്പറിച്ചീടാൻ പെറ്റമ്മയില്ല.
കർക്കിടകവാവിലെ കറുത്തരാത്രിയിൽ
സ്വപ്നത്തിൽവന്നെന്റെ പൊന്നമ്മ-
കാതിൽ പറഞ്ഞത് മറ്റൊന്നുമല്ല
നാളെ പുലർകാലം എന്നുണ്ണി
വലതുകൈയ്യിൽ പവിത്രമോതിരം ധരിച്ച്
പഞ്ചദ്രവ്യം വാരി ചൂടുചോറുരുളയാക്കി
നാക്കിലയിൽ വച്ച് ലക്ഷണമൊത്ത
കരിക്കിനുമുന്നിൽ, കുഞ്ഞു വലതുകാൽ മുട്ടുകുത്തി-
ബലിതർപ്പണത്തിരിക്കുന്ന നേരത്ത്
നിളാ.... തീരത്ത് എത്തിച്ചേർന്നിടാം
നിൻ പൊന്നമ്മതൻ ആത്മാവ്.

**രാഗേഷ് കെ.ആർ**
സി.നം. 282/19



ഞാൻ കണ്ട
ഏറ്റവും വലിയ
പ്രതിഭാസം മഴയാണ്.
പെയ്തിറങ്ങുന്ന
ഓരോ മഴത്തുള്ളിക്കും
ഒരു പ്രതീക്ഷയുണ്ട്
തന്റെ വരവുംകാത്തിരിക്കുന്ന
മണ്ണിനെ കെട്ടിപ്പുണരാൻ.
ഒരുതരം പ്രണയം
പ്രിയസഖിയെ
ഒരുനോക്ക് കാണാൻ
ദൂരങ്ങൾ താണ്ടി
മരച്ചില്ലകൾക്കും
ഇലപ്പടർപ്പുകൾക്കും
ഇടയിലൂടെ
പെയ്തിറങ്ങുന്ന
ആത്മാർത്ഥമായ പ്രണയം
ഇലകളും പൂക്കളും
അവർക്ക് സാക്ഷി.
അവർ തമ്മിൽ ഒന്നിക്കുന്നേടത്ത്
കാർമേഘങ്ങൾ ഇല്ലാതാവുന്നു
ഇതാണ് പ്രണയം
യഥാർത്ഥ പ്രണയം
മഴയിൽമായാത്ത
പ്രണയം.



**രാഹുൽ തമ്പാൻ**
സി.നം.188/19



# വേർപാട്

ഇനിയൊരു വസന്തം കൊണ്ടുപോലും
നിനക്കെന്നെ മോഹിപ്പിക്കാനാവില്ല.
പ്രതീക്ഷിക്കാതെ കടന്നുവന്ന കൊടും വേനലിൽ
നമ്മളൊന്നിച്ച് കോർത്തെടുത്ത
സ്വപ്നങ്ങളും മോഹങ്ങളുമെല്ലാം
എരിഞ്ഞമർന്നിരിക്കുന്നു.
ഇന്ന് ഞാനൊരു തരിശ്ശുഭൂമിയാണ്
മോഹങ്ങളുടെയോ സ്വപ്നങ്ങളുടെയോ
പുൽനാമ്പ്പോലും മുളയ്ക്കാത്ത
വെറുമൊരു പാഴ്മരുഭൂമി...

രാജൻനായർ
.....

# സ്വാതന്ത്ര്യം

ഇതിന്ത്യയുടെ ഭൂപടം... എന്റെ
മാതൃരാജ്യത്തിന്റെ ഭൂപടം...
ജനനം മുതൽ കുഞ്ഞുസ്വപ്നത്തിലും
എന്നെ ഞാനാക്കിമാറ്റിയ നാടിന്റെ ഭൂപടം
സ്വാതന്ത്ര്യം, വെറുമൊരു പതാകയിൽ-
നിറയുന്ന ബാല്യത്തിലും
ജീവൻ തുടിപ്പായ് കൊരുത്തിട്ട ഭൂപടം
ഗജരാജന്റെ മസ്തകം പോൽനിന്റെ
ശിരസ്സെന്റെ മനസിൽ കുറിച്ചിട്ട് ഭൂപടം
പകലസ്തമിച്ചു..
ഇരുൾ മൂടി വന്നു
കാല ചക്രങ്ങളിവിടെ മാറി മറിഞ്ഞു.
തകർന്നടിഞ്ഞു ശിരസും ഗളത്രവും
നിണമുണങ്ങാത്ത കരചരണങ്ങളും
വെടിമരുന്നിന്റെ തുളകൊണ്ട് തുന്നിയ
ഗർഭപാത്രം കണ്ട് മരവിച്ചു മനസുകൾ
വിണ്ടുകീറിയ മാറിടത്തിലെ നഖക്ഷതപ്പാടിൽ-
നിന്നൂർന്നിറങ്ങും മുലപ്പാൽ കണങ്ങളിൽ
ചോപ്പ് ചാലിച്ച് ചെന്നീരൊലിക്കുന്ന
കല്പവൃക്ഷത്തിൻ കണ്ണീർ കണങ്ങൾപോൽ
കുഞ്ഞുകാലുകൾ കീറി വലിച്ചെറിഞ്ഞട്ടഹാസം
മുഴക്കും കരങ്ങളിൽ
ചോരചീന്തിപ്പിടയുമെൻ നാടിന്റെ
ഭൂപടം മാഞ്ഞ് മഞ്ഞ് പോലാകവെ
കണ്ടു ഞാനെന്റെ സ്വാതന്ത്ര്യം
കേട്ടു ഞാനെന്റെ സ്വാതന്ത്ര്യ ഗീതികൾ
ആധിപത്യം വരിഞ്ഞുമുറുക്കും ജനാധിപത്യം
പിടഞ്ഞു മരിക്കും....
പണാധിപത്യം കൊടികുത്തിവീഴും
മതാധിപത്യം നിറഞ്ഞുതിമർക്കും
നീതിപീഠം ജ്വരം കൊണ്ട് തുള്ളും
നിയമവാഴ്ചയിവിടെ വിഷലിപ്തമാകും
പാപികൾ ഭരണചക്രം തിരിക്കും
പാവമിവിടെ പുഴുക്കളായിഴയും
കണ്ടു ഞാനെന്റെ മാതൃരാജ്യത്തിന്റെ
പൂത്തുനിൽക്കും പതാകയിൽ സ്വാതന്ത്ര്യം
ഉള്ളം വിങ്ങി തളിർക്കുന്നു പൂക്കുന്നു
ഉള്ളിലായെന്റെ നാടിന്റെ സ്വാതന്ത്ര്യം
രണ്ടു കൈകളാൽ പ്രാർത്ഥിക്കുവാനെന്റെ
നാവിൻ സ്വാതന്ത്ര്യമെങ്കിലും നല്കണേ
ജന്മമന്ത്രമായ് കാത്തുസൂക്ഷിക്കുന്നൊരെന്റെ
നാടിനെ ദിനവും നമിക്കുവാൻ.




സി.നം. 476/18

# സ്വപ്നം

ഒരു ക്ഷണമാത്രയിൽ കൊഴിഞ്ഞുവീഴുന്നതോ
ഒരു നിമിഷ നേരത്തിൽ കഴിഞ്ഞുതീരുന്നതോ
ഒരായുസ്സിൽ ദൈർഘ്യം കണക്കെ
ജീവനിൽ ചേർന്നു നിൽക്കുന്നതോ?
പിടിതരാത്തൊരു പ്രഹേളികയല്ലയോ
ശാസ്ത്രത്തിൻ നിർവ്വചനമേറെയുണ്ടെങ്കിലും
മനതാരിൽ പതിഞ്ഞുപോകുന്നൊരു
ചെറുചിത്രമെങ്കിലും ദൃശ്യമാവുന്നതോ
പാമരൻ പണ്ഡിതനാവുന്നതും
പണ്ഡിതൻ പാമരനാവുന്നതും
നിൻമായയൊന്നുമാത്രമല്ലയോ?
എങ്കിലും ചില ജീവിതമത്രയും
ഏകമായൊരു സ്വപ്നത്തിൻതേരേറി
ഏറെദൂരം നടന്ന് നീങ്ങുന്നതും
ചില കാത്തിരിപ്പുകളൊക്കെത്തന്നെയും
ചില സാക്ഷാത്കാരമൊന്നിനുമാത്രം.
ജീവിതത്തിൽ സുഖദുഖം കണക്കെ
ഏറിയും കുറഞ്ഞും വരുന്നൊരുമാത്ര
അവഗണനയേശാത്ത അനിവാര്യതയായ്
സംഭവ്യമാവുന്നു എൻ സ്വപ്നത്തിലും.
ഉണ്ടെനിക്കുമൊരു സ്വപ്നം
സമീപമാത്രയിൽ സംഭവ്യമായത്
എന്റെതുമാകുന്നൊരു നാളേയ്ക്ക്
ഏറെ നാളായുള്ളൊരു കാത്തിരിപ്പിന്
വിരാമമാകുന്നൊരുത്തരം മാത്രം
വിമോചനം എന്നൊരു സ്വപ്നം മാത്രം.

**വിപിൻ വി.പി.**
കെ.ഇ.എസ്. 178

# ഒഴുക്ക്




ജീവിച്ചു കഴിഞ്ഞ
രാത്രികളേക്കാൾ വെറുത്തതെന്തിന്
ആ മരിക്കാൻ നിനച്ച പകലുകളെ
മടുപ്പിൽ ആഴ്ന്നിറങ്ങി
പതിയെപ്പതിയെ മരണത്തിന്റെ
ഇരുണ്ട ചതുപ്പിലേക്ക് കുതിച്ച് കുതിച്ച്
അവസാന ശ്വാസം വിടുമ്പോഴേക്കും
ആരോ വലിച്ച് വലിച്ച്
ജീവിതത്തിന്റെ വരണ്ട
ഐ.സി.യു വിൽ കിടന്നു കിടന്ന്
ആരും വരാനില്ലെന്ന ദുഖവും
ആരെയും കാക്കേണ്ടെന്ന സന്തോഷവും
കലർന്നു കലർന്ന്
മലർന്നു കിടന്ന നിമിഷങ്ങൾ
യുഗങ്ങളായി മാറുന്ന സന്ധ്യയിൽ
കിതച്ചു കിതച്ച്
പതിയെ പതിയെ
നീണ്ട പാതയിലേക്ക് നോക്കി നോക്കി
ഒരു ദീർഘ നിശ്വാസത്തിന്റെ
ചൂടേറ്റ നോട്ടുകൾ കൗണ്ടറിലടച്ച്
ബാക്കി വന്ന ചിന്തകളെയും
ചില്ലറകളേയും പോക്കറ്റിലൊളിപ്പിച്ച്
നഗരത്തിലെ ജനസമുദ്രത്തിലലിയാൻ
വീണ്ടും വീണ്ടും
കണ്ണുനീർത്തുള്ളിപോൽ ജീവിതം
മെല്ലെ മെല്ലെ ഒഴുക്കിയൊഴുകി.

**രാഗേഷ് കെ.ആർ**
സി.നം. 282/19

# 'കാരമസോവ് സഹോദരന്മാർ' ഒരു എത്തിനോട്ടം

ഇരുപതാം നൂറ്റാണ്ടിൽ വളർന്നു വികസിച്ച മനശാസ്ത്രം, സാമൂഹികശാസ്ത്രം, അസ്തിത്വവാദ ദർശനം എന്നിവയ്ക്കെല്ലാം സ്വന്തം നോവലുകളിലൂടെ വിത്തുപാകിയ ഒരു മഹാനായിരുന്നു ഫോയദോർ ദസ്തയേവ്സ്കി. കാരമസോവ് സഹോദരൻമ്മാർ എന്ന ഇതിഹാസ സമാനമായ കൃതിയുടെ കർത്താവ് എന്ന നിലയിൽ ദസ്തയേവ്സ്കിയുടെ സ്ഥാനം ഷേക്സ്പിയറിന് തുല്യമായിരുന്നുവെന്നാണ് സിഗ്മണ്ട് ഫ്രോയിഡ് വിലയിരുത്തിയിട്ടുള്ളത്. ആധുനിക മനശാസ്ത്രം എന്ന ജ്ഞാനശാഖ രൂപപ്പെടുത്തുന്നതിൽ കാരമസോവ് സഹോദരന്മാരോട് തനിക്കുള്ള കടപ്പാട് ഫ്രോയിഡ് മറച്ചുപിടിക്കുന്നില്ല. വിശ്വസാഹിത്യത്തിന്റെ ഉന്നതിയിൽ താൻ ദസ്തയേവ്സ്കിയെ കണക്കാക്കുന്നുവെന്നും മറ്റൊരു ചിന്തകനും തന്നെ ഇത്രത്തോളം സ്വാധീനിച്ചിട്ടില്ലെന്ന് ആൽബർട്ട് ഐൻസ്റ്റീൻ പറഞ്ഞിട്ടുണ്ട്. ടോൾസ്റ്റോയുടെ മരണശയ്യയിൽ നിന്ന് കണ്ടെടുത്ത പുസ്തകവും കാരമസോവ് സഹോദരൻമ്മാർ ആണ് എന്നെല്ലാം കേൾക്കുമ്പോൾ മനസ്സിലാക്കാവുന്നതാണ് കാരമസോവ് സഹോദരന്മാരുടെ പ്രശസ്തി. ഒരു എഴുത്തുകാരൻ എന്ന നിലയിൽ അത്ഭുതങ്ങൾ സൃഷ്ടിച്ച അവസാന നോവൽ കൂടിയാണിത്. ഈ നോവൽ പരമ്പര ഒരു മാസികയിൽ പ്രസിദ്ധീകരണം തുടങ്ങി നാല് മാസങ്ങൾക്കകം അദ്ദേഹം മരിച്ചു.

ഫോയദോർ പാവ്‌ലോവിച്ചിന്റെയും മക്കളുടെയും കഥയാണ് നോവലിൽ പറയുന്നത്. ആദ്യപകുതിയിൽ പാവ്‌ലോവിച്ചിന്റെയും മക്കളുടെയും ജീവിതമാണ് വിശദീകരിക്കുന്നത്. രണ്ടാം പകുതിയിൽ പാവ്‌ലോവിച്ചിന്റെ കൊലപാതകത്തിന്റെ ചുരുളഴിക്കുകയാണ്. നാല് മക്കളാണ് അദ്ദേഹത്തിനുള്ളത് അതിൽ രണ്ട് ഭാര്യമാരിൽ പിറന്നതാണ് മൂന്ന് മക്കൾ നാലാമൻ ജാരസന്തതിയാണ്. പിതാവിന്റെ പരിഗണന ലഭിക്കാതെയാണ് മക്കളുടെ വളർച്ച. മൂത്തമകൻ ദിമിത്രി പിതാവിന്റെ തനി സ്വരൂപമാണ്. തന്റെ ഇഷ്ടങ്ങൾക്കനുസരിച്ചാണ് ആയാളുടെ ജീവിതം. പിതാവിന്റെ ഇഷ്ടക്കാരി ഗ്രഷാങ്കയുമായി അയാൾ അടുക്കുന്നു. പിതാവിനെ ശത്രുവായി പരിഗണിക്കുന്നു. ദുർനടപ്പുകൾക്കായി പിതാവിൽ നിന്ന് ധാ



രാളം പണം വാങ്ങുന്നുണ്ട്. ആ പേരിൽ കുടുംബവിഹിതം അയാൾക്ക് നഷ്ടപ്പെടുന്നു. തന്റെ പ്രണയത്തെ പണംകൊണ്ട് നേടാൻ ശ്രമിക്കുന്ന പിതാവിനെ വധിക്കാൻ അയാൾ പദ്ധതിയിടുന്നു. ദിമിത്രിയുടെ അനുജന്മാരാണ് ഐവാനും അലോഷിയും. ഏറെ പഠിപ്പും വായനയുമുള്ള ഐവാൻ ബുദ്ധിജീവിയാണ് ഒപ്പം നിരീശ്വരവാദിയും, വിപ്ലവകാരിയും. ഏറ്റവും ഇളയവൻ അലോഷി വിശ്വാസിയാണ്. സാത്വികനും ദൈവഭക്തനുമാണ്. അയാൾ ഒരു സ്ന്ന്യാസാശ്രമത്തിൽ പരിശീലനം നേടികൊണ്ടിരിക്കുകയാണ്.

അലോഷിയുടെ ആത്മീയഗുരു സ്വാസിമാ പാതിരി. പാവ്‌ലോവിച്ചിന്റെ പാചകക്കാരൻ ജാരസന്തതി സമർഡിയാക്കോവ് എന്നിവരാണ് മറ്റു പ്രധാന കഥാപാത്രങ്ങൾ. പാവ്‌ലോവിച്ചിന്റെ വീട്ടിലെ വേലക്കാരനായാണ് സമർഡിയാക്കോവിന്റെ ജീവിതം.

ആയാളും പിതാവിനെ വധിക്കാൻ തക്കം പാർത്തിരിക്കുകയാണ്. കഥയുടെ പകുതിയിൽ പിതാവ് കൊല്ലപ്പെടുന്നു. അതിന് മൂന്ന് മക്കളും പഴി കേൾക്കേണ്ടി വരുന്നു. സമർഡിയാക്കോവ് താനാണ് പിതാവിനെ കൊന്നതെന്ന് ഐവാനോട് വെളിപ്പെടുത്തുന്നു. ഒപ്പം പിതാവിന്റെ കൊലപാതകത്തിൽ ഐവാനും ഉത്തരവാദിത്വം ഉണ്ടെന്ന് സ്ഥാപിക്കുന്നു. അതോടെ പിതാവിന്റെ മരണത്തിന് കാരണം താനാണെന്ന് കരുതുന്ന ഐവാൻ കുറ്റം ഏറ്റെടുക്കാൻ ശ്രമിക്കുന്നു. എന്നാൽ ഐവാന്റെ കാമുകി കാതറീൻ, ദിമിത്രി തനിക്കെഴുതിയ കത്ത് കോടതിയിൽ ഹാജരാക്കുന്നു. അതിൽ പിതാവിനെ താൻകൊല്ലുമെന്ന് ദിമിത്രി എഴുതിയിട്ടുണ്ട്. സാഹചര്യ തെളിവനുസരിച്ച് നിരപരാധിയായ ദിമിത്രി കുറ്റക്കാരനാണെന്ന് കോടതി വിധിക്കുന്നു. ശിക്ഷയ്ക്കായി കൊണ്ടുപോകുന്ന സഹോദരനെ രക്ഷിക്കാൻ ഐവാനും ഗ്രഷാങ്കയും പദ്ധതിയിടുന്നു. അങ്ങനെ ആകാംക്ഷയുടെ മുൾമുനയിൽ വായനക്കാരെ കുരുക്കിട്ട് കഥ അവസാനിക്കുന്നു.

കാരമസോവ് സഹോദരന്മാരുടെ രണ്ടാം ഭാഗത്തിന്റെ നോട്ടുകൾ കണ്ടെടുക്കപ്പെട്ടിട്ടുണ്ട് 'മഹാനായ ഒരു പാപിയുടെ ജീവിതം' എന്നായിരുന്നു ആ നോവലിനു ഉദ്ദേശിച്ചിരുന്ന ശീർഷകം. കാരമസോവ് സഹോദരന്മാരിലെ ദേവദൂതനായ അലോഷി രണ്ടാം ഭാഗത്തിൽ ഒരു വിപ്ലവകാരിയായി ചക്രവർത്തിയെ വധിക്കുന്നുണ്ടെന്നാണ് ദസ്തയേവ്സ്കി വിഭാവനം ചെയ്തിരുന്നത്.

മനുഷ്യമനസ്സിന്റെ ആഗാധ തലങ്ങളിലേയ്ക്ക് ഇറങ്ങിച്ചെന്ന് അവയെ കീറിമുറിച്ച് പരിശാധിച്ചാണ് ദസ്തയേവ്സ്കിയുടെ ഓരോ കഥാപാത്രവും ജന്മംകൊള്ളുന്നത്. ലോകസാഹിത്യത്തിലെ ഈ നോവൽ വായനയെ സ്നേഹിക്കുന്നവരുടെ എക്കാലത്തെയും മികച്ച പുസ്തകമാണ്.

മിനിക്കഥ

**ഇമ്മാനുവൽ**
സി.നം.8904




ബോബി ഇരുപത് വയസ്സുള്ള യുവാവും കൃസ്ത്യാനിയുമായിരുന്നു. സ്ക്കൂൾ പഠനത്തിനുശേഷം അത്യാവശ്യം കൃഷിയുംമറ്റും നോക്കി നടത്തിപ്പോന്നു. കുറച്ചുകാലം പ്ലസ്റ്റുവിന് പോയെങ്കിലും പരീക്ഷയെഴുതാൻ കഴിഞ്ഞില്ല. അടുത്തു തന്നെയാണ് രാധയുടെ വീട്. അമ്മയും, അച്ഛനും അടങ്ങുന്നതാണ് രാധയുടെ കുടുംബം. സഹോദരങ്ങൾ വിവാഹം കഴിഞ്ഞ് വേറെ താമസമാണ്. ബോബിയ്ക്ക് അപ്പനും അമ്മയും അഞ്ച് സഹോദരന്മാരുമുണ്ട്. മൂന്നാമനാണ് ബോബി. ഇളയവരൊക്കെ പഠിച്ചുകൊണ്ടിരിക്കുന്നു. ആ വർഷം രാധ എസ്.എസ്.എൽ.സി. പരീക്ഷയെഴുതിയെങ്കിലും തോൽവിക്കുകാരണം ഇംഗ്ലീഷായിരുന്നു. വീണ്ടും പഠിക്കണമെന്ന രാധയുടെ വാശി കാരണം അവളുടെ അച്ഛൻ ബോബിയുടെ പിതാവിനെ കണ്ട് ബോബിയെക്കൊണ്ട് കുറച്ച് ഇംഗ്ലീഷ് പറഞ്ഞുകൊടുക്കണമെന്ന് അഭ്യർത്ഥിക്കുകയുണ്ടായി. അങ്ങനെ പിതാവിന്റെ നിർദേശപ്രകാരം ദിവസേന രണ്ട് മണിക്കൂർ വീതം ക്ലാസ്സെടുക്കാൻ തീരുമാനിച്ചു. വൈകുന്നേരം അഞ്ച് മുതൽ ഏഴ് വരെ. വാക്കുകളുടെ ഉച്ചാരണവും, അർത്ഥവും ഗ്രാമറും പറഞ്ഞ്കൊടുത്തു. ഇടയ്ക്ക് കേട്ടെഴുത്ത് എടുത്ത് പഠനനിലവാരം വിലയിരുത്തി. ആറ് മാസംകൊണ്ട് തെറ്റുകളില്ലാതെ നന്നായി വായിക്കാനും തെറ്റില്ലാതെ എഴുതാനും പ്രാപ്തയായി.

ബോബിയുടെ കുടുംബവും അവരുടെ കുടുംബവും നല്ല സഹകരണത്തിലായിരുന്നു. അവരുടെ ആവശ്യങ്ങളിലൊക്കെ ബോബിയുടെ പിതാവ് അവരെ സഹായിച്ചിരുന്നു. ഒരു ഓലപ്പുരയിലാണ് അവർ കഴിഞ്ഞിരുന്നത്. രാധയു

ടെ സഹോദരനായ രാജീവൻ മുമ്പ് വേണിയെന്ന പെൺകുട്ടിയെ സ്നേഹിച്ചിരുന്നു. എന്നാൽ വേണിയുടെ സഹോദരൻ നാൽപ്പത് വയസ്സായിട്ടും വിവാഹം കഴിക്കാത്തതിനാൽ സഹോദരന്റെ വിവാഹശേഷം മാത്രമേ വിവാഹം കഴിക്കൂ എന്ന തീരുമാനത്തിൽ ഉറച്ചുനിന്നു. ഒടുവിൽ രാജീവൻ വിഷമത്തോടെയാണെങ്കിലും മറ്റൊരു വിവാഹം കഴിക്കുകയും അതിനുശേഷം മറ്റൊരിടത്ത് താമസമാക്കുകയും ചെയ്തു.



ആ കൊല്ലം രാധ നല്ല മാർക്കുവാങ്ങി പത്താംതരം പാസ്സായി. മൂന്ന് വർഷങ്ങൾ കടന്നുപോയി. ഇതിനിടയിൽ എതുകാര്യത്തിനും അവൾ ബോബിയോട് അഭിപ്രായം ചോദിക്കാൻ തുടങ്ങി. അവർ അടുത്ത കൂട്ടുകാരായിരുന്നു. അവൾ ലൈബ്രറിയിൽ പോയി നോവലുകളെടുത്ത് വായിച്ചതിനുശേഷം അത് ബോബിയ്ക്ക് വായിക്കാൻകൊടുക്കും. അയാൾ വായിച്ച ശേഷം തിരിച്ചുകൊടുക്കും.

ഒരു ദിവസം ബോബിയുടെ അമ്മ രാധയോടു ചോദിച്ചു. നിങ്ങൾ തമ്മിൽ ഇഷ്ടത്തിലാണോ? അവൾ ഉരുളയ്ക്ക് ഉപ്പേരി പോലെ അങ്ങനെയാണെങ്കിൽ ചേട്ടത്തിക്കെന്താ? എന്നു ചോദിച്ചു. പെണ്ണേ നീ അധികം ഇളകണ്ട. നീ എന്റെ മകനെ മയക്കിയെടുക്കാമെന്ന് കരുതുകയും വേണ്ട. നീ ഹിന്ദുക്കളായ മറ്റാരെയെങ്കിലും കെട്ടിജീവിക്കാൻ നോക്കുന്നതാണ് നല്ലത്. ഞങ്ങൾ ഇഷ്ടം പോലെ ജീവിച്ചോളാം. ചേടത്തി ഇടങ്കോലിടാതിരുന്നാൽ മതിയെന്നവൾ അറിയിച്ചു. എങ്കിലും ബോബിയോട് അമ്മ ഒന്നും ചോദിച്ചില്ല. ഒരു ദിവസം രാധ മേൽ സംഭാഷണത്തെപ്പറ്റി ബോബിയോടു പറഞ്ഞു അവൻ അവളോടു ചോദിച്ചു. നിന്റെ ആഗ്രഹത്തെപ്പറ്റി നീ എപ്പോഴെങ്കിലും എന്നോട് സംസാരിച്ചിട്ടുണ്ടോ? ഇല്ല. നിന്റെ മനസ്സിലെ അഭിപ്രായം ഈ രീതിയിൽ പ്രകടിപ്പിച്ചത് വളരെ മോശമായിപ്പോയി. എന്തും ആഗ്രഹിക്കാൻ നിനക്ക് അവകാശമുണ്ട്. എന്റെ പിതാവ് പറഞ്ഞതുകൊണ്ടാണ് ഞാൻ നിനക്ക് ക്ലാസ്സെടുത്ത് തന്നത് അതുപോലെ തന്നെ നിന്നെ ഒരു സഹോദരിയായി കാണുന്നതുകൊണ്ടാണ് പലകാര്യങ്ങളും നിനക്ക് ഞാൻ ചെയ്തുതന്നത്. ചേട്ടായി എന്റെ മനസ്സുമാറ്റാൻ ആവശ്യമില്ലാത്ത കാര്യങ്ങളും കാരണങ്ങളും പറയേണ്ടതില്ലെന്നവൾ പറഞ്ഞു.

രാധ വളരെ സുന്ദരിയായിരുന്നു. ചെറുപ്പത്തിൽ തന്നെ എല്ലാ വീട്ടുജോലികളും പഠിച്ചു. സമയം കിട്ടുമ്പോൾ പശുക്കളെ തീറ്റാൻ കൊണ്ടുപോകും. ഒഴിവു കിട്ടുമ്പാൾ നോവലുകൾ വായിച്ചു.

ബോബി ഒരിക്കലും പ്രണയത്തെപ്പറ്റി ചിന്തിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ രാധയുടെ സ്നേഹത്തെ തിരിച്ചറിയാനും അവനു കഴിഞ്ഞില്ല. സഹോദരിയുടെ സ്ഥാനത്തായിരുന്നു അവനവളെ കണ്ടിരുന്നത്. ഈ സത്യം തിരിച്ചറിയാൻ രാധക്കും കഴിഞ്ഞില്ല.

ഒരു ദിവസം മദ്രാസിലുള്ള ബോബിയുടെ ബന്ധുക്കൾ വീട്ടിൽ വിരുന്നു വന്നു. ഒരാഴ്ച അവധി ആഘോഷിച്ച ശേഷം അവർ തിരിച്ചു പോയപ്പോൾ ബിസിനസ്സിൽ സഹായിക്കാൻ ബോബിയെയും കൂട്ടികൊണ്ടുപോയി.

രാധ കുറച്ചുകാലത്തിനു ശേഷം ഒരു സ്വകാര്യ കമ്പനിയിൽ ജോലിക്കുപോയി. അർഹിക്കാത്തതാണ് താൻ ആഗ്രഹിച്ചത്. അതിനുള്ള നഷ്ടം വളരെ സങ്കടത്തോടെ അവൾ മനസ്സിലാക്കി. നടന്നതെല്ലാം ഒരു നഷ്ട സ്വപ്നമായി അവശേഷിച്ചു.

**ഉണ്ണികൃഷ്ണൻ**
സി.നം.543/18

# വിധിയുടെ വിളയാട്ടം

പൂനിലാവ് പെയ്യുന്ന ആ രാത്രിയിൽ അമ്പാടിത്തറവാട്ടിലെ രണ്ടാം നിലയിലെ തന്റെ കിടപ്പുമുറിയിലെ ചന്ദനകകട്ടിലിൽ ഉറക്കം വരാതെ തിരിഞ്ഞും മറിഞ്ഞും കിടക്കുകയാണ് വേണു മേനോൻ. തുറന്നിട്ട ജാലകത്തിലൂടെ പുറത്തേയ്ക്ക് മിഴി പാകിയപ്പോൾ തെങ്ങോലപ്പീലികൾക്കിടയിലൂടെ പൂർണ്ണ ചന്ദ്രൻ തന്നെ കളിയാക്കി ചിരിക്കുകയാണെന്ന് തോന്നിപ്പോയി വേണു മേനോന്. എങ്കിലും പാതിരാവിൽ വിരിയുന്ന മുല്ലയുടെ സുഗന്ധം ഒരിളം തെന്നലായ് ഒഴുകി തന്റെ മുടിയിൽ നിറഞ്ഞു നിന്നപ്പോൾ മനസ്സിന് ചെറിയൊരു സ്വാന്തനം അനുഭവപ്പെട്ടു. പക്ഷേ മനസ്സിലെ തീരാ ദുഖമായ തന്റെ പുത്ര സ്നേഹത്താൽ നിറയുകയാണ് മേനോന്റെ മനസ്സ്. കട്ടിലിൽ ഒരറ്റത്ത് കിടന്നുറങ്ങുന്നതന്റെ ഭാര്യ സുഭദ്രയെ ഉണർത്താതെ എന്തോ മനസ്സിൽ തീരുമാനിച്ചുറപ്പിച്ച മട്ടിൽ മേനോൻ എഴുന്നേറ്റ് മുറിയുടെ വാതിൽ തുറന്ന് പുറത്തിറങ്ങി. തന്റെ സ്നേഹ വാത്സല്യ നിധികളായ മൂന്ന് പെൺ മക്കളും കിടന്നുറങ്ങുന്ന മുറിയുടെ മുമ്പിൽ ചെന്ന് മേനോൻ മിഴിനീർ ഒഴുക്കികൊണ്ട് ഒരു നിമിഷം നിന്നതിനുശേഷം ഇടനാഴിയിലൂടെ വന്ന് പൂമുഖ വാതിൽ തുറന്ന് മുറ്റത്തേയ്ക്ക് ഇറങ്ങിയപ്പോൾ തന്റെ മുറ്റത്തെ തെച്ചിയും, മന്താരവും, തുളസിയും, പിച്ചകവും പാതിരാവിൽ വിരിഞ്ഞ മുല്ലയും, നന്ത്യാർ വട്ടപ്പൂവുമെല്ലാം മേനോനെ നോക്കി പുഞ്ചിരി തൂകി നിൽക്കുന്നുണ്ട്. ചെറുകാറ്റിൽ ഇളകിയതാണോ? പൂക്കളെന്ന് അറിയില്ല എങ്കിലും മേനോൻ പതിവായി ചെയ്യാറുള്ളതുപോലെ എല്ലാ പൂക്കളെയും ഇരു കരങ്ങൾകൊണ്ട് മാറി മാറി തഴുകി തന്റെ സ്നേഹ ചുംബനം നൽകികൊണ്ട് തന്റെ മുറ്റത്തെ വസന്തങ്ങളോടായി സ്നേഹമൂറുന്ന സ്വരത്തിൽ പതിയെ പറഞ്ഞു എനിക്കു നിങ്ങൾ തരുന്ന ഈ സ്നേഹ പുഞ്ചിരി എന്റെ പൊന്നുമക്കളായ ഗീതമോൾക്കും, ചന്ദ്രിക മോൾക്കും, വസന്ത മോൾക്കും അതിലുപരി എന്റെ സഹധർമ്മിണിയായ സുഭദ്രയ്ക്കും എന്നും നൽകണം. വിധി ഇനിയെന്നെ വീണ്ടും മടക്കികൊണ്ട് വരുകയാണെങ്കിൽ കാണാമെന്ന് പറഞ്ഞ് മേനോൻ അമ്പാടി പടിപ്പുരയിലേയ്ക്കു നടന്നു.

പടിപ്പുര ഇറങ്ങിയപ്പോൾ അമ്പാടിയിലെ പത്തായപ്പുരയ്ക്ക് പിന്നിലെ പൊന്തക്കാട്ടിൽ നിന്നും രാപ്പാടികളുടെ നാമസങ്കീർത്തനങ്ങളും തുടങ്ങിയിരുന്നു. നീലച്ചായം പൂശിയ ആകാശത്തിൽ ആയിരത്തിരികൊളുത്തി

നിരത്തിയിരിക്കുന്ന താരങ്ങൾ. മേനോന് വഴികാട്ടിയായി പൂർണ്ണ ചന്ദ്രബിംബവും കൂടെ നീങ്ങുന്നുണ്ട്. നടക്കുന്നതിനിടയിൽ മേനോൻ പ്രകൃതീശ്വരിയെങ്കിലും കേൾക്കട്ടെ തന്റെ പുത്രനോടുള്ള സ്നേഹവാത്സല്യം എന്ന് കരുതിയിട്ടാവും പറയുകയാണ്. നാലാൾകൂടുന്നിടത്ത് നാലുകാൽ പന്തലിൽ നടുമുറ്റത്ത് നാലാൾകേൾക്കെ എന്നുണ്ണിയെന്ന് നാവൊന്ന്ഉരചെയ്യാൻ കഴിയാതെ പോയൊരച്ഛന്റെ ആത്മദുഖത്തിൻ തീരാവേദനയറിയുന്ന പൊന്നുണ്ണി നീയാണ് ഇന്നെന്റെ വായുദേവൻ. അരമന വീട്ടിൽ അകത്തളത്തിൽ ആട്ടുമണലിൽ ഇനി കിടക്കില്ല നിൻ അച്ഛന്റെ ദേഹം. ദേഹിയായി എന്നുണ്ണിയ്ക്കൊപ്പം ഉണ്ടാകും എന്നും എന്നും. ഈ അച്ഛന്റെ ദേഹം വന്ന് ചെയ്യുക നിന്റെ കർമ്മം. ഗദ്ഗദങ്ങളാൽ പറയുന്നതിനിടയിൽ വലതുകരങ്ങളാൽ കണ്ണുകൾ തുടയ്ക്കുന്നുണ്ട് മേനോൻ. എന്റെ ഗുരുവായൂരപ്പാ അങ്ങേയ്ക്ക് ഞങ്ങൾ നേരാത്ത വഴിപാടുകൾ ഇനിയൊന്നുമില്ലല്ലോ? എന്നീട്ടും നീയെന്തേ തുളസിക്കതിരിന്റെ പരിശുദ്ധിയുള്ള അതിലുപരി സ്നേഹത്തിന്റെ നിറകുടമായ എന്റെ സഹധർമ്മിണി സുഭദ്രയുടെ ഉദരത്തിൽ ഒരുണ്ണിക്കണ്ണനെ നീയെനിക്കുതന്നില്ല. നിന്നെ ഞങ്ങളുടെ മനസ്സിൽ വച്ച് ആരാധിച്ചതുകൊണ്ട് നീയൊരു മായകാട്ടിതന്നു എനിക്ക്. നിറവും, മണവും നിറയെ തേനും ഉള്ള മലരായി വിരിഞ്ഞ് യൗവനത്തികവിൽ വികാരവതിയായിട്ട് ഒരു പുരുഷന്റെ വിരിമാറിൽ ചേരുവാൻ കൊതിപൂണ്ട് നടന്നിരുന്ന അമ്പാടിയിലെ അടിച്ചുതളിക്കാരിയിൽ നീയെന്തിനു മോഹമുദിപ്പിച്ചു എന്നിൽ. അവളുടെ ഉദരത്തിൽ എനിക്ക് നീയൊരുണ്ണിക്കണ്ണനെ നൽകി. പക്ഷേ ഈ പിതാവിന് ഒന്നുറക്കെ മോനെയെന്ന് സ്നേഹത്തോടെ വിളിക്കുവാൻ പോലും കഴിഞ്ഞിട്ടില്ല. എന്തൊരു വിധിയാണ് എന്റെ ഭഗവാനെ ഇത്. മേനോൻ നടന്ന്... നടന്ന് ഗംഗാനദിക്കരയിലെത്തി. മഞ്ഞലയും നിലാവലയുകരയിലൂടെയും നദിയിലൂടെയും ഇഴുകിയൊഴുകുന്നുണ്ടായിരുന്നു. ചിന്തകളുടെ മാറാപ്പുകെട്ട് തലയിൽ നിന്നു ഇറക്കിവിടാൻ വേണ്ടി ഗംഗാനദിയിലേയ്ക്കിറങ്ങി വേണു മേനോൻ. ശിരസ്സ് മേൽപ്പോട്ടുയർത്തി പ്രപഞ്ചസത്യങ്ങളെ സാക്ഷിനിർത്തി ഞാൻ പറയുകയാണ് അമ്പാടിത്തറവാട്ടിലെ അടിച്ചുതളിക്കാരിയിൽ എനിക്ക് പിറന്ന എന്റെ മണിക്കുട്ടന് വഴികാട്ടിയായി കൂടെയുണ്ടാകണേയെന്റെ കണ്ണാ, കൈലാസനാഥാ, എന്റെ ഗുരുവായൂരപ്പാ... ഭഗവാനെ.. ജന്മാന്തരങ്ങളുടെ കർമ്മഫലങ്ങൾക്ക് സാക്ഷിയായി പുണ്യപാപങ്ങളെ തൊട്ടറിഞ്ഞ് ഒഴുകി എത്രയോ ജന്മങ്ങൾക്ക് ജീവജലമായി പൊന്നോളകൈകളാൽ തഴുകി താലോലിച്ച് മണ്ണിനെ മുലയൂട്ടുന്ന എന്റെ ഗംഗാമാതാവേ.. കുറച്ച് വർഷങ്ങളായി ശപിക്കപ്പെട്ടൊരു ജന്മമായിട്ടാണ് എന്റെ ജീവിതം. ഇനി വയ്യാ അറിഞ്ഞോ അറിയാതെയോ എന്നിൽ നിന്നും വന്നുചേർന്ന പാപങ്ങളെ കഴുകിക്കളഞ്ഞ് ഈ ദുഖിതനായ പിതാവിനൊരു പുനർജന്മം നൽകൂ ഇല്ലെങ്കിൽ ഒരിക്കലും ഉണരാതെ എന്നെ ആ മടിത്തട്ടിൽ കിടത്തിയുറക്കൂ എന്ന് പറഞ്ഞ് രാമനാമം ജപിച്ച് മേനോൻ ഗംഗാനദിയുടെ അടിയൊഴുക്കുള്ള ഭാഗത്തേയ്ക്ക്നടന്നു നീങ്ങുകയാണ്. അച്ഛാ എന്ന് അലറി വിളിച്ചുകൊണ്ട് മണിക്കുട്ടൻ ഉറക്കത്തിൽ നിന്നും ഞെട്ടിയുണർന്നു. ഈ ഒച്ചകേട്ട് മണിക്കുട്ടന്റെ മുറിയിൽ കിടന്നിരുന്ന സഹപ്രവർത്തകരായ സുഹൃത്തുക്കൾ ശശിയും രാജനും ചോദിച്ചു. എന്താ മണിക്കുട്ടാ നീ ജീവിച്ചിരിക്കുന്ന അച്ഛന് വല്ല അപകടവും സംഭവിച്ചതുപോലെ അലറിവിളിക്കുന്നത്. നിന്റെ അച്ഛൻ മരിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞില്ലേ? മണിക്കുട്ടൻ കണ്ണുകൾ തുടച്ചുകൊണ്ട് പറഞ്ഞു ഏയ്.. ഒന്നുമില്ലാ ഒരു ദുസ്വപ്നം കണ്ടതാണ്. ഉം... എന്ന് കനപ്പിച്ചുമൂളിക്കൊണ്ട് രാജുവും ശിയും പുതപ്പ് മൂടി കിടന്നുറങ്ങി. മണിക്കുട്ടനുറങ്ങാൻ കഴിഞ്ഞില്ല. കാരണം തന്റെ വളർത്തച്ഛനാണ് മരിച്ചത്. ജന്മം നൽകിയ എന്റെ പിതാവ് ജീവിച്ചിരിപ്പുണ്ട് എന്റെ കൂട്ടുകാരെ എന്ന് മനസ്സിൽ പറഞ്ഞു. എന്റെ ഗുരുവായൂരപ്പാ ഭഗവാനേ... എന്താ ഇങ്ങനെയൊരു സ്വപ്നം കാട്ടിത്തന്നത്. അമ്പാടിത്തറവാട്ടിലെ എന്റെ സ്നേഹമൂറുന്ന ആ വലിയ മനസ്സും, അവസ്ഥയും എനിക്ക് നന്നായിട്ടറിയാം. ആരും കേൾക്കാതെയും കാണാതെയും എനിക്ക് നൽകിയിട്ടുണ്ട് ആ സ്നേഹവാത്സല്യം. കരുണാമയനായ ദൈവമേ.. എന്റെ പിതാവിന് ആയുരാരോഗ്യവും ദീർഘായുസ്സും, മനസുഖവും കൊടുക്കേണമേ. മണിക്കുട്ടൻ ശബ്ദമുണ്ടാക്കാതെ മനസ്സിൽ പ്രാർത്ഥിച്ചുകൊണ്ട് കമ്പിളിപ്പുതപ്പ് പുതച്ച്മൂടി അതിനുള്ളിൽ അമ്മയുടെ ഗർഭപാത്രത്തിലെന്നപോലെ ചുരുണ്ടുകൂടി കിടന്നു. നിസ്സഹായനായിട്ട്....

**സ്നേറോ**
സി.നം.106/19



# നോർമൽ

സാറേ... എനിക്ക് എന്ത് പറ്റിയെന്ന് നിങ്ങള് പറ
എനിക്ക് പണ്ട്...
നല്ല ചൊടിയുണ്ടാർന്ന്... നല്ല ഉസാർ ഉണ്ടാർന്നു
നല്ല സങ്കടം ഉണ്ടാർന്ന്.. കണ്ണീർ ഉണ്ടാർന്നു
നല്ല ദേഷ്യവും വാശിയും ഉണ്ടാർന്ന്...
നല്ല വിശപ്പ് ഉണ്ടാർന്ന്... കോനെ കഴിക്കുമായിരുന്നു
നന്നായി നയിക്കണം എന്നകൊതി ഉണ്ടാർന്നു
സാറേ... ഇപ്പോ എനിക്കെന്ത് പറ്റിയെന്ന് നിങ്ങള് പറ
എനിക്കിപ്പോ...
ഒട്ടും ചൊടിയില്ല... ഉസാറില്ല
ഒട്ടും സങ്കടോം വരുന്നില്ല, കരച്ചലും വരുന്നില്ല
ഒന്നിലും ഒരു വാശിയും ദേഷ്യോം ഇല്ല
സാറേ.. ഇപ്പോ എനിക്കെന്ത് പറ്റിയെന്ന് നിങ്ങള് പറ
എനിക്കിപ്പോ..
ശരീരം ഉണ്ടെന്നേ തോന്നുന്നില്ല
ചത്ത കോഴിയെ പോലെയാണ്
ഒട്ടും ബേജാർ ഇല്ലാത്തത് എന്തുകൊണ്ടാ?
മനസില്ലാത്ത ആളെയെപോലെയാ
തിന്നണം, നയിക്കണം, വേണം, വേണ്ട
എന്ന ചിന്തയെല്ലാം പോയി
സാറേ... എനിക്കെന്ത് പറ്റിയെന്ന് നിങ്ങള് പറ

സി.നം.701/18

# തിരിച്ചുവരവ്

അമ്മിണിചേച്ചീ... തന്റെ പേര് വിളിക്കുന്നത് കേട്ട് അടുക്കളയിൽ കലത്തിലെ ചോറ് വാർത്തുവച്ചതിനുശേഷം പുറത്തേക്കിറങ്ങി ഉമ്മറത്തെത്തിയപ്പോൾ വീടിന് മുമ്പിൽ പരിചയമില്ലാത്ത മൂന്ന്പേർ നിൽക്കുന്നു. തനിക്ക് പരിചയമില്ലാത്തതുകൊണ്ട് ചോദിച്ചു. നിങ്ങൾ എവിടുന്ന് വരുന്നു? മറുപടിയായി ആഗതർ ചോദിച്ചു. ബേബിക്കുട്ടന്റെ അമ്മയല്ലേ? അതെ, അവന്റെ അമ്മയാണ്. ബേബിക്കുട്ടൻ ഇവിടെയുണ്ടോ? ഇല്ല അവൻ പുറത്ത് പോയിരിക്കുകയാണ്. ഞങ്ങൾ ഇവിടടുത്താണ്. നിങ്ങളുടെ മകന്റെ കാര്യം ഒന്നു പറഞ്ഞിട്ട് പോകാൻ വന്നതാണ്. അവൻ ഇന്നലെ ഈ നിൽക്കുന്ന രമേശേട്ടന്റെ മുട്ടനാടിനെ മോഷ്ടിച്ചുകൊണ്ടുപോയി. ഞങ്ങൾ അന്വേഷിച്ചപ്പോൾ ബേബിക്കുട്ടനാണെന്നറിഞ്ഞു. എന്താണ് ചേച്ചി! ഇങ്ങേര് വളരെ കഷ്ടപ്പെട്ടാണ് ആടുകളെ പോറ്റുന്നത്. ഞങ്ങളെ നാട്ടിൽ ജീവിക്കാൻ അനുവദിക്കുകയില്ലാന്നു വച്ചാൽ എന്താണ് ചെയ്യുക? പോലീസിൽ പരാതികൊടുക്കുവാനാണ് ആദ്യം ഞങ്ങൾ തീരുമാനിച്ചത്. പിന്നീട് അത് വന്ന് പറഞ്ഞതിനുശേഷം ചെയ്യാമെന്ന് വച്ചാണ് ഇവിടെയെത്തിയത്.

ആഗതരുടെ വിവരം കേട്ടപ്പോൾ അമ്മിണിയ്ക്ക് തലകറങ്ങുന്നതുപോലെ തോന്നി. ഉമ്മറത്ത് നടക്കല്ലിൽ പിടിച്ചിരുന്ന് തേങ്ങുകയായിരുന്നു അമ്മിണി. തന്റെ മകന്, ഇപ്പോൾ ഇരുപത്തിനാല് വയസ്സ് കഴിഞ്ഞിരിക്കുന്നു. അവന് രണ്ട് വയസ്സുള്ളപ്പോഴാണ് ഭർത്താവ് തങ്കച്ചൻ കിണറ്റിൽ വീണ് മരിക്കുന്നത്. നന്നായി മദ്യപിക്കുമെങ്കിലും കുടുംബം നോക്കുമായിരുന്നു. ഒറ്റമകൻ അവനെ ഇങ്ങനെയായിതീർന്നു.

ഞങ്ങളെന്താണ് ചെയ്യേണ്ടത്? ചോദ്യം കേട്ട് തല ഉയർത്തിനോക്കി രമേശേട്ടന് ആ ആടിന്റെ വില എത്രയായാലും ഞാൻ അടുത്തയാഴ്ച വീട്ടിലെത്തിക്കാം.

അമ്മിണിയുടെ ഉറപ്പിൽ അവർ മൂവരും തിരിച്ചു നടന്നു. അടുത്തയാഴ്ച ഞാൻ എങ്ങനെയാണ് ആ മുട്ടനാടിന്റെ കാശ് അവിടെ എത്തിച്ചുകൊടുക്കുക?

നഗരത്തിലെ കൂൾബാറിൽ ഒരു മേശയ്ക്ക് ഇരുവശവും ഇരുന്ന് ഐസ്ക്രീം നുണയുകയായിരുന്നു ബേബിക്കുട്ടനും അവന്റെ പുതിയ കാമുകി ലിസിമോളും. അവന്റെ സ്വഭാവം അത്ര നല്ലതല്ലായെന്ന് ലിസിമോൾക്ക് അറിയാമായിരുന്നു. അവന്റെ ചീത്തകൂട്ടുകെട്ട്, മദ്യപാനം, പുഴക്കരയിലിരുന്നുള്ള ചീട്ടുകളി തുടങ്ങിയ സ്വഭാവങ്ങൾ അവൾ ശരിക്കും മനസിലാക്കിയിരുന്നു. ഇപ്പോൾ തന്റെ ചൊൽപ്പടിക്ക് വരുന്ന ബേബിക്കുട്ടനെ മാറ്റിയെടുക്കാനും അവന്റെ പൗരുഷം അനുഭവിക്കാനും അവൾ



ഉറച്ചു തീരുമാനിച്ചു.

ലിസിയാണ് തുടങ്ങിവച്ചത് എന്താ ബേബിക്കുട്ടാ.. നമ്മുടെ രജിസ്റ്റർ മാരേജ് അടുത്ത മാസം നടത്തിക്കൂടെ? ഇപ്പോൾത്തന്നെ മൂന്ന് ആലേചനകളായി വരുന്നു. ആദ്യം മൗനമായിരുന്നെങ്കിലും പിന്നീടവന് സമ്മദിക്കേണ്ടി വന്നു. ലിസിയുടെ മനസ്സ് നിറഞ്ഞ് തുളുമ്പുകയായിരുന്നു കാരണം ബേബിക്കുട്ടൻ കാണാൻ സുന്ദരനായിരുന്നു.

അടുത്ത മാസം മൂന്നാം തിയ്യതി നഗരത്തിനടുത്തുള്ള രജിസ്ട്രാർ ഓഫീസിൽ വച്ച് ബേബിക്കുട്ടൻ ലിസിയെ വിവാഹം ചെയ്തു. സുഹൃത്തുക്കളുടെ കൂടെ ജീപ്പിൽ വന്ന് വീട്ടുമുറ്റത്ത് ഇറങ്ങുമ്പോൾ അമ്മ കിണറ്റിൽ നിന്നും വെള്ളം എടുത്ത് വരികയായിരുന്നു. അന്തം വിട്ടു നിൽക്കുന്ന അമ്മ മകനെയും മരുമകളെയും അകത്തേയ്ക്ക് കൊണ്ടുപോയി.

രണ്ടു വർഷങ്ങൾക്കുശേഷം ലിസി തന്റെ കൂട്ടുകാരി ലതയെ കണ്ടുമുട്ടി വിശേഷങ്ങൾ പറയുന്ന കൂട്ടത്തിൽ ബേബിക്കുട്ടന്റെ കാര്യം ലത ചോദിച്ചു. ലതേ, എന്റെ ബേബിച്ചൻ ജോലിക്ക് പോയിരിക്കുകയാണ്. ടൗണിൽ ലോഡിംഗിന്റെ ജോലിയാണ്. കുട്ടികൾ ഒന്ന് ആൺകുട്ടി. രണ്ടാമത്തേത് ഇതാ എന്റെയൊപ്പം ആറുമാസം. എന്നീട്ടും ലതയുടെ സംശയം തീർന്നില്ല നിന്റെ ബേബിച്ചന്റെ സ്വഭാവം! അവൾ പറഞ്ഞ് നിർത്തിയേടത്ത് നിന്ന് ലിസി തുടങ്ങി. അതെ എന്റെ ബേബിച്ചന്റെ ചീത്ത സ്വഭാവങ്ങൾ ഒന്നുംതന്നെയിപ്പോൾ ഇല്ല ജീവിതത്തിലെ അദ്ദേഹത്തിന്റെ ഈ തിരുച്ചുവരവിലാണ് ഞാൻ ഏറെ സന്തോഷിക്കുന്നത്.

സി.നം.112/20

# അവസാനത്തെ യാത്ര

ഇടതടവില്ലാതെ ശക്തമായി മഴ പെയ്യാൻ തുടങ്ങിയിട്ട് ഇന്നേക്ക് മൂന്നാം നാൾ ആയി. എങ്ങും വെള്ളം മാത്രം... മഴവെള്ള പ്പാച്ചിലിന്റെ കുത്തൊഴുക്ക് ശബ്ദം മാത്രം.

മഴയെയും തണുപ്പിനേയും അവഗണിച്ച് നാണിയമ്മൂമ അതിരാവിലെ തന്നെ എഴുന്നേ റ്റ് ജോലികളിൽ വ്യാപൃതയായി കഴിഞ്ഞു. നാണിയമ്മൂമ്മയ്ക്ക് പ്രായം എൺപത് കഴി ഞ്ഞു.. നല്ല ആരോഗ്യം.. തൊലികൾ ചുളു ഞ്ഞിട്ടില്ലായിരുന്നു എങ്കിൽ നാൽപത് വയസ്സെ പ്രായം തോന്നുകയൊള്ളൂ.. വെളുത്ത നിറം ഒത്ത ശരീരം.. പ്രായത്തെ വെല്ലുവിളിച്ചുകൊ ണ്ട് ഏത് കഠിന ജോലിയും നിഷ്പ്രയാസം ചെയ്തു തീർക്കും.

രാവിലെക്കുള്ള ഭക്ഷണം തയ്യാറാക്കിവെച്ച് ഉച്ചക്കത്തെ കഞ്ഞിക്ക് അരി അടുപ്പത്ത് ഇടു മ്പോൾ ചിന്നന്റെ നിർത്താതെയുള്ള ഒരിയി ടൽ കേട്ടിട്ടാണ് നാണിയമ്മൂമ്മ തിരിഞ്ഞു നോക്കിയത് മക്കളെപ്പോലെ നാണിയമ്മൂമ്മ വളർത്തുന്ന ഒരുകൂട്ടം നായ്ക്കുട്ടന്മാരിൽ ഏ റ്റവും മിടുക്കനാണ് ചിന്നൻ.

കറുത്ത് ഇരുണ്ട് രോമാവൃതമായ ഒരുആജാ നുബാഹു. തലയിൽ പ്രൗഢഗംഭീരമായ കി രീടവും, ഇടത് കൈയ്യിൽ സ്വർണ്ണ നിറമാർ ന്നഗദയും. വലതുകൈയ്യിൽ ഊരാക്കുടുക്കിട്ട കയറുമായി പോത്തിന്റെ പുറത്ത് ഏറിവന്ന നവാഗതനെ സസൂക്ഷമം നിരീക്ഷിച്ചുകൊണ്ട് നാണിയമ്മൂമ്മ ഇളം പുഞ്ചിരി തൂകി.

കണ്ടമാത്രയിലും കാണാമാത്രയിലും തൻ സ്വരൂപം കണ്ട് ബോധരഹിതരാകുന്ന മനു ഷ്യ ജന്മങ്ങളിൽ നിന്നും വ്യത്യസ്ഥമായി വാ ത്സല്യരൂപേണ പുഞ്ചിരി തൂകി നിൽക്കുന്ന നാണിയമ്മൂമ്മയോട് നവാഗതന് ആദരവും വാത്സല്യവും തോന്നിപ്പോയതിൽ ആശ്ചര്യ മില്ല.

ഞാനാണ് കാലൻ അമ്മൂമ്മയെ യമപുരിയായ എന്റെ ലോകത്തേയ്ക്ക് കൊണ്ട്പോകാനാണ് ഞാൻ വന്നിരിക്കുന്നത്. ഇനിയൊരു നിമിഷം പോലും ഭൂമിയിൽ ജീവിച്ചിരിപ്പാൻ അമ്മൂമ്മ യ്ക്ക് അർഹതയില്ല. എന്റ കൂടെ ഇപ്പോൾ തന്നെ വരണം. സ്വതസിദ്ധമായ ചിരിയോടും വാത്സല്യത്തോടും കൂടി നാണിയമ്മൂമ്മ പറ ഞ്ഞു എന്റെ മകൻ ജോലിക്കഴിഞ്ഞു ക്ഷീണി ച്ചു വരുമ്പോൾ അവന്റെ ക്ഷീണം അകറ്റാൻ കുറച്ച് കഞ്ഞിവെച്ചിട്ട് ഞാൻ വരാം.. കുറച്ച് സമയം തരണം. ക്ലേശകരമായ ആവശ്യം ആ

യിട്ടും കണ്ടമാത്രയിൽ തോന്നിപോയ വാത്സല്യം കാരണം കാലൻ മൗനാനുവാദം നൽകി.

കഞ്ഞി ഉണ്ടാക്കി കഴിഞ്ഞ നാണിയമ്മൂമ്മയോട് ചോദ്യഭാവേന നിന്ന കാലനോട് വീണ്ടും നാണിയമ്മൂമ്മ ഉണർത്തിച്ചതാകട്ടെ അവസാ



നമായി കഞ്ഞിയും ചമ്മന്തിയും കൂട്ടി ഒരു ഭക്ഷണം അതും സാക്ഷാൽ കാലനുമൊത്ത് അമ്മൂമ്മയുടെ ആ ആഗ്രഹവും നിറവേറ്റിയ കാലൻ അക്ഷമനായി നിൽക്കുന്നത് കണ്ടപ്പോൾ നാണിയമ്മൂമ്മയ്ക്ക് ഒരു ആഗ്രഹം ഒരു കട്ടൻ ചായ കുടിക്കാൻ അമ്മൂമ്മയുടെ ആഗ്രഹത്തിനുമുന്നിൽ കാലൻ നിസ്സഹായനായി. ഒരു നിമിഷം പോലും ഭൂമിയിൽ നിൽക്കാൻ അനുവാദമില്ലാത്ത നാണിയമ്മൂമ്മ കുളിയ്ക്കാനായി തോർത്തുമെടുത്ത് വന്നപ്പോൾ മനസ്സിലെ നീരസം മറച്ച് പിടിച്ച്കൊണ്ട് കാലൻ പുഞ്ചിരി തൂകിയതേയുള്ളൂ. കുളിയും കഴിഞ്ഞ് സെറ്റ്സാരിയും ഉടുത്ത് നെറ്റിയിൽ ഭസ്മക്കുറിയുമായി ഇറങ്ങിവന്ന നാണിയമ്മൂമ്മയെ കണ്ടാൽ ആരും ഒന്ന് നോക്കിനിന്നുപോകും. ആ പ്രൗഢഗാംഭീര്യം അത്രയ്ക്കും വർണ്ണനാതീതമാണ്. 'നമുക്ക് പോകാം' എന്ന് മൃദു സ്വരത്തിൽ നാണിയമ്മ പറഞ്ഞപ്പോൾ കാലന് അത്യധികം സന്തോഷം തോന്നിയെങ്കിലും അനങ്ങാതെ നിൽക്കുന്ന നാണിയമ്മൂമ്മയെ കണ്ട് ആശ്ചര്യവും വന്നു. ഇനിയെന്ത് പറ്റി എന്ന ആശ്ചരേനയുള്ള ചോദ്യത്തിന്, അല്ല കാലൻ ഇവിടിരുന്നാൽ എനിക്ക് വീട് പൂട്ടാൻ പറ്റുന്നതെങ്ങനെ എന്ന മറു ചോദ്യമായിരുന്നു ഉത്തരം.

പുഞ്ചിരി തൂകികൊണ്ട് കാലൻ മുറ്റത്തേക്കിറങ്ങി നാണിയമ്മൂമ്മ വീട് പൂട്ടി താക്കോൽ ചെടിച്ചട്ടിയുടെ അടിയിൽ വയ്ക്കുന്നതും നോക്കിനിന്നു.

അങ്ങിനെ രണ്ട് പേരുംകൂടി പോത്തിന്റെ മുകളിൽ കയറി യാത്ര തുടങ്ങി. അനന്തമായ യാത്ര ഓരോ കൊച്ചുവർത്തമാനങ്ങളും പറഞ്ഞ് രണ്ട് പേരും യാത്രചെയ്യവെ നേരം വൈകി തുടങ്ങി വഴിയിലെങ്ങും ഇരുട്ട് വന്ന് തുടങ്ങിയിരുന്നു. അപ്പോഴാണ് നാണിയമ്മൂമ്മയുടെ മനസ്സിൽ ആ ചിന്ത ഉണർന്നത് 'കോഴിക്കൂട് അടച്ചില്ലല്ലോ... കോഴികൾ എല്ലാം പുറത്താണല്ലോ.... ദിവസവും മുട്ട തരുന്ന കോഴികളാണ് ഈ വക ചിന്തകൾ നാണിയമ്മൂമ്മയെ വല്ലാതെ അലട്ടി. തിരിച്ചു വന്നീട്ട് ആദ്യം കോഴിക്കൂട് അടക്കണം പിന്നെ പിന്നെ അനന്തമായി പിന്നെയും ആവശ്യങ്ങൾ. തിരിച്ചു വരവും ഓർത്തോർത്ത് നാണിയമ്മൂമ്മ യാത്ര തുടർന്നുകൊണ്ടേയിരുന്നു.

**ഭാസ്കരൻ**
സി.നം.924/18


# അവിചാരിതം

വലിയ വായിലൊരു നിലവിളി കേട്ടാണ് ഞാൻ റോഡിലേക്കു നോക്കിയത്. ഒരു പയ്യൻ വീണുകിടക്കുന്നു. രണ്ട് സ്ത്രീകൾ കരഞ്ഞ് ഒച്ചയുണ്ടാക്കിക്കൊണ്ട് പയ്യനെ എഴുന്നേൽക്കാൻ സഹായിക്കുന്നു. പയ്യന് മിണ്ടാട്ടമില്ല ആകെ രക്തത്തിൽ കുളിച്ചിട്ടുമുണ്ട്. അടുത്ത് ചെന്നപ്പോഴാണ് അറിയുന്നത് ആ പയ്യൻ എന്റെ തൊട്ടടുത്ത അയൽക്കാരന്റെ മകനാണ്. ഒരു ബൈക്ക് പയ്യനെ ഇടിച്ചുതെറിപ്പിച്ച് നിർത്താതെ പോയതായി ആ സ്ത്രീകൾ പറഞ്ഞു. എനിക്കതിൽ ആത്ഭുതമൊന്നും തോന്നിയില്ല. ഇതേ ഭാഗത്ത് രണ്ടാഴ്ചയ്ക്കകം നാലാമത്തെ മോട്ടോർബൈക്ക് അപകടമാണ്. സാധാരണ വണ്ടി ഓടിക്കുന്നവനും പരിക്ക് പറ്റാറുണ്ട്. എന്നാൽ ഇവിടെയങ്ങനെയല്ല വണ്ടി നിർത്താതെ ഓടിച്ചുപോയി പോലും. ഇപ്പോൾ റോഡിലിറങ്ങി നടക്കുമ്പോൾ പേടിക്കണം. മോട്ടോർ ബൈക്കുകളൊന്നും അറുപത് കി.മീ. സ്പീഡിൽ കുറഞ്ഞ് ഓടാറില്ല. മിക്കവാറും എല്ലാ കൗമാരക്കാർക്കും ബൈക്ക് സ്വന്തമായുണ്ട്താനും.

പെട്ടെന്ന് അതിലേവന്ന ഓട്ടോറിക്ഷാ വിളിച്ചു നിർത്തി ഞാൻ പയ്യനെ പൊക്കിയെടുത്തു വണ്ടിയിലാക്കി ആശുപത്രിയിലേക്ക് വിട്ടു. ഓട്ടോ ആശുപത്രിയിലേക്ക് ഓടിയ ആ അര കിലോമീറ്റർ ദൂരത്തിനിടെ അഞ്ചെട്ടു ബൈക്കുകാർ ഓട്ടോറിക്ഷയെ ഓവർടേക്ക് ചെയ്ത് പോയിട്ടുണ്ടാവും.

സർക്കാർ ആശുപത്രികളിൽ ഡോക്ടർ ഉള്ള സമയമായത് ഭാഗ്യമായി. പരിശോധിച്ച ശേഷം ഡോക്ടർ പറഞ്ഞത് 'ഒന്ന് സ്കാൻ ചെയ്യേണ്ടി വരും, നട്ടെല്ലിന് പരിക്കുണ്ടോ എന്ന് സംശയമുണ്ട്' എന്നാണ്. കെണിഞ്ഞല്ലോ ഈശ്വരാ എന്ന് ഞാൻ കരയാൻ തുടങ്ങുമ്പോളേയ്ക്കും പയ്യന്റെ ബന്ധുക്കളെത്തി തൽക്കാലം ഞാൻ രക്ഷപ്പെട്ടു. ഓട്ടോ കൂലി കയ്യിൽ നിന്ന് പോയി. സാരമില്ല ഇതിലും വലുതെന്തോ സംഭവിക്കാനിരുന്നതാണ് എന്ന് സാധാനിച്ചു. കൂടാതെ അയൽക്കാരുമല്ലേ? പക്ഷേ ഇനിയും ഇങ്ങനെ ഒരു അവസ്ഥ കണ്ടാൽ പെട്ടെന്ന് ഓടിച്ചെല്ലരുതെന്ന് മനസ്സിൽ ഉറപ്പിക്കുകയും ചെയ്തു. വളരെ അത്യാവശ്യമായി ഒരാളെ കാണാനുണ്ടെന്ന് അവരോട് പച്ച നുണ പറഞ്ഞ് അവിടെ നിന്ന് ഊരി.

വൈകീട്ട് അങ്ങാടിയിൽ എത്തിയപ്പോഴാണ് അറിയുന്നത് പോലീസ് അന്വേഷിക്കുന്നുണ്ടെന്ന്. വേഗം തന്നെ പോലീസ് സ്റ്റേഷനിലേക്ക് കയറിച്ചെന്നു. പയ്യന്റെ അപകടത്തെപ്പറ്റി അന്വേഷിക്കാനാണ് വിളിപ്പിച്ചത്. ഞാൻ ചെയ്തത് നല്ല കാര്യമാണെന്ന് അവർ സമ്മതിക്കുന്നുണ്ട്. പക്ഷേ നിയമം ഇങ്ങനെയൊക്കെയാണുപോലും. പരിചയമുള്ള പോലീസായതുകൊണ്ട് രണ്ടിടി കൂടുതൽ കിട്ടുമെന്ന് വിചാരിച്ചിരുന്നു. പക്ഷേ അങ്ങനെയൊന്നും സംഭവിച്ചില്ല. അവിടെ നടന്ന കാര്യങ്ങളെപ്പറ്റി കുത്തി കുത്തിച്ചോദിച്ചു. ഞാൻ പറഞ്ഞ മറുപടിയും കുറേ പറയാത്തതുമൊക്കെ എഴുതിയെടുക്കുന്നത് കണ്ടു. 'ആവശ്യം വന്നാൽ



വീണ്ടും വിളിപ്പിക്കും, ഹാജരായികൊള്ളണം' എന്ന് പേടിപ്പിച്ചു. അവർ തന്ന കടലാസിൽ ഒപ്പിട്ടുകൊടുത്ത് ഞാൻ പുറത്തിറങ്ങി.പേടി കൊണ്ട് ഞാനാകെ വിയർത്തുകുളിച്ചിരുന്നു. ഇനി ഈ ജന്മത്തിൽ ഇങ്ങനെയുള്ള ഏടാ കൂടത്തിലൊന്നും ചെന്നു പെടുകയില്ല എന്ന് മനസ്സിൽ ശപഥം ചെയ്തു.

പയ്യൻ ആശുപത്രിയിൽ നിന്ന് പോകാൻ ര ണ്ടു മാസമെടുത്തു. അവന്റെ കൂട്ടുകാരന്റെ വണ്ടി തന്നെയാണത്രേ അവനെ ഇടിച്ചിട്ട് പറന്ന് പോയത്. പാർട്ടിയുടെ ജില്ലാ പ്രസി ഡണ്ടിന്റെ മകനാണ് പയ്യന്റെ കൂട്ടുകാരൻ. അതുകൊണ്ട് ആശുപത്രി ചിലവുകളെല്ലാം പ്രസിഡണ്ട് വഹിച്ചു. അങ്ങനെയും ഉണ്ട് ചി ല നേതാക്കൾ. പൈസ ചിലവാക്കാൻ ഒരു മടിയും ഉണ്ടാവില്ല. ആശുപത്രിയിൽ നിന്ന് വന്നതിനുശേഷം ഞാൻ കാണുമ്പോൾ പയ്യ ന് പറ്റേ ക്ഷീണമാണ്. ഇരുനിറത്തിൽ തു ടുത്തിരുന്ന പയ്യൻ ഇപ്പോൾ ചെകുത്താൻ ഊമ്പിയപോലെ ആയിരിക്കുന്നു. വിളർച്ച യും മുഖത്തൊക്കെ നീരും ഉണ്ടായിരുന്നു. ആശുപ്ത്രിയിൽ രണ്ടുതവണ മാത്രമേ ഞാൻ ചെന്നുനോക്കിയൊള്ളൂ. മറ്റൊന്നുംകൊണ്ടല്ല പണം ചിലവായാലോ എന്ന പേടി മാത്രം. ഭാഗ്യവശാൽ പോലീസിന്റെ ശല്യം പിന്നെ ഉണ്ടായിട്ടില്ല.

പിന്നെയൊരു ദിവസം ഞാൻ കാണുന്നത് പയ്യനെ ഇടിച്ച അതേ ബൈക്ക് പയ്യൻ ഓടി ച്ചുവരുന്നതാണ്. എന്നെകണ്ടിട്ട് ഒന്നു പുഞ്ചി രിക്കാൻ പോലും അവൻ മനസ്സുകാണിച്ചില്ല, നന്ദികെട്ടവൻ വാണം വിട്ടപോലെ വണ്ടി ഒടി ച്ചുപോയി. ഒന്നേ ഉള്ളുവെങ്കിലും ഉലക്കകൊ ണ്ടടിച്ചു വളർത്തണം എന്നാണ് പഴഞ്ചൊല്ല്. പയ്യന്റെ മാതാപിതാക്കൾ ഒലക്കകൊണ്ടടിച്ചി ല്ലെന്ന് മാത്രമല്ല കണ്ടമാനം പുന്നാരിച്ച് വളർ ത്തുകയും ചെയ്തു. അനുഭവിക്കട്ടെ!! ഓ... ഈ ന്യൂജൻ ഇങ്ങിനെയൊക്കെയേ പോകൂ. ഞാൻ അങ്ങിനെ സമാധാനപ്പെട്ടു.

അതിനുശേഷം ഒരാഴ്ച കഴിഞ്ഞില്ല അതേ ബൈക്കും നമ്മുടെ പയ്യനും റോഡരുകിൽ തെ റിച്ചു വീണുകിടക്കുന്നു. ഞാൻ അടുത്തേക്ക് പോകാൻ മെനക്കെട്ടില്ല. വെറുതെ പൊല്ലാപ്പ് പിടിക്കണ്ടല്ലോ. അഥവാ ഞാൻ ചെന്നാൽ ഞാനൊരു വിവരമില്ലാത്തവനായിപ്പോവും.

ഞാനൊരു ബുദ്ധിജീവിയാണ് എന്നുതന്നെയാണ് എന്റെ വിശ്വാസം. ചെക്കനെ ആരൊക്കെയോ ചേർന്ന് എടുത്ത് ആശുപത്രിയിൽ എത്തിച്ചു. കാര്യമായ പരിക്കൊന്നും ഇല്ലെന്ന് കേട്ടപ്പോൾ ഞാനും ആശുപത്രിവരെ പോയി നോക്കി.

പയ്യനെ വണ്ടി ഇടിച്ചതൊന്നുമല്ലത്രേ മന്ത്രിയുടെ വാഹനവ്യൂഹം കടന്നുപോയപ്പോൾ അതിന്റെ കാറ്റുതട്ടി പേടിച്ചു വീണതാണ് പോലും. ശരിയായിരിക്കും, പയലറ്റു വാഹനവും പിന്നെ വയലറ്റു വാഹനവും പിന്നെ മറ്റു പല ജറ്റ് വാഹനങ്ങളുടെയും അകമ്പടിയോടെ മന്ത്രിയുടെ വാഹനം കടന്നു പോകുമ്പോൾ പത്ത് മീറ്റർ അകലെ ഉണ്ടായിരുന്ന എനിക്കുപോലും തലചുറ്റലുണ്ടായിട്ടുണ്ട്. പിന്നെയല്ലേ ഈ കിളുന്നു പയ്യൻ. കാറ്റുതട്ടി വീണതിന് മന്ത്രിക്കെതിരെ കേസെടുക്കാൻ പറ്റുമോ മന്ത്രിയുടെ വണ്ടി തട്ടി വീണാൽ പ്പോലും കേസുകൊടുത്താൽ ഏശുകയില്ല. പിന്നെയല്ലേ, എന്നാലും ഞാൻ ആലേചിച്ചത് അതല്ല. നമ്മുടെ ഈ പാവം മന്ത്രിമാർ ജീവൻ പണയം വച്ചല്ലേ ഈ നൂറ്റി ഇരുപത് സ്പീഡിലൊക്കെ യാത്ര ചെയ്ത് പൊതുജനങ്ങളെ സേവിക്കുന്നത്? മൂന്നുലക്ഷം കോടിയോളം രൂപ കടമുള്ള നമുക്ക് ഒരു ലക്ഷം കോടി രൂപയും കൂടി കടം വാങ്ങി ഒരു പത്തുമുപ്പത് മന്ത്രിമാരെക്കൂടി നിയമിച്ച് ഇപ്പോഴുള്ള ഈ പാവം മന്ത്രിമാരുടെ ജോലിഭാരം കുറയ്ക്കരുതോ? മന്ത്രി വാഹനത്തിന്റെ സ്പീഡ് അൽപ്പം കുറച്ചാൽ തന്നെ എന്നെപ്പോലുള്ള മാന്യമാർക്ക് റോഡിൽക്കൂടി പേടിക്കാതെ നടക്കാമായിരുന്നല്ലോ. എന്തായാലും പയ്യൻ ഈ തവണയും ഒരു മാസം കിടപ്പിലായി. ആരും ചെലവുനൊന്നും കൊടുത്തില്ല. പയ്യന്റെ രക്ഷിതാക്കളുടെ കഷ്ടകാലം.

എഴുന്നേറ്റ് നടക്കാനായപ്പോൾ പയ്യൻ പഴയതുപോലെ അങ്ങാടിയിൽത്തന്നെയാണ്. ഒറ്റപുത്രനായതുകൊണ്ട് അൽപ്പം വളർത്തുദോഷവും ഉണ്ടെന്ന് വച്ചോ. ഞാൻ ഉപദേശിക്കാനൊന്നും പോയില്ല. നല്ലത് പറഞ്ഞുകൊടുത്താൽ അവരുടെ വെറുപ്പ് സമ്പാദിക്കാൻ കഴിയും എന്ന് ഞാൻ എന്നേ പഠിച്ചുവെച്ചിരിക്കുന്നു. അതുകൊണ്ട് ഞാനൊന്നുമറിഞ്ഞില്ലേ രാമനാരായണാ! എന്നങ്ങ് വെക്കും. അതാ അതിന്റെ ഒരുശരി. ഇപ്പോഴും പാർട്ടിജില്ലാ പ്രസിഡണ്ടിന്റെ മകൻ തന്നെയാണ് പയ്യന്റെ അടുത്ത സ്നേഹിതൻ. അൽപ്പസ്വൽപ്പം രാഷ്ട്രീയമൊക്കെയുണ്ട്. നാട്ടിൽ അറിയപ്പെട്ടുതുടങ്ങി . അങ്ങനെയെങ്കിൽ അങ്ങനെ നമ്മുടെ നാട്ടിൽ നിന്ന് ഒരു മന്ത്രിയുണ്ടായാൽ നമുക്കല്ലേ ഗുണം? എത്ര പ്രശ്നമുണ്ടെങ്കിലും ഓടിച്ചെന്ന് പറയാലോ? വലിയകാലമൊന്നും പിന്നിടുന്നതിന് മുമ്പ് പയ്യന് സ്വന്തമായി ഒരു മോട്ടോർബൈക്കുണ്ടായി. നന്നായിവരട്ടെ. ഞാൻ മനസ്സുകൊണ്ട് അനുഗ്രഹിച്ചു. അയൽക്കാരൻ പണമുള്ളവനായാൽ അങ്ങോട്ടൊന്നും കൊടുക്കണ്ടല്ലോ? മാസങ്ങൾക്കകം ബൈക്ക് കൂടാതെ ഒരു കാറും പയ്യന് സ്വന്തം. രണ്ട് മൂന്നു ദിവസം കൂടുമ്പോളൊക്കെയേ വീട്ടിലെത്താറൊള്ളൂ. അന്വേഷിക്കുമ്പോഴൊക്കെ ആൾ തിരക്കിലാണെന്നറിയും. കൂലിപ്പണിക്കാരായിരുന്നു പയ്യന്റെ രക്ഷിതാക്കൾ വീടിനോടടുപ്പിച്ച് അരയേക്കർ സ്ഥലം കൂടി വാങ്ങി അതിൽ പണിയെടുപ്പിക്കലും മറ്റുമായി സംഗതി കുശാൽ ഇക്കാലമത്രയും ഞങ്ങളുടെ റോഡിൽ എത്രയോ ചെറുപ്പക്കാർ ബൈക്ക് അപകടങ്ങളിൽ പെട്ടുകൊണ്ടേയിരുന്നു.

പയ്യനിപ്പോൾ പഴയതുപോലൊന്നുമല്ല. കട്ടിമീശയൊക്കെവെച്ച് മുടി പ്രത്യേക രീതിയിൽ ക്രോപ്പു ചെയ്ത് ഒരു പ്രത്യേക ഷെയ്പ് വരുത്തിയിട്ടുണ്ട്. ഇപ്പോൾ എന്നെ കണ്ടാൽ മിണ്ടാൻപോലും അവന് സമയമില്ല. മര്യാദകെട്ടവൻ പിന്നെ ഞാനാലോചിക്കും. ചിലപ്പോൾ അമ്പത് വർഷംകൊണ്ട് അവസാനിക്കാൻ പോകുന്ന ഈ ഭൂമിയിൽ എവനൊക്കെ മിണ്ടിയിട്ട് എനിക്ക് എന്തൊണ്ടാക്കാനാണ്. പോയാൽ പാട്ടിന് പോകട്ടെ.

ഇന്നലെ പതിവുപോലെ എന്റെ വൈകുന്നേര നടത്തത്തിലാണ് കണ്ടത്. ഏതാണ്ട് നൂറ് മീറ്റർ അകലെ രണ്ടോ മൂന്നോ കാറുകൾ പെട്ടെന്ന് വന്ന് നിൽക്കുകയും ആളുകളുടെ അലർച്ചയും കേട്ടു. ഞാൻ നിന്നിടത്തുതന്നെ നിന്നു. പിന്നെ തിരിച്ചു വീട്ടിലേയ്ക്ക് തന്നെ നടന്നു. പിന്നെ വീട്ടിലിരുന്ന് സ്വസ്ഥമായി വിവരമെല്ലാം അറിഞ്ഞു. ഏതോ ഒരു ക്വൊട്ടേഷൻ സംഘത്തിന്റെ ആക്രമണത്തിൽ പയ്യനും സ്നേഹിതനും കൊല്ലപ്പെട്ടിരിക്കുന്നു. സംഘത്തിന് ആളുമാറിപ്പോയതാണ് എന്നാണ് പരക്കെ അറിയപ്പെടുന്നത്.

**അൻസാർ**
സി.നം.213/20

# പുഞ്ചിരിയുടെ വില

ഒരിക്കൽ ഒരു ഗ്രാമത്തിൽ ധനികയായ ഒരു വിധവ താമസിച്ചിരുന്നു. ഒറ്റയ്ക്കായിരുന്ന അവരോട് അവരെ അറിയാവുന്ന ആരും തന്നെ ബന്ധം പുലർത്തുകയോ സംസാരിക്കുയോ ചെയ്യാറില്ല. വിധവയെന്ന ഒറ്റക്കാരണത്താൽ. അങ്ങനെ ഒരു ദിവസം അത് വഴിപോകുന്ന ഒരാൾ അതീവ ദുഖിതയായി ഇരിക്കുന്ന വിധവയെ കണ്ടു അപ്പോൾ അയാൾക്ക് അവരോട് സഹതാപം തോന്നുകയും ചെയ്തു. എനിക്ക് ആരും തന്നെയില്ല എന്ന തോന്നൽ വേണ്ട. നിങ്ങൾക്ക് വേണമെങ്കിൽ എന്നെ തന്നെ നല്ല ഒരു സുഹൃത്തായി കണ്ടുകൂടെ എന്ന് അയാൾ പറഞ്ഞപ്പോൾ ആ വിധവയുടെ കണ്ണിൽ നിന്നും കണ്ണുനീർ ധാരധാരയായി ഒഴുകി. ആ വഴിപോക്കൻ ഒരു പോസ്റ്റ്മാൻ ആയിരുന്നു. അയാൾ അവരുടെ ദുഖങ്ങൾ കേട്ടറിഞ്ഞതിനുശേഷം സ്നേഹവാക്കുകൾകൊണ്ട് ആശ്വസിപ്പിച്ചു. നിങ്ങൾ വിഷമിക്കാതിരിക്കൂ എല്ലാം ശരിയാകും എന്നും പറഞ്ഞ് ആ പോസ്റ്റ്മാൻ അവിടെ നിന്നും വാക്കുകൾക്ക് വിരാമം കുറിച്ച് യാത്ര പറഞ്ഞു പോവുകയും ചെയ്തു. അങ്ങനെ സുഹൃത്തായി കണ്ട പോസ്റ്റ്മാൻ എല്ലാ ആഴ്ചയും അവർക്ക് കൃത്യമായി കത്തെഴുതും. പോസ്റ്റ്മാൻ, നിറഞ്ഞ ചിരിയോടെ അതെത്തിക്കുകയും ചെയ്യും.

കാലം കടന്നുപോയി ഒരു നാൾ ആ വിധവ മരിച്ചു. നാട്ടുകാർ അവരുടെ ശരീരം സംസ്കരിച്ചു വീട്ടിൽ നിന്നും നാട്ടുകാർക്ക് വിൽപത്രം കിട്ടി അതിൽ ഇങ്ങനെയായിരുന്നു. എന്റെ എല്ലാ സ്വത്തുക്കളും പോസ്റ്റ്മാനു നൽകണം എനിക്കയാളുടെ പേരറിയില്ല. പക്ഷേ എനിക്ക്



സമ്മാനിച്ചുകൊണ്ടിരിക്കുന്ന പുഞ്ചിരിക്കാണു ഞാൻ എന്റെ സ്വത്തുക്കൾ സമർപ്പിക്കുന്നത്. ഒരു പുഞ്ചിരിക്ക് ആ വിധവ കൽപ്പിച്ച വില അപ്പോഴാണു നാട്ടുകാർ അറിഞ്ഞത്. വാ്ക്കുകൊണ്ടോ ചിരികൊണ്ടോ മറ്റേതെങ്കിലും വിധത്തിലോ സേവനം ചെയ്യാൻ കിട്ടുന്ന ഒരവസരവും നാം പാഴാക്കരുത്. അതിനായി കാ്ത്തിരിക്കുന്നവർക്ക് അതു നൽകുന്ന സമാശ്വാസം എത്രയോ വലുതാണ് എന്ന് ആ വിധവയിലൂടെ നാട്ടുകാർക്കും ആയൽവാസികൾക്കും അപ്പോഴാണ് മനസ്സിലാകുന്നത്.

സി.നം.476/18

# ജയിലിൽ നിന്നും ജീവിതത്തിലേക്ക്

ജയിൽ എന്നുപറയുമ്പോൾ പാർശ്വവൽക്കരിക്കപ്പെട്ട ചില ആളുകൾ അറിഞ്ഞോ അറിയാതെയോ തന്റെ ജീവിതത്തിൽ ആകസ്മികമായി വന്നുചേർന്ന ഒരു നിമിഷത്തിന്റെ കൈപ്പിഴ അല്ലെങ്കിൽ മനസ്സിന്റെ കടിഞ്ഞാൺ നഷ്ടപ്പെട്ടുപോയ അവസരത്തിൽ സംഭവിച്ച് പോയ ഒരു തെറ്റ് അതിന്റെ ഭാഗമായി തടവിലാക്കപ്പെട്ടവർ. സമൂഹം എന്നും രണ്ടാംകിട പൗരന്മാരായിക്കാണുന്നവർ. നിയമത്തിന്റെ നൂലാമാലകൾ കീറിമുറിച്ച് പരിശോധനയും വാദവും നടത്തി ഒടുവിൽ കുറ്റക്കാരനാണെന്ന് ബഹുമാനപ്പെട്ട കോടതി സാക്ഷിമൊഴിയുടെയും ശാസ്ത്രപരിശോധനയുടെയും പിൻബലത്തിൽ കണ്ടെത്തിയ കുറ്റവാളികളെ തുറങ്കിലടയ്ക്കുന്നു. കുറ്റം ചെയ്ത വ്യക്തിക്കല്ല വ്യക്തി ചെയ്ത കുറ്റത്തിനാണ് ശിക്ഷവേണ്ടത്. തന്റെ ജീവിതത്തിൽ സംഭവിച്ചുപോയ ഒരു തെറ്റിന് സ്വന്തം ജീവിതം തന്നെ ചിലപ്പോൾ തടവറയിൽ കിടന്ന് തീർന്നുപോകുന്ന ഒരു തരം പ്രതിഭാസം. പക്ഷേ ആധുനിക സമൂഹത്തിൽ കുറ്റവാളികളായി കണ്ടെത്തിയവരെ മാനസിക പരിവർത്തനത്തിന് വിധേയരാക്കി തിരിച്ച് ജീവിതത്തിലേക്ക് മടക്കി നല്ല ഒരു വ്യക്തിത്വത്തിനുടമയാക്കി സമൂഹത്തിലേക്ക് തിരിച്ചയക്കാൻ ഉത്തരവാദിത്വം ഏറ്റെടുത്തിട്ടുള്ള മഹനീയമായ ദൗത്യം ഏറെക്കുറെ വർത്തമാനകാല ജയിലുകളിൽ സംഭവിക്കുന്നു എന്നത് ആശ്വാസകരമായ വാർത്തയാണ്.

നമ്മുടെ രാജ്യത്തുള്ള ജയിലുകളിൽ ഏറ്റവും കൂടുതൽ വിചാരണതടവിലുള്ളത് യുവാക്കളാണ് എന്നാണ് അടുത്തിടെ ഒരു പത്രവാർത്തയിൽ കണ്ടത്. എന്താണ് നമ്മുടെ യുവതലമുറ ലഹരിമരുന്നിനും മദ്യത്തിനും അടിമപ്പെട്ട് ചിന്താശേഷി നഷ്ടപ്പെട്ട് ചിലപ്പോൾ അക്രമത്തിലേക്ക് നീങ്ങുന്നു. അത്തരത്തിലുള്ള ആളുകൾ ഏറെക്കുറെ എല്ലാ ജയിലുകളിലും ഉള്ളതായിതന്നെ കാണുന്നു. മേൽ സൂചിപ്പിച്ചതുപോലെ അവരെ തിരിച്ച് സമൂഹത്തിലേക്കയക്കുമ്പോൾ അവർ നാളെ ഒരു നല്ല പൗരനായി മാറി നമ്മുടെ രാജ്യത്തിന് മുതൽക്കൂട്ടാവുന്ന ഒരു സ്ഥിതിയുണ്ടാവണം. ഇത്രയേറെ പുരോഗമിച്ചുകൊണ്ടിരിക്കുന്ന ആധുനിക സമൂഹത്തിൽ നിന്നും സമൂഹത്തിന്റെ പരിച്ഛേദമായ ജയിലുകളിൽ നിന്നും പ്രതീക്ഷിക്കുന്ന ഒരു കാര്യവും ഇതുതന്നെ.

അടുത്തിടെ പത്രമാധ്യമത്തിൽ വന്ന ഒരു വാർത്ത ജയിലധികാരികൾക്കും ഉദ്യോഗസ്ഥർക്കും ഒരു സെമിനാർ നൽകണം എന്ന് നമ്മുടെ രാജ്യത്തെ പരമോന്നത നീതിപീഠം അഭിപ്രായപ്പെടുകയുണ്ടായി. 'മനുഷ്യത്തമാ

ണ്' മറ്റെന്തിനേക്കാളും വലുത് എന്ന് പോലും നീതിപീഠത്തിന് ഓർമ്മപ്പെടുത്തേണ്ടി വന്നു. മാനസിക പരിവർത്തനത്തിന് എത്തിച്ചേർന്ന സ്ഥലത്തുനിന്നും പരിവർത്തനത്തിന് ഉതകുന്ന സമീപനങ്ങളാണ് ഉണ്ടാവേണ്ടത്. തന്റെ പരുക്കനായതും കാർക്കശ്യമുള്ളതുമായ സ്വഭാവത്തിൽ നിന്നും തിരിച്ച് ശാന്തിയുടെയും സമാധാനത്തിന്റെയും വഴിയിലേക്ക് തിരികെ വന്നവരുടെ അളവും നമ്മുടെ രാജ്യത്തിനകത്തുള്ള ജയിലുകളിൽ കുറവല്ല. അതിനായുള്ള ഒരു അന്തരീക്ഷം നമ്മുടെ രാജ്യത്തുള്ള ജയിലുകളിൽ ഉണ്ടാവണം. ജയിലിനകത്തേക്ക് ശിക്ഷിച്ചോ അല്ലെങ്കിൽ വിചാരണത്തടവുകാരനായോ കടന്നു വരുന്നവരെ പഴയകാല ജയിലുദ്യോഗസ്ഥർ ഭീകരമായ മർദ്ദനത്തിന് ഇരയാക്കിയിട്ടുണ്ടായിരുന്നു എന്നാണ് ചില ജയിൽവാസമനുഭവിച്ചവരുടെ ആത്മകഥയിൽ നിന്നും മനസ്സിലാക്കുവാൻ സാധിച്ചത്.

ജയിലിനകത്ത് മർദ്ദിച്ചവശരാക്കി കൊലപ്പെടുത്തി ജയിലിനകത്തുതന്നെ ഏതെങ്കിലുമൊരു കോണിൽ ശവശരീരം മറവുചെയ്ത പാരമ്പര്യം വരെ നമ്മുടെ രാജ്യത്തെ ജയിലിന് ഉണ്ട്. തികച്ചും പ്രാകൃതമായ ഈ രീതിക്ക് ഏറെക്കുറെ മാറ്റം വന്നു എന്നത് നമ്മുടെ സമൂഹത്തിന് വളരെ ആശ്വാസകരമാണ്. വർത്തമാനകാലത്ത് ജയിലുകളുടെ മുഖം ഏറെ മാറിയിരിക്കുന്നു എന്ന് തോന്നുന്നു. തടവുകാർക്ക് യഥേഷ്ടം വായനയിലും മറ്റ് വിനോദത്തിലും ഏർപ്പെടാനുള്ള സൗകര്യങ്ങൾ, വിദ്യാഭ്യാസം അവരവരുടെ യോഗ്യതയ്ക്കനുസരിച്ച് പൂർത്തീകരിക്കുവാനും ഉന്നതവിദ്യാഭ്യാസം നേടുവാനുള്ള സാഹചര്യം. ജയിലിനകത്തുനിന്നും പഠിത്തം പൂർത്തിയാക്കി തന്റെ പാതിവഴിയിൽ നിന്നുപോയ വക്കീൽ പരീക്ഷ പാസ്സായ ചരിത്രംവരെ ആധുനിക ജയിലുകൾക്കുണ്ട്. വിശിഷ്ട ദിവസങ്ങളുടെ ആഘോഷങ്ങൾ കലാകായിക മത്സരങ്ങൾ തുടങ്ങിയവ ജയിൽ വാരാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്നു എന്ന് പറയുമ്പോൾ തടവനുഭവിക്കുന്നവരുടെ മാനസിക സംഘർഷത്തിന് ഒരു അയവ് അനുഭവപ്പെടും എന്നത് തീർച്ച. ഒരു വ്യക്തിക്ക് തന്റെ മൗലികമായ എല്ലാ അവകാശങ്ങളും നിഷേധിക്കപ്പെടുന്നത് അവരുടെ മാനസീകാവസ്ഥ കൂടുതൽ തകരാറിലാക്കും എന്നുള്ളതാണ് സത്യം.

നമ്മുടെ രാജ്യത്ത് ജയിലുകളുടെ മുഖമാറ്റമാണ് പ്രത്യക്ഷമാവുന്നത്. അതുകൊണ്ട് തന്നെയാണ് പരിഷ്കൃത സമൂഹം വധശിക്ഷ അംഗീകരിക്കുന്ന ഒരു അവസ്ഥ ഒരു കാഴ്ചപ്പാട് കുറഞ്ഞ് വരുന്നത്. എങ്കിലും ചില കുറ്റകൃത്യങ്ങളുടെ കാഠിന്യം വച്ച് നിയമം അനുശാസിക്കുന്ന ശിക്ഷ വധശിക്ഷയാണെങ്കിൽ അത് നടപ്പിൽ വരുത്താതെ തരമില്ല. പക്ഷേ പല രാജ്യങ്ങളും ഇന്ന് വധശിക്ഷ അംഗീകരിച്ച് നിലപാടുകൾ എടുക്കുന്നില്ല എന്നത് മാറിയ സമൂഹത്തിന്റെ നേർരേഖയാണ്. കുറ്റവാളിയാണെങ്കിലും പ്രൊബേഷൻ പോലുള്ള ചില അനുകൂല്യങ്ങൾ കൂടുതലായി നടപ്പിൽ വരുത്തുന്നത്പോലും നമ്മുടെരാജ്യത്തുള്ള നിയമവ്യവസ്ഥയിലും സമൂഹത്തിലും വിശ്വാസതയും കീർത്തിയും ഉയർത്തുന്നതിന് ഉപകരിക്കും എന്നത് തർക്കമറ്റ കാര്യം തന്നെ.

എന്ത് തന്നെയായാലും ജയിലിനകത്ത് കഴിയുന്നവരും മനുഷ്യരാണെന്നും അവർക്കും വികാര വിചാരങ്ങളും ഉണ്ടെന്നും തന്റെ ഒരു സഹജീവിതന്നെയാണ് ചില സാഹചര്യ സമ്മർദ്ധത്തിന് അടിമപ്പെട്ട് ജയിലിനകത്ത് വന്നിരിക്കുന്നതെന്നും ഉള്ള കാഴ്ചപ്പാടിലൂടെ നോക്കിക്കാണുകയാണെങ്കിൽ എല്ലാവർക്കും നീതി ലഭിക്കുന്ന സുന്ദര സുരഭിലമായ ഒരു അവസ്ഥ ജയിലിനകത്ത് സൃഷ്ടിക്കുവാൻ സാധിക്കും എന്നും അതിലൂടെ തിരികെ സമൂഹത്തിലേക്ക് എത്തിപ്പെട്ടാൽ സഹജീവി സ്നേഹം ഏറ്റവും കൂടുതൽ കാണിക്കുന്നതും പിന്നീട് ഇത്തരം കുറ്റകൃത്യങ്ങളിൽ അറിഞ്ഞോ അറിയാതെയോ പെട്ടുപോകരുതെന്ന് ദൃഢനിശ്ചയം ചെയ്ത് ജീവിക്കുന്നവരുടെയും ലോകമായി ഈ രാജ്യവും ലോകവും മാറും എന്നതിൽ സംശയമില്ല. നിർബന്ധിത സാമൂഹ്യസേവനം പോലെയുള്ള കാര്യക്ഷമമായ പരിപാടികൾ ഏർപ്പെടുത്തി പുനരധിവാസ പ്രവർത്തനത്തിന് കൂടി ഉൾക്കാഴ്ചയോടെ പ്രവർത്തിച്ചാൽ കുറച്ച് മനുഷ്യജീവനുകൾ കൂടി ചെളിയിൽ അമർന്ന് പോകാതെ നമുക്ക് പരിരക്ഷിക്കുവാൻ സാധിക്കും. അതിനായി സ്നേഹത്തിന്റെ, മാനവികതയുടെ, നിസ്സ്വന്റെ വേദനകളെ മനസ്സിലാക്കാം കാരുണ്യത്തിന്റെ ഒരു കൈത്തിരിയെങ്കിലും തെളിയട്ടെ എന്ന് പ്രത്യാശിക്കാം.

രാജൻ പി.

# സായിപ്പിന്റെ തടവറയിൽ നിന്ന് കറക്ഷണൽ ഹോം എന്ന സങ്കൽപ്പത്തിലേക്ക്

തടവറ അഥവാ ജയിൽ എന്ന പേടിപ്പെടുത്തുന്ന പേര് തന്നെ ഇന്ന് അന്യമായിരിക്കുന്നു. പകരം കറക്ഷണൽ ഹോം എന്ന ഇമ്പമേറുന്ന പേര് യാഥാർത്ഥ്യമായിരിക്കുന്നു.

എന്താണ് കറക്ഷണൽ ഹോം? നമ്മെ ചിന്തിപ്പിക്കുകയും ഭീതിപ്പെടുത്തുകയും ചെയ്തിരുന്ന തടവറ എന്ന പദത്തിലെ നിഗൂഢതയും രൗദ്രതയും ഒരു ഭൂതകാലത്തിന്റെ പേടിപ്പെടുത്തുന്ന കരിനിഴലായി തലമുറകളോളം മാനവചരിത്രത്തിൽ ആലേഖനം ചെയ്യപ്പെടും എന്നതിൽ തർക്കമില്ല. സ്വന്തം രാജ്യത്തിന് വേണ്ടി പോരാടുന്ന ധീര ദേശാഭിമാനികളുടെ മജ്ജയും മനസും തകർക്കുന്നതിനുവേണ്ടി, വെള്ളക്കാർ പണിതുവച്ച കൽമതിലുകൾക്കകത്തെ വെളിച്ചം കടന്നു വരാതെ ഇരുട്ടറകളിൽ മനുഷ്യമനസുകൾ പോലും മരവിക്കുന്ന പീഡനത്തിൽ അലറിതെറിക്കുന്ന നിലവിളികളിൽ വിറങ്ങലിച്ചുപോയതിന് ചരിത്രം സാക്ഷി. വിശപ്പിന്റെ നിലവിളിയിൽ പ്രതിഷേധിക്കാൻ കഴിയാതെ കൽമതിലുകളിലെ ഇരുണ്ട മൂലകളിൽ മനുഷ്യമാംസം കടിച്ചെടുക്കേണ്ടിവന്ന ബീഭത്സമായ ഭൂതകാലം. കാലിലെ ചെരിപ്പും ധരിച്ചിരിക്കുന്ന വസ്ത്രങ്ങളും വിശപ്പിന്റെ തണലായി മാറിയ വെള്ളക്കാരന്റെ ജയിൽ. യാഥാർത്ഥ്യത്തിന്റെ ദയനീയ മുഖം ഇന്ത്യൻ പീഡനത്തിന്റെ ആസുരത പരമാവധി പണിതുകൂട്ടിയ തടവറകൾ അഥവാ പീഡന കേന്ദ്രങ്ങൾ നൂറ്റാണ്ടുകളിലെ പരിണാമങ്ങളിലൂടെ ഇന്ത്യൻ കൈകളിലേക്ക് പകർന്നുവന്നപ്പോഴും വെള്ളക്കാരുടെ ദുർഭൂതങ്ങൾ അവയെ പിന്തുടർന്നു വന്നുകൊണ്ടേയിരുന്നു.

സ്വാതന്ത്ര്യത്തിന് വേണ്ടിയും അവകാശ സമത്വത്തിന് വേണ്ടിയും നിലനിൽപ്പിനായി പോരാടിയവരെയും വെള്ളക്കാരുടെ തടവറയുടെ ഭീകരത വേട്ടയാടിക്കൊണ്ടേയിരിക്കുന്നു. മാറാത്ത മാറ്റങ്ങളിൽ അഭിമാനം പൂണ്ട് പതാകകൾ ഉയർന്നുകൊണ്ടേയിരുന്നു. തടവറയിലെത്തുന്ന ഇരുകാലിമൃഗങ്ങൾ ക്രൂരമായി വീണ്ടും




വീണ്ടും വേട്ടയാടപ്പെട്ടു. ദശാബ്ദങ്ങളിലൂടെ കടന്നുപോയ സ്വതന്ത്രഭാരതത്തിലെ ഇരുമ്പ ഴികൾ കക്കയം പോലുള്ള ക്യാമ്പുകളിലെ തേങ്ങലുകളിൽ നടുങ്ങി വിറങ്ങലിച്ചു. ബുദ്ധി ജീവികളും നിയമനിർമ്മാതാക്കളും ഉണർന്നു. നൂറായിരം കുറ്റവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധിപോലും ശിക്ഷിക്കപ്പെടരുത് എന്ന നീതിപീഠത്തിന്റെ ആപ്തവാക്യം തലയ്ക്കുമു കളിൽ ഒരു അശരീരിപോലെ ഉയർന്നുനിൽക്കു മ്പോഴും വർത്തമാന നിയമ സംഹിതയിലും നീതിപീഠത്തിന്റെ നിസ്സഹായതയിലും ക്രൂശി ക്കപ്പെടുന്ന ആയിരക്കണക്കിന് നിരപരാധികൾ പകച്ചുനിൽക്കുമ്പോൾ തടവറയുടെ മുഖവും ഭാവവും മാറേണ്ടതാണെന്ന് അവർ ശഠിച്ചു. ക്രൂരമായ മുഖങ്ങളിൽ ഇളവെയിൽ പുഞ്ചിരി കടന്നുവന്നു. തെറിവാക്കുകൾകൊണ്ട് മുഖരി തമായ കവാടങ്ങളും കൽച്ചുമരുകളും ആശ്വാ സവാക്കുകളുലെ പ്രകാശത്തിൽപുഞ്ചിരിച്ചു സ്നേഹവും സൗഹാർദ്ദവും ആശ്രയത്തിന്റെ പുതിയമുഖങ്ങളായി. പേരിലും പരിഷ്കാരം കടന്നു വന്നു 'തടവറ' 'കറക്ഷണൽ' സെന്റ റുകളായി അഥവാ തിരുത്തൽ കേന്ദ്രം.

ലക്ഷ്യവും മാർഗ്ഗവും ആത്മവിശ്വാസത്തോ ടെ മുന്നോട്ടു നീങ്ങവെ ജീവിതം തന്നെ മൂട പ്പെടുന്ന ഇടവഴിയിലെ ചില ചിലന്തിവലകൾ കണ്ടില്ലെന്ന് നടിക്കാൻ കഴിയുന്നില്ല. അതു കൊണ്ട്... അതുകൊണ്ട് മാത്രം ചിലവാക്കു കൾ ചില വസ്തുതകൾ അറിയാതെ തുറക്ക പ്പെടുന്നു. തെറ്റ് ചെയ്യാതെ നീതിപീഠത്തിന്റെ ബലിയാടുകളാകേണ്ടിവന്ന നൂറ്കണക്കിന് നിരപരാധികളുടെ നിലവിളി ഉയരുന്ന തട വറകളിൽ അഥവാ കറക്ഷണൽഹോമുകളിൽ എവിടെയാണ് എങ്ങനെയാണ് ഈ നിരപ രാധികളെ തിരുത്തപ്പെടേണ്ടത്? എന്താണ് തിരുത്തപ്പെടേണ്ടത്?

ഒരായുസ്സിന്റെ സിംഹഭാഗവും നാടിന് വേണ്ടി, നാട്ടുകാർക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച്

ഒരു നിമിഷം ഒരു വ്യക്തിവൈരാഗ്യത്തിന്റെ പേരിലോസാമൂഹിക സ്പർദ്ധയുടെ പേരിലോ ഒരാളെ തേജോവധം ചെയ്യാൻ പോക്സോ പോലുള്ള ഒരായുധ പിൻബലത്തിൽ കോടതി മുറികളിൽ നീതി പീഠത്തിന്റെ നിസ്സഹായതയിൽ വെന്തുനീറി ഇരുട്ടറയുടെ മൂലകളിൽ ഒന്നു നിശ്വസിക്കാൻ പോലും കഴിയാതെ ജീവച്ഛവങ്ങളായി മാറിയ എത്ര നിരപരാധികൾ തിരുത്തലിനായി ചുരുണ്ടു കിടക്കുന്നു. ഇവരെയാണോ തിരുത്തേണ്ടത്? കൊട്ടേഷനും കൊലയുമെല്ലാം ആധുനിക ശാസ്ത്ര യുഗത്തിൽ പഴഞ്ചൻ രീതിയാണെന്ന് തിരിച്ചറിഞ്ഞതുകൊണ്ടാകാം ഒരു വ്യക്തിയെ നശിപ്പിക്കാൻ പോക്സോ പോലുള്ള അതിമൂർച്ചയുള്ള വജ്രായുധം തിരഞ്ഞെടുക്കുന്നത്. അതിന്റെ വായ്ത്തലയിൽ പിടഞ്ഞുവീഴുന്ന നിരപരാധികളുടെ നിലവിളി കേൾക്കാൻ ഇന്നു സമൂഹത്തിനോ നീതിപീഠത്തിനോ പോലും സമയമില്ലാതായിരിക്കുമ്പോൾ എവിടെയാണ് തിരുത്തൽ നടത്തേണ്ടത്? തെറ്റ് ചെയ്തവർ ശിക്ഷിക്കപ്പെടണം. പക്ഷെ ഇയാംപാറ്റകളായി എത്ര നിരപരാധികൾ അഗ്നിയിൽ ഹോമിക്കപെടുന്നു.

കുറ്റവാളികളും കുറ്റം അടിച്ചേൽപ്പിക്കപ്പെട്ടവരും ആരോപിക്കപ്പെട്ടവരും കോടതി മുറികളിൽ ഉരുകിത്തകർന്ന് കുറ്റവാളികളായി മുദ്രകുത്തപ്പെടുമ്പോൾ തകർന്നു വീഴുന്നത് നാടിനു വേണ്ടി, നാട്ടുക്കാർക്കു വേണ്ടി ഇത്രയും കാലം ജീവിതം സമർപ്പിക്കുകയും സമൂഹം നെഞ്ചേറ്റുകയും ചെയ്ത ഒരു ജീവിതമാണ്, അതുവഴി ഒരു കുടുംബമാണ്.

ജയിലിൽ അടയ്ക്കപ്പെടുകയെന്നത് ജീവിതത്തിലെ ഏറ്റവും ശപിക്കപ്പെട്ട കാലമാണ്, ഏതൊരാൾക്കും. സമൂഹത്തിന് അത് ശാപവും അപമാനവുമാണ്. കുറ്റവാളികൾ ജനിക്കുന്നതല്ല. മറിച്ച് സൃഷ്ടിക്കപ്പെടുന്നതാണ്, പല തരത്തിൽ, പല സാഹചര്യത്തിൽ എന്നത് മഹത്‌വചനം. വർത്തമാനകാലത്ത് അതിന്റെ തീവ്രത കൂടിയിട്ടുണ്ടെന്നതും വാസ്തവം. അറിഞ്ഞുകൊണ്ട് തെറ്റ് ചെയ്യുന്നവരും, സാഹചര്യത്തിന്റെ ദൗർബല്യം കൊണ്ട് ചെയ്തുപോകുന്നവരും കുറ്റമാരോപിക്കപ്പെട്ട് വലിയ ചതിക്കുഴിയിൽപ്പെട്ടുപോകുന്നവരും ഒരുപോലെ കോടതിയുടെ കണ്ണിൽ കുറ്റവാളികളായി എത്തേണ്ടിവരുന്നു. ഇവിടെയാണ് പ്രസക്തമായ ഒരു ചോദ്യം സാംസ്കാരിക മനസ്സുകളിൽ ഉയർന്നുവരുന്നത്. ജയിലിൽ കിടന്നവർ സമൂഹത്തിന്റെ ശാപമാണോ? ബാധ്യതയാണോ? ചവിട്ടി അരക്കപ്പെടേണ്ടവരാണോ? ഈ ചോദ്യത്തിന് പുരോഗമന ചിന്തയിൽ വന്ന ഉത്തരമാണ് കറക്ഷണൽ ഹോം.....

കുറ്റവാളികളായി മുദ്രകുത്തപ്പെട്ട് ജയിലിലെത്തുന്ന അന്തേവാസികൾ തിരികെ പുറത്തെത്തുന്നത് ജീവിതം പ്രതീക്ഷയോടെയും ശുഭാപ്തി വിശ്വാസത്തോടെയും കാണുന്ന ഒരു ഉത്തമ പൗരനായിട്ടാകണം. നിരാശയും പകയും, വിദ്വേഷവും പ്രതികാര ചിന്തയുമില്ലാത്ത ഒരു നല്ല മനസിന്റെ ഉടമയാക്കി അവനെ മാറ്റിയെടുക്കാൻ തടവറയല്ല മറിച്ച് കറക്ഷണൽ ഹോമുകളാണ് അഭികാമ്യമെന്ന് അവർ മനസിലാക്കി. അതിനാവശ്യമായ പഠനാന്തരീക്ഷവും മാനസിക, കായിക ആരോഗ്യം ലഭിക്കുന്ന പ്രവൃത്തികളും പരിശീലിപ്പിക്കണം. ശിക്ഷിച്ച് കോല്ലുകയല്ല മറിച്ച് രക്ഷിച്ച് വളർത്തുകയാണ് ഒരു കറക്ഷണൽ ഹോമിന്റെ ലക്ഷ്യമെന്ന് ലോകരാഷ്ട്രങ്ങളെ പോലെ നമ്മുടെ രാജ്യവും തിരിച്ചറിഞ്ഞിരിക്കുന്നു. അതിന്റെ അനന്തരഫലമാണ് ഇന്നത്തെ കറക്ഷണൽ ഹോം.

കറക്ഷണൽ ഹോം എന്ന തടവറ അതിന്റെ പരിവർത്തന ഘട്ടങ്ങളിലൂടെ മുന്നോട്ട് പോകുമ്പോൾ ഒരുപാട് പ്രത്യാശതോന്നുന്നു. കുറ്റവാളികളായി മാനസിക സമ്മർദ്ദങ്ങളിൽപ്പെട്ട് ജീവിതം ബലികൊടുക്കേണ്ടിവരുന്ന വ്യക്തികൾക്ക് ഒരാശ്രയമായി ഒരു താങ്ങായി കറക്ഷണൽ ഹോം മാറുമെന്ന് പ്രത്യാശിക്കുമ്പോഴും വെള്ളക്കാരുടെ ദുർഭൂതങ്ങൾ പൂർണ്ണമായും ഒഴിഞ്ഞുപോകവെ മുക്കിലും മൂലയിലും ഈ സദുദ്യമത്തെ മലീമസമാക്കാൻ ഈഗോയിസത്തിന്റെ അവശിടങ്ങൾ പുറന്തള്ളുന്നുണ്ടെന്നും വിസ്മരിക്കത്തക്കതല്ല.

നിലവിലൂള്ള സാമൂഹ്യ വ്യവസ്ഥിതിയിൽ നിന്ന് വ്യതിചലിച്ചുകൊണ്ട് സമൂഹത്തിന് ബാധ്യതയായി ജീവിക്കുന്ന ആന്റി സോഷ്യൽ പ്രവണതകളെ അഥവാ വ്യക്തികളെ മാറ്റിപാർപ്പിക്കുകയും ഗുണകരമായ പ്രവർത്തനങ്ങളിലൂടെ അവരെ തിരികെ സമൂഹത്തിലേക്ക് തിരിച്ചേൽപ്പിക്കുക എന്ന മഹത്തായ ലക്ഷ്യമാണ് കറക്ഷണൽ ഹോം ഏറ്റെടുത്തിരിക്കുന്നത്.

മലീമസമായ മനസുകൾ മാത്രമേ ഇങ്ങനെ സമൂഹത്തിൽ നിന്ന് മാറ്റി നിർത്തപ്പെടാൻ നിയമവ്യവസ്ഥ ഉള്ളുവെങ്കിലും ഇന്ന് ജീൻ വാൽ ജീൻമാരെ തേടിപ്പിടിക്കുകയും അവരെയും ദാവൂദ് ഇബ്രാഹിമിനെയും ഒരേചരടിൽ കോർക്കപ്പെടുകയും ചെയ്യുന്നു എന്ന വൈചിത്ര്യം നിലനിൽക്കുമ്പോൾത്തന്നെ ഇവരെ സമൂഹത്തിന്റെ ഭാഗമായി മാറ്റുക എന്ന ശ്രമകരമായ ദൗത്യമാണ് നടത്തേണ്ടത്.

കരിനിഴലില്ലാത്ത ഒരു പുതിയ പ്രഭാതത്തിന്റെ സൂര്യോദയത്തിലേക്ക്, പ്രത്യാശയുടെ വസന്തത്തിലേക്ക് ഒരു പുതിയ ജീവിതത്തിന്റെ ഉടമയായി ഒരു മനുഷ്യനെ തിരികെ എത്തിക്കുക എന്ന സദുദ്യമത്തിൽ കറക്ഷണൽ ഹോമിന്റെ വഴിവിളക്കിലേക്ക് ഒരു തിരി പ്രകാശം കൂടി ഉപകരിക്കുമെങ്കിൽ സന്തോഷം. കോടതിമുറികളിൽ നടക്കുന്ന പോലീസിന്റെ തിരക്കഥകളിലെ രംഗാവിഷ്ക്കരണത്തിന് കൈയടിയും അംഗീകാരവും ലഭിക്കുമ്പോൾ രംഗവേദികളിൽ തളർന്നു വീഴുന്ന ക്രൂശിതരെ നിയമപാലകന്റെ കൈകളിലേക്ക് ശിക്ഷാവിധിയിലൂടെ ജീവിതത്തിൽ നിന്ന് അടർത്തിമാറ്റപ്പെടുന്നു. അതോടുകൂടി അവരുടെ സ്വാതന്ത്ര്യം എന്നന്നേക്കുമായി നഷേധിക്കപ്പെടുന്നു. ഇവിടെ ഒരു കുഞ്ഞു സംശയം തടവറയിലടക്കപ്പെടുന്നത് കുറ്റവാളിയായി മുദ്രകുത്തപ്പെടുന്നവനെയോ അതോ അവരുടെ കുടുംബത്തെ മുഴുവനായോ ശരീരത്തെയോ അതോ മനസിനെയോ? കാരണം ഒരു മനുഷ്യൻ ശിക്ഷിക്കപ്പെടുമ്പോൾ ആശിക്ഷ അവന്റെ കുടുംബം അനുഭവിക്കേണ്ടതുണ്ടോ? വീടിന്റെ എല്ലാമായ മനുഷ്യൻ കുടുംബത്തെ കാണാനോ കേൾക്കാനോ കഴിയാതെ ജയിലറയുടെ ഇരുട്ടറയിൽ മാനസിക സമ്മർദ്ദത്തിൽ കഴിയുമ്പോൾ യഥാർത്ഥത്തിൽ ശിക്ഷ അനുഭവിക്കുന്നത് നിരപരാധികളായ വീട്ടുകാരല്ലേ രണ്ട് രീതിയിൽ ഇതിനെ മറികടക്കാമെന്ന് തോന്നുന്നു. മാനസിക സമ്മർദ്ദമൊഴിവാക്കാൻ വീട്ടുകാരുമായി വിളിക്കാനും കാണാനുമുള്ള സൗകര്യങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കൽ. രണ്ട്- തടവറ എന്ന യാഥാർത്ഥത്തിലേക്ക് ചിറകടിച്ച് പറന്നുയരുക.

ജയിൽ അന്തേവാസികളുടെ മനസ് എപ്പോഴും നെഗറ്റീവിസത്തിന്റെ ചങ്ങലപ്പൂട്ടിൽ ബന്ധിതമായിരിക്കും. അവിടെ പ്രതീക്ഷയുടെ ഏത് ചെറിയ കണികകൾക്കും അവന്റെ മനസിലും ഹൃദയത്തിലും ചലനമുണ്ടാക്കാൻ കഴിയും എന്നതാണ് വസ്തുത ഇവിടെ നിസ്സാരമെന്ന് തോന്നുന്നതെങ്കിലും ഒരു യാഥാർത്ഥ്യം കണ്ടില്ലെന്ന് നടിക്കാൻ കഴിയുന്നില്ല. ജയിൽ സംബന്ധമായി പത്രങ്ങളിൽ വരുന്ന ഒരു വാർത്ത അത് പ്രതീക്ഷയുടെതാണെങ്കിൽ നിമിഷങ്ങൾക്കകം കാതുകളിലൂടെ പറന്നുനടക്കും ആവേശവും ഉത്സാഹവും പ്രതിഫലിക്കും. 2020 ഡിസംബർ 13 തിയ്യതി പത്രത്തിൽ ജയിൽ സംബന്ധമായി വന്ന വാർത്ത കറക്ഷണൽ ഹോമിന്റെ അന്തസത്ത പ്രോജ്വലിപ്പിക്കുന്നതാണ്. 'ജയിലുകളിൽ എല്ലായിപ്പോഴും പാട്ടുകേൾപ്പിക്കാനും ഫോൺ ചെയ്യാനുമുള്ള സൗകര്യം എല്ലാവർക്കും നൽകണം' ഇതായിരുന്നു വാർത്ത. ആ ദിവസം അന്തേവാസികൾക്ക് ഒരു ആവേശമായിരുന്നു. എല്ലാവരും ഓടിനടന്നു വിശദവിവരം അറിയാൻ പാട്ടുകേൾക്കാനല്ല മറിച്ച് വീട്ടുകാരുമായി എന്നും സംസാരിക്കാൻ കഴിയുമോ എന്നറിയാൻ. ഇതാണ് ഒരു അന്തോവാസിയുടെ മനസ്സ്. വീട്ടുകാരിൽ നിന്ന് അകന്നപ്പോഴുള്ള മനസ്സിന്റെ വിഭ്രാന്തി. സമൂഹത്തിൽ നിന്നുള്ള ഈ പറിച്ചു നടൽ ഒരുവനെ മുഴു ഭ്രാന്തനാക്കാം, ജീവിതം തന്നെ വലിച്ചെറിയപ്പെടാം.

ഇവിടെയാണ് കറക്ഷണൽ ഹോമിന്റെ പ്രസക്തി. സംഗീതം മനസിന് ഒരു പരിധി വരെ ആശ്വാസം നൽകുമെങ്കിലും ഒരുവനെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരാൻ അവന് സമൂഹമായും വീടുമായുള്ള നിരന്തര ബന്ധം വർദ്ധിപ്പിച്ചുകൊണ്ടിരിക്കണം. കൂടുതൽ ഇടപഴകാൻ അവസരം ലഭിക്കുമ്പോൾ അവൻ സമൂഹത്തിന്റെ ഭാഗമായി മാറുന്നു. അതിന് ഏറ്റവും ആഭികാമ്യം പരോളിന്റെയോ ജാമ്യത്തിന്റെയോ വ്യാപ്തി വർദ്ധിപ്പിക്കുക എന്നതാണ്. നല്കുന്ന പരോളിന്റെ കാലദൈർഘ്യം ഒരു നിശ്ചിത മാനദണ്ഡത്തിൽ വർദ്ധിപ്പിച്ചുകൊണ്ടിരുന്നാൽ 10 വർഷത്തെ ശിക്ഷ അനുഭവിക്കേണ്ടുന്ന ഒരാൾ സമൂഹത്തിന്റെ ഭാഗമായി കഴിഞ്ഞിരിക്കും . അതുപോലെ ഏറെ വർഷമായിട്ടും പരോളോ ജാമ്യമോ ലഭിക്കാതെ കിളിപോയികിടക്കുന്ന എത്രയോ അന്തേവാസികളുണ്ട്.

ചുരുക്കത്തിൽകറക്ഷണൽ ഹോം എന്ന ആശയം ഒരു മഹാസമുദ്രമാണ്. നന്മയുള്ള ഒരു



പാട് മുത്തുകൾ അതിൽ നിന്ന് കണ്ടെടുക്കാൻ കഴിയും. വിവിധങ്ങളായ ആ മുത്തുകളിലെ കിരണങ്ങളേറ്റ് വെട്ടിത്തിളങ്ങാൻ കാത്തുകിടക്കുന്ന ഇരുട്ടിന്റെ ആത്മാക്കൾക്ക് മോചനമായി ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്കുള്ള വഴിവിളക്കായി മാറും എന്നതിൽ സംശയമില്ല.

കറക്ഷണൽ ഹോമിലെ തന്നെ ഒരന്തേവാസിയെ ആദ്യം ഇന്റർവ്യൂ ചെയ്യുന്ന ഉദ്യോഗസ്ഥൻ ഇയാൾ കറക്ഷണൽ ഹോമിലേക്കാണോ തടവറയിലേക്കാണോ അയക്കപ്പെടേണ്ടത് എന്ന് തീരുമാനിക്കപ്പെടും. കാരണം മാനസിക സമ്മർദ്ദത്തോടെ ഒരു ജയിൽ സാഹചര്യത്തിൽ എത്തുന്ന ഒരു വ്യക്തിക്ക് ആദ്യം നേരിടേണ്ടിവരുന്ന ഉദ്യോഗസ്ഥർ ദേവദൂതനെപ്പോലെ ആയിരിക്കും ഇവരുടെ വാക്കുകൾ അയാൾക്ക് അമൃതായി അനുഭവപ്പെടാം പ്രവൃത്തികൾ തിരിച്ചറിവിന്റെയോ പശ്ചാതാപത്തിന്റെയോനിമിഷങ്ങളാകാം. കൊടും വിഷമായും ഉള്ളിലേക്ക് ആഴ്ന്നിറങ്ങാം. എന്തായാലും തിരുത്തൽ പ്രവർത്തനങ്ങൾ അനുസ്യൂതം നടന്നുകൊണ്ടിരിക്കണംഅതിന് വിത്ത് നടുന്നകൈകൾക്ക് മൃദുത്വം ഉണ്ടാവണം. അതിനനുസൃതമായ സ്നേഹപരിലാളനങ്ങളും പരിചരണങ്ങളും ഉണ്ടാകണം എങ്കിലേ പ്രതികൂലമായ സാഹചര്യത്തിലും ചെടിവളരുകയുള്ളൂ. ഈ ഫലഭൂയിഷ്ഠമായ മണ്ണിൽ ചെടി തഴച്ചുവളരാനാവശ്യമായ വളമായി നല്കുന്ന നിരവധിതൊഴിൽ പരിശീലനങ്ങൾ ബോധവല്കരണ ക്ലാസ്സുകൾ, പഠനകേന്ദ്രങ്ങൾ, നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ തൊഴിലുകളുലേർപ്പെടൽ, ജയിൽ ദിനാചരണങ്ങൾ മികച്ച ലൈബ്രറി തുടങ്ങിയ സംരംഭങ്ങൾ ഒരാൾക്ക് നടന്നുകയറാനുള്ള പടവുകളാണ്. എങ്കിലും സ്വാദിഷ്ഠമായ ഭക്ഷണവും മനോഹരമായ കൂടും ഉണ്ടായാലും സ്വാതന്ത്ര്യമില്ലാത്ത കിളി കരഞ്ഞുകൊണ്ടേയിരിക്കും. ഹൃദയവേദനയുടെ പിടച്ചിൽ അവിടെയാണ് കറക്ഷണൽ ഹോം എന്ന ആശയം പൂർണ്ണമാകുന്നത്.

അധ്യാപകൻ കുട്ടികൾക്ക് ഒരു നല്ല മെൻഡർ ആകുന്നതുപോലെ കറക്ഷണൽ ഹോമും ഉദ്യോഗസ്ഥരും ഒരു അന്തേവാസിക്ക് മെൻഡറും അധ്യാപകനും രക്ഷിതാവും വഴികാട്ടിയുമാകാം. അവിടെ പ്രതീക്ഷയുടെ പുതിയ വാതായനങ്ങൾ തുറക്കപ്പെടും നന്മയും സ്നേഹവും പൂവിടും കുറ്റവാസനകൾ തരുത്തപ്പെടും കുറ്റവാളികൾ കുറയും ആത്മവിശ്വാസം വർദ്ധിക്കും പ്രതികാര ചിന്തകൾക്ക് പകരം പ്രതീക്ഷയുടെ പുതിയ മുകുളങ്ങൾ വിരിയും. കറക്ഷണൽ ഹോം ജീവിതത്തിന്റെ പുതിയ പാഠശാലകളാകും. ജീൻ വാൽ ജീൻ മാരും ദാവൂദ് മാരും എല്ലാം ഈ പാഠശാലയിലെ പ്രതീക്ഷയുടെ ഉല്പന്നമാകും അതിനായിരിക്കട്ടെ കറക്ഷണൽ ഹോമിന്റെ പ്രവർത്തനങ്ങൾ. ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക്........... തമസോമ ജ്യോതിർഗമയ........ ആ വെളിച്ചത്തിൽ വഴിയിടറാതെ മുന്നോട്ട്.. ജീവിതത്തിന്റെ പച്ചപ്പിലേക്ക്...

**സിയാദ്**
സി.നം.291/18

# തടവറ



അല്പമെങ്കിലും പ്രതീക്ഷയുള്ളവന്റെ
കാത്തിരിപ്പുകേന്ദ്രം
ഇച്ഛാഭംഗം വന്നവന്റെ
ദീനരോദനവും നെടുവീർപ്പും
ആവിയായ് പൊങ്ങി
കണ്ണീരായ് പെയ്തിറങ്ങുന്ന
മഴക്കാടുകൾക്കിടയിൽ
അന്തിയുറങ്ങുന്നവരുടെ
ആവാസകേന്ദ്രം
എല്ലാ സങ്കടകരച്ചിലുകളും
നെഞ്ചേറ്റാൻ പഠിച്ചവരുടെ
ശ്മശാനഭൂമി.
മരണപ്പെട്ടുപോയപ്രിയതമന്റെ
അവസാനനോട്ടം നെഞ്ചേറ്റിയ
വിധവയുടെ ഹൃദയ നൊമ്പരം
കേട്ടുണരുന്ന മനുഷ്യക്കോലങ്ങൾ
ജീവിച്ച് തീർക്കുന്ന ശ്മശാനം.
പാതിരാവിലെ ദീർഘനിശ്വാസങ്ങൾ
നീരാവിയായ് പൊങ്ങി
വൻമതിലിൽ തട്ടി ഒരു പുൽനാമ്പിനും
ദാഹജലമാകാതെ
പെയ്തിറങ്ങുന്നിടം.

കാവ്യേഷ് പുന്നാട്

# അമ്മേ

അമ്മേയെന്ന് വിളിച്ചപ്പോഴെന്നമ്മയ്-
ക്കെന്തൊരു ആനന്ദം!
അമ്മയെ നോക്കിചിരിച്ചപ്പോ-
ഴെന്നമ്മയ്ക്കെന്തൊരു സന്തോഷം!
വാത്സല്യദുഗ്ദ്ധം നുകരുവാൻ കുഞ്ഞിളം
ചുണ്ടുപിളർത്തിയ നേരത്ത്,
അമ്മയ്ക്കുള്ളിലൊരമ്മയുണർന്നത്,
പൈതലാമെന്നിലൊരാവേശം!
കാലം കരുതിയ കൂരിരുട്ടിൽ,
തനിച്ചമ്മേയെന്നുവിളിച്ചപ്പോൾ
സാന്ത്വനമായമ്മ,സ്നേഹമായ് പെയ്തമ്മ,
ആശയുമാവേശവുമായമ്മ!
നന്മയായെന്നമ്മ, ഉണ്മയായെന്നമ്മ,
വെണ്മയായെന്നമ്മ കൂരിരുട്ടിൽ.....
ഉമ്മറത്തന്തിക്ക് കത്തുംനിലവിളക്കായി-
നിന്നെന്റമ്മ കാട്ടിത്തരുന്നുണ്ട്,
മാർഗവും ലക്ഷ്യവും ശുദ്ധിയും നന്മയും
നാളെ പുലരിമിഴിവേകാൻ.
ആരുടേയോ വൈരബുദ്ധിക്കിരയായി
വന്ന് പതിച്ചൊരു കൂരിരുട്ടിൽ,
കൽത്തുറുങ്കിൽ സൂര്യരശ്മിയായ് വന്നമ്മ,
നൽകിടും നാളെയൊരുപ്രഭാതം.......

ഷെഹീർ.പി.സിദ്ദിഖ്
സി.നം. 171/20

# ദിവ്യപ്രണയം സ്വപ്നംമാത്രം

പതിവ് കാഴ്ചകൾ
അന്നേരത്തെ വാക്കുകൾ
നിന്റെനോക്കുകൾ
വഴിയൊരുക്കിയത്
പ്രണയത്തിലേക്ക്
നീയും കൊതിച്ചു
പരസ്പരം പ്രണയിച്ചു
പിന്നീടങ്ങോട്ട്
പ്രണയത്തിന്
കണ്ണില്ല
മൂക്കില്ല
നാക്കില്ല
ജാതിയില്ല
മതമില്ല
നീ കറുത്തവനെന്നോ
ഞാൻ വെളുത്തവനെന്നോ
ചിന്തയില്ല.
പണം ഇല്ലാത്തവനെന്നോ
പണം ഉള്ളവനെന്നോ
ചിന്തിച്ചതേയില്ല
എന്തൊരാത്മാർത്ഥത,
പ്രണയത്തിലിത്രക്കും
ആത്മാർത്ഥതയുണ്ടോ
വല്ലാണ്ട് ചിന്തിച്ചുപോയി
പെട്ടെന്ന് അലാറം മുഴങ്ങി
ഉറക്കം വിട്ടുണർന്നു.
ഇത്രക്കും മികച്ച പ്രണയം
ഇക്കാലത്ത് സ്വപ്നങ്ങളിൽ മാത്രം.

**കൃഷ്ണദാസ് മേലേകളത്തിൽ**
ഡെപ്യൂട്ടി പ്രിസൺ ഓഫീസർ
സബ്ജയിൽ പൊന്നാനി

# ഷവർമ



നഗര മദ്ധ്യത്തിലെ
ഭോജനശാലയ്ക്ക് മുന്നിലായ്
ചില്ലിൻ ശ്മശാനത്തിൽ
പാതിവെന്തുരുകി
ഞങ്ങൾ (ശവ) ശരീരങ്ങൾ
അരിഞ്ഞരിഞ്ഞരിഞ്ഞ്
പോസ്റ്റ്മോർട്ടവും കഴിഞ്ഞ്
അന്നമായ്, ആമാശയങ്ങളിലേയ്ക്ക്
പാണ്ഡ്യദേശത്തു പിറന്നു
നിങ്ങൾതൻ രുചിദേഹമുടലാർന്ന് ഞങ്ങൾ,
കൊക്കുകൊടുത്തീല,
ചിക്കിപ്പരത്തീല
അമ്മച്ചിറകിലൊളിക്കാൻ പഠിച്ചീല
ഒറ്റക്കൂടിലെ ബന്ധന  നോവിനാൽ
ഹോർമ്മോണിനുന്മാദ ചിത്തം പെരുത്തും
താരുടൽ വമ്പാർന്ന് ദ്രുതം വളർന്നും
കാമനയേറും മനസ്സിന്റെപൂക്കാല രാവുകൾ
തോറും,പിടക്കും മനസ്സുമായ്
വെട്ടിനുറുക്കുന്നശബ്ദങ്ങൾതൻ
ക്രൂര ഞെട്ടലുകൾ തീർക്കും
മാംസക്കടയിലെയൂഴവും പാർത്തിട്ട്
ഒന്നായ്തീരുവാൻ കൊതിച്ചെത്രയോ
പ്രണയദേഹികൾ
ഒന്നായിമാറി മരണശേഷങ്ങളിൽ
ഒന്നിച്ചരിഞ്ഞുനുറുക്കിയാ മോഹങ്ങൾ
ഒത്തുചേർന്നീടുന്നു
പലരുടൽ പങ്കിട്ട്.

**കുഞ്ചു.പി.**
സി.നം.694/18

# സ്നേഹതീരം തേടി

I Love you.....I Love you More than I can say Raghu I am so cager to see you.

ഞാൻ നാളുകളേറെ കാത്തിരുന്നു അനുരാധാ മാഢത്തിൽ നിന്നും അങ്ങിനൊരു വാക്കു കേൾക്കാൻ.

ഞാൻ ബി.എസ്സ്.സി സുവോളജിക്ക് പഠിക്കുന്ന കാലം,എന്റെ കോളേജ് വിദ്യാഭ്യാസം അവസാനിക്കുവാൻകുറച്ച് മാസങ്ങൾ മാത്രം ബാക്കിയിരിക്കെ പുതുതായി എത്തിച്ചേർന്ന ലക്ചററായിരുന്നു അവർ. സുന്ദരിയായിരുന്നു, സുമോഹിനിയായിരുന്നു, ഏഴുവർണ്ണങ്ങളും ചാലിച്ചെഴുതിയ രൂപം.

ലക്ചറിംഗിന്റെ ആദ്യദിനം തന്നെ ഞങ്ങളുടെ കണ്ണുകൾ പരസ്പരം ഇടഞ്ഞുവോ.... സഹപാഠികളും അല്ലാത്തവരുമായിട്ടുള്ള ഒരുപാട് വിദ്യാർത്ഥിനികൾ എന്റെ കോളേജിൽ ഉണ്ടായിട്ടുണ്ട് ഒരാളോട് പോലും തോന്നാത്ത ഒനരുരാഗം എന്തേ ലക്ചററോട് തോന്നാൻ....ഞാൻ എന്നോട് പലവട്ടം ചോദിച്ചു.

മാഡം ക്ലാസ്സിൽ ലക്ചറിംഗിനെത്തിയാൽ ഉടൻതന്നെ അകാരണമായി എന്റെ ഹൃദയമിടിപ്പ് കൂടും. പഠിക്കാൻ അങ്ങേയറ്റത്തെ മിടുക്കനായിരുന്ന ഞാൻ പതിയെ, പതിയെ പഠിത്തത്തിൽ നിന്നകന്ന് ഒരു സ്വപ്നാടകനായി മാറി, എന്റെ പാഠപുസ്തകങ്ങളിൽ അനുരാധാ മാഡം നിറഞ്ഞ് നിന്നു. സയൻസ്ലാബിലെ പരീക്ഷണ വേളകളിൽ മന:പൂർവ്വവും അല്ലാതെയും ഞങ്ങളുടെ വിരലുകൾ സ്പർശിച്ചു, ഓരോ സ്പർശനവും ഒരു കാന്തിക സ്പർശനം പോലെ രോമകൂപങ്ങളിലൂടെ എഴുന്ന് നിന്നു.

അവരുടെ കണ്ണുകളിലെ ആകർഷണത്വം എന്നിലെ യുവത്വത്തെ കൂടുതൽ കൂടുതൽ ഉത്തേജിപ്പിക്കുന്നതായി ഞാനറിഞ്ഞു എന്നിൽ ആദ്യാനുരാഗം ഉടലെടുത്തു. മാഡം ക്ലാസിലെത്തിയാൽ ഇമവെട്ടാതെ ഞാൻ നോക്കിയിരിക്കും, ആ കണ്ണുകളിൽ ഒരു താമരമൊട്ട് വിരിയുന്നത് ഞാൻ കണ്ടു, ആ നേരം മാഡം കുരിശുമാലയിൽ തിരുപ്പിടിപ്പിക്കും, ഒരു നിമിഷത്തേക്ക് നിശ്ശബ്ദയാവും, ചുവന്നു തുടുത്ത ചുണ്ടുകളെന്തോ മന്ത്രിക്കുന്നതു കാണാം. എന്റെ നോട്ടമേറ്റ് അവർ പുഷ്പിക്കുന്നത് ഞാൻ കണ്ടു.

പിന്നീടുള്ള ക്ലാസ്സുകൾ എനിക്ക് ഇമ്പമുള്ളതായിത്തോന്നിത്തുടങ്ങി. ലാവണ്യ സുന്ദരിയായ അനുരാധാ മാഡം വസ്ത്രധാരണത്തിൽ



പ്രത്യേകം ശ്രദ്ധിക്കുന്നതായി കണ്ടു.ചുണ്ടുകൾ കടിച്ചു ചുവപ്പിച്ച് ലിപ്സ്ററിക്കിട്ടതു പോലെ തോന്നിപ്പിക്കും. സദാ പുഞ്ചിരി പൊഴിക്കുന്ന അധരപുടങ്ങളിൽ തേനൂറി നിൽക്കുന്നതു കാണാം. ഒരു വണ്ടായി പരിണമിക്കാൻ ഞാനും കൊതിച്ചു.

അരക്കെട്ടും, നിതംബകാന്തിയും പ്രത്യേകം എടുത്ത് കാണിക്കാൻ പാകത്തിൽ മാഡത്തിന്റെ വസ്ത്രങ്ങൾ ഇറുകിത്തുടങ്ങി. ലക്ചറർ വളരെ,വളരെ ചെറുപ്പമായിരുന്നു എന്നിട്ടുമെന്തിന് യേശുദേവന്റെ മണവാട്ടിയായതെന്തിനെന്നായിരുന്നു എന്റെ ചിന്ത ..!

മാഡത്തിന്റെ അന്തരാത്മാവ് മറ്റെന്തിനോവേണ്ടി കൊതിക്കുന്നില്ലേ...? അപ്പോൾ ഈ വേഷം....? സംഭവിച്ചുപോയതാവാം....അവസരം കിട്ടിയാൽ മതിൽക്കെട്ടിനപ്പുറത്തേക്ക്ചാടാൻ മാഡം കൊതിക്കുന്നു. ഒരു നാൾ അത്, സംഭവിക്കും അത് തീർച്ച.

മാഡത്തിന് സൗഹൃദം വളരെ കുറവായിരുന്നു,സഹപ്രവർത്തകരുമായി അധികം ചങ്ങാത്തമില്ല വരുന്നതും പോകുന്നതുംഒറ്റയ്ക്ക് കോളേജ് വിദ്യാർത്ഥിനികൾക്കിടയിലൂടെപോകുമ്പോൾ മാഡം കൂടുതൽ ചെറുതാവുകയും, സുന്ദരിയാവുകയും ചെയ്തു.

പിന്നെ, പിന്നെ എന്റെ ക്ലാസ്സിലെത്തിയാൽ, എന്റ നോട്ടമേറ്റാൽ അംഗലാവണ്യങ്ങളിൽ ലഹരിനിറയും, പഠിപ്പിക്കുന്നവിഷയങ്ങളിൽ വിള്ളൽ വീഴും; പാഠ്യവിഷയത്തിന്റ ഗതിമാറും... ആ സമയം ക്ലാസ്സിൽ മറ്റ് വിദ്യാർത്ഥികൾ ഉണ്ടെന്ന് മാഡം നോക്കാറില്ല ആ കണ്ണുകൾ എന്നോട് പറയുവാനുള്ളതത്രയും മധുരമായ് മൊഴിയുന്നതായി തോന്നും.അതായിരുന്നു അനുപമ സ്നേഹമെന്ന് ഞാൻ മനസ്സിലാക്കി.

ആരുമറിയാതെ കാത്തുസൂക്ഷിക്കണമെന്ന് തോന്നിയകാര്യം മറ്റുള്ള വിദ്യാർത്ഥികൾ മനസ്സിലാക്കിത്തുടങ്ങി. മാഡത്തിന്റെ ഹൃദയം എന്റെ മുമ്പിൽ തുറന്നിരിക്കുന്നു.

ഒരുനാൾ സുവോളജി ലാബിൽ പ്രാക്ടിക്കൽ ക്ലാസ്സ് നടക്കുമ്പോൾ മാഡം ലാന്റിംഗ് പാഡിൽ ജീവനുള്ള തവളയെ മുള്ളാണികൊണ്ട് ബന്ധിക്കാൻ പറഞ്ഞു.ഞാൻ കൂടിനകത്തിരിക്കുന്ന തവളയെ നോക്കി തവള എന്നേയും, തവള എന്നെനോക്കി കണ്ണീരൊഴുക്കി ഇതിനെയാണോ നാല് കാലിലും ആണി അടിച്ചറക്കി ബ്ലേഡ് കൊണ്ട് കീറിമുറിക്കേണ്ടത്. എന്റെനോട്ടം കണ്ടിട്ടാവണം തവള ഉറക്കെ കരഞ്ഞുതുടങ്ങി എന്നെകൊല്ലരു-

തെന്ന് വേദനയോടെ കെഞ്ചിപ്പറഞ്ഞു. എന്റെ കുഞ്ഞുങ്ങൾ തോട്ടിൻകരയിലുള്ള പൊത്തിന്മേൽ വിശന്നുവലഞ്ഞ് കാത്തിരിക്കുന്നുണ്ടാവും, കരഞ്ഞുതളർന്ന് മയങ്ങിക്കിടക്കുന്നുണ്ടാവും.ഞാനില്ലാത്ത തക്കം പാർത്ത് എന്റെ കുഞ്ഞുമക്കളെ കൊത്തിവിഴുങ്ങാൻ പാകത്തിൽ അവിടെ കൊറ്റികളെത്തീട്ടുണ്ടാവും. നിങ്ങളെന്നെ തോട്ടിൻകരയിൽ നിന്നും പിടികൂടുമ്പോൾ എന്റെ കുഞ്ഞുമക്കൾ കണ്ണീർ വാർത്ത് കരഞ്ഞത് നിങ്ങൾ കണ്ടതല്ലേ......? എന്നെ എന്തിനീ പാതകം ചെയ്യണം.....? എന്നെ പോലുള്ള പാവങ്ങളെ കീറിമുറിച്ച് വേണോ നിങ്ങൾക്ക് പഠിക്കാൻ....? ഞങ്ങളെ ജീവനോടെ വിഴുങ്ങാൻവരുന്ന പാമ്പുകളെ പിടികൂടി കീറിമുറിക്കാത്തതെന്ത്....? പേടിയുണ്ടല്ലേ....? പാമ്പ് കൊത്തിയാലോ...ജീവൻ പോയാലോ....! അപ്പോൾ നിങ്ങൾക്കും ജീവനല്ലേ വലുത്...? തവള എന്നോട് മാത്രമായി പറഞ്ഞകാര്യം ആരും കേട്ടില്ല. ഓരോരുത്തർ ഒരോ പ്രവർത്തിയിലാണ്. ഞാൻ മാഡത്തെ നോക്കി,മാഡം എന്നെത്തന്നെ നോക്കി നിൽക്കുകയാണ് വെള്ളരിപ്രാക്കളുടെ മനോഹരങ്ങളായ കണ്ണുകൾ എന്നോടെന്തോ പറയുന്നു.

'മാഡം എനിക്ക് ഈ പാവം തവളയെ കീറിമുറിക്കാൻ കഴിയില്ല, എന്റെ പരിശുദ്ധമായ വിരലുകൾ കവിത വിരിയിക്കാൻ മാത്രമേ കഴിയൂ. എന്റെ മനസ്സു നിറയെ കവിതകളാണ്,പ്രണയം തുളുമ്പുന്ന കവിതകൾ.

മാഡം കേട്ടോ തവള എന്നോട് പറഞ്ഞതെന്താണെന്ന്....?

അനുരാധാ മാഡത്തിന്റെ വിടർന്ന കണ്ണുകളിൽ അത്ഭുതംകൂറി, തേൻ ചുണ്ടുകളിൽ മന്ദസ്മിതം പൊടിഞ്ഞു.

'തവള രഘുവിനോടെന്തു പറഞ്ഞു....? ഞാൻ കേട്ടില്ല്യാലോ....? തവള സംസാരിക്കുകയോ.'..? മാഡം കാട്ടരുവിയെപോലെ വെള്ളിച്ചില്ലും വിതറിച്ചിരിച്ചു.

'രഘുവിന് തോന്നിയതാവും'

'അതേ മാഡം എനിക്ക് തോന്നിയതാവാം.....മാഡത്തിന്റെ ചിരിയിൽ ഞനൊരു സംഗീതം കേട്ടു മാഡം.'

'എന്റെ ചിരിയിൽ സംഗീതമോ....?

മാഡം വീണ്ടും, വീണ്ടും ചിരിച്ചു. അത് രാഗമായി, താളമായി എന്നിൽ പടർന്നുകയറി. ഇറ്റിറ്റ് വീഴാറായ തേൻതുള്ളികളെ അധരപുടങ്ങളാൽ കവർന്നെടുക്കാൻ തോന്നി. ഒരുമാത്ര മാത്രം ഞങ്ങളുടെ ചുടുനിശ്വാസങ്ങൾ പരസ്പരം അടുത്ത് വന്നു ഞങ്ങൾ ലാബിൽ നിന്നും പുറത്തിറങ്ങുമ്പോൾ കോളേജ് വരാന്ത ശൂന്യമായിരുന്നു. എന്റെ ഷർട്ട് വിയർത്തിരിക്കുന്നു മാഡത്തിന്റെ ഗന്ധം എന്റെ ദേഹമാസകലം പകർന്നിരിക്കുന്നു മാഡത്തിന്റെ വസ്ത്രത്തിലെവിടെയെല്ലാമോ എന്റെ കൈവിരൽപ്പാടുകൾ പതിഞ്ഞിരിക്കുന്നു.

കോളേജിന്റെ ഇടനാഴിയിലൂടെ ഞങ്ങൾ നടന്ന് മെയിൻ ഗേറ്റ് കടന്ന് പ്രധാന പാതയിലൂടെ നടന്നു അപ്പോൾ സൂര്യൻ പടിഞ്ഞാറ് ചായുന്നു ഞങ്ങൾ നിരത്ത് വക്കിലൂടെ... വാക പൂത്ത വഴിവക്കലൂടെ ഞങ്ങൾക്കു

മുമ്പേ പറന്നകന്നുപോയ ഇണപ്രാവുകൾക്കു പിറകെ സ്നേഹതീരം തേടി നടന്നകന്നു........ജീവിതയാത്രയുടെ അവസാന തീരത്തേക്ക്.....!

**അൻസാർ**
സി.നം. 213/20

# സ്നേഹവെളിച്ചം

ചെവിയോർക്കുക, അന്തിമകാഹളം ! ലോകാവസാനത്തിന്റെ നീളമേറിയ അന്തിമകാഹളം! ദൈവമേ!സർവ്വനാശത്തിന്റെ അന്തിമകാഹളം! നക്ഷത്രയുദ്ധം! അണ്ഡകടാഹയുദ്ധം! ലോകമെമ്പാടുമുള്ള ജനങ്ങളെമുഴുവൻ ഒൻപതു തവണ ഭസ്മമാക്കാനുള്ളത്ര ശക്തിയുള്ള അണുബോംബുകളാണ് നമ്മുടെ പരിഷ്കൃത രാജ്യങ്ങളുടെ പക്കലുള്ളത്. അമേരിക്കയും, റഷ്യയും, ഫ്രാൻസും, ചൈനയും -എന്തിന് ഇന്ത്യയും, പാക്കിസ്ഥാനുപോലും കോടാനുകോടികൾ

ചെലവഴിച്ച് ബോംബുകൾ ഉണ്ടാക്കി വച്ചിരിക്കുന്നു. എന്തിന്...? പരസ്പരം കൊല്ലാൻ ! കൂട്ടുകാരെ, നിങ്ങളൊന്ന് ആലോചിച്ചു നോക്കൂ. നമ്മുടെ നാട്ടിൽ, ആഫ്രിക്കയിൽ, എത്യോപ്യയിൽ അങ്ങനെ പലയിടങ്ങ-

ളിലായി കോടിക്കണക്കിന് ജനങ്ങൾ ഒരുനേരത്തെ ഭക്ഷണംപോലും കിട്ടാതെ ദിവസങ്ങളും ആഴ്ചകളും മാസങ്ങളും തുടർച്ചയായി പട്ടിണികിടന്ന് നരകിച്ച് മരിക്കുന്നു. ഒരുപക്ഷേ നിങ്ങളിൽ ഏറിയപേരും

വിനോദസഞ്ചാരം നടത്തുന്നവരായിരിക്കാം, അല്ലായെങ്കിൽ ആഡംബരജീവിതം നയിക്കുന്നവരാകാം നിങ്ങൾ പത്രങ്ങളിൽ അസ്ഥിമാത്രശരീരങ്ങളുമായി നിൽക്കുന്ന കുഞ്ഞുങ്ങളുടെ ചിത്രങ്ങൾ കണ്ടിട്ടല്ലേ?

അവരൊക്കെ വിശപ്പാണ് ലോകത്തിലെ ഏറ്റവും വലിയ ചിന്താവിഷയമെന്ന് നമ്മോട് വിളിച്ച് പറയുന്നു. പക്ഷേ ആ സാധുക്കൾക്ക് ഒരുപിടി ഭക്ഷണം കൊടുക്കാൻ ആരും ശ്രദ്ധിക്കുന്നില്ല, അതിന് ചെലവാക്കാൻ

പണമില്ല. അതേസമയം സ്വന്തം സഹോദരനെ, അയൽരാജ്യത്തെ അപ്പാടെ ചാമ്പലാക്കാനുള്ള അണവായുധങ്ങളും ബോംബർ വിമാനങ്ങളും ടാങ്കുകളും,പീരങ്കികളും തോക്കുകളുമൊക്കെ നിർമ്മിക്കാൻ എല്ലാ സർക്കാരുകളും വരുമാനത്തിൻെ ഭൂരിഭാഗവും മാറ്റിവയ്ക്കുന്നു.

മനുഷ്യത്വം എന്നഗുണം തൊട്ടുതെറിച്ചിട്ടില്ലാത്ത ഇന്നത്തെ ഇരുകാലികളെ മനുഷ്യരെന്ന് വിളിക്കാൻപോലും സാധ്യമല്ലെന്ന് വിശ്വസിച്ചിരുന്ന ആളാണ് ഞാൻ മതങ്ങളുടെയും ജാതിയുടെയും പേരും പറഞ്ഞ് തമ്മിൽ തല്ലി തല കീറുന്നവരെ എനിക്കൊന്നേ പറയുവാനുള്ളൂ. അക്രമം കൊണ്ട് നമുക്കൊന്നും നേടിയെടുക്കാൻ കഴിയില്ല എന്ന സത്യം നാം ഓരോരുത്തരും തിരിച്ചറിയണം. എന്തെന്നാൽ സ്നേഹമാണ് എല്ലാം സ്നേഹംകൊണ്ട് ലോകം കീഴടക്കാം ഒരോരുത്തർക്കും. 'ജീവിതം ഒരനുഗ്രഹമാണ്. അത് ഒരു ശാപമാകരുത്. എന്റെ പ്രിയ കൂട്ടുകാരെ, നിങ്ങൾ നിങ്ങളോട് തന്നെ അക്രമം കാട്ടരുത്. വീണ്ടും വീണ്ടും ദൈവം നമ്മോട് വിളിച്ചു പറയുന്നു ഭൂമിയിലുള്ളവരോട് നീ കരുണ കാണിക്കുക. എങ്കിൽ ആകാശത്തുള്ളവൻ നിന്നോടും കരുണ കാണിക്കും എന്ന വാക്ക് വീണ്ടും ഞാൻ ഓർമ്മപ്പെടുത്തുന്നു. നന്മയുടെ ആ നെയ്ത്തിരി നിങ്ങളുടെ ഉള്ളിൽ വെളിച്ചം പകരട്ടെ.

**ഷിജിൽ കെ.എസ്**
സി.നം.6348

# അരയൻ

ആരെയോ കാത്തിരുന്നു ഞാൻ
ആരും കാണാതെ
നീതന്ന സ്നേഹവും മാഞ്ഞിരുന്നു
നിന്നെ പുൽകിയതും മാഞ്ഞുപോയി.
നിന്നിൽ തന്ന വിത്തുകൾ മുളച്ചില്ല
നീയറിയാതെ, നീപറയാതെ
കാലം മാറ്റി മറിച്ചു
നാം കണ്ട സ്വപ്നം പൂവണിഞ്ഞില്ല
നീ പുതിയ തീരം തേടി അകന്നു
പഴികൾ കേൾക്കാൻ ഞാൻ പുഴയായിമാറി
പവിഴമായി തോന്നിയത് സ്വപ്നങ്ങൾ മാത്രം
ഒരു പിഞ്ചു കുഞ്ഞായി ഞാൻ ഇന്നും
നിലകൊള്ളുന്നു നിനക്കായി മാത്രം ധന്യേ
ഓർമ്മകൾ മരണവീചിയായി മാറി
നൻമകൾ നിറഞ്ഞ വഴിയിൽ നിന്നും
മറ്റൊരു മുഖം തേടിയെടുത്തു നീ
ഞാൻ ചെയ്തതൊന്നും കാണാതെ
നീ ഒരുണ്ണിക്ക് ജൻമം നൽകി
നീ പുതിയ കവാടം തുറന്നു, അവനു മാത്രമായി
ഞാൻ ഇന്നും കാത്തിരിക്കുന്നു നിന്നെ
ഒരു അരയനായി ഞാൻ ഇന്നും
സൂര്യഭഗവാൻ ഉദിച്ചില്ലെങ്കിൽ
അന്നുമെൻ ധന്യേ അസ്തമിച്ചു.

മുഹമ്മദ് സജിൽ

# കത്തി

താഴെ തറയിൽ ചോരതെറിച്ചാ
പൂൽക്കൊടി മെല്ലെയിളകുന്നു.
കാലക്കെടുതിയിൽ ആർത്തെത്തും
മഴയിനിയും പെയ്യാൻ മടിക്കുന്നു.
ഊരിയെടുത്താ കത്തി പതുക്കെ
ചൂടുമറഞ്ഞു തണുക്കുന്നു.
സ്വപ്നം നിതാന്തമാ ജീവിതം
എന്നും നിൻകൂടെയായിരുന്നു.
എന്നും ചുംബനമേറ്റൊരു കവിളിന്നീ
മണ്ണിലുരുമ്മിക്കിടക്കുന്നു.
ചുവന്നു മെലിഞ്ഞു വിറക്കും കൈകൾ
പതിയെ കാലും തളരുന്നു.
കൊന്നെൻ പ്രാണനെയെൻ കൈകൾ
ഹൃദയം നുറുങ്ങി നിലക്കുന്നു.
ഭ്രാന്തുമരിച്ചു ഞാൻ അലറിക്കരഞ്ഞു വീണു
അനങ്ങിയതില്ലവൾ തണുത്തിരുന്നു.
തെറ്റു ചെയ്താലും
പൊറുക്കാൻ എന്തേ കഴിഞ്ഞീല
ഇല്ല മരിക്കാൻ ആവില്ല
ജീവിക്കും നീ മറുലോകത്തിൽ
ഇന്നീ പാപക്കറ മായ്ക്കാൻ
എന്നും ജീവിതം നിൻകൂടെ
ഞാനും ദേഹം വെടിയുന്നു.....
അന്നാ കത്തി അതറിയാതെ
ഇരു ചോരക്കറകൾ ഇണചേർന്നു.

**ബാബുരാജ് മലപ്പട്ടം**
നഴ്സിംഗ് അസിസ്റ്റന്റ്
സെൻട്രൽ ജയിൽ ആശുപത്രി,
കണ്ണൂർ


# പകർന്ന്



നെടുനീളൻ വരാന്തയിൽ
നെടുവീർപ്പുകൾ
ഉണക്കാനിട്ടിരിക്കും.
സ്വപ്നത്തിന്റെ
ഇലകൊഴിഞ്ഞ മരമായി
കൂട്ടിരിപ്പുകാർ
തൂണുചാരി നിന്ന്
അനന്തതയിലേക്ക്
കണ്ണുകളെറിയും
ശ്വാസകോശവും
രോഗാണുക്കളും
പരസ്പരം കലഹിച്ച്
നിശ്ശബ്ദതയിലേക്കുള്ള
അവസാനത്തെ വാതിലും
തള്ളിത്തുറക്കും.
ചുണ്ടോളമെത്തിയകരച്ചിൽ
നിലത്തുവീണ്
കീറിപ്പറിഞ്ഞ് ചിതറും.
വിപരീത ചിന്തയുടെ
ആഴങ്ങളിൽ നിന്ന്
പ്രത്യാശയുടെ പരൽമീനുകൾ
ശ്വാസം കിട്ടാതെ
പിടഞ്ഞ് പൊന്തും.
അവയവങ്ങൾ
തകരാറിലായ ശരീരങ്ങൾ
അതിജീവനത്തിന്റെ
പുതപ്പിനുള്ളിൽ
മൂടിപ്പുതച്ചു കിടക്കും.
വാക്കുകൾക്കിടമില്ലാത്ത
കാഴ്ചയുടെ പാരസ്പര്യത്തിൽ
മൗനസമുദ്രത്തിനുമീതെ
നാളെയിലേക്കുള്ള
ഒരുസൂര്യനെ കിനാവു കാണും.
അടുത്തടുത്ത് നിൽക്കുമ്പോഴും
അകലത്തെക്കുറിച്ചുള്ള
വേവലാതികൾ
ഇന്നലകളെ കൊളുത്തി വലിക്കും
നിശ്ചയിക്കപ്പെട്ട സങ്കടങ്ങളെ
ജലരേഖകൾ കൊണ്ട്
മായ്ക്കാനാവില്ലെന്ന്
ചോരനിറമുള്ള സന്ധ്യകൾ
ഓർമ്മപ്പെടുത്തും.
ഇടംവലം തിരിയാൻ കഴിയാതെ
ജീവിതം അപൂർണ്ണസമസ്യ പോലെ
അനാഥമാകും
ഐസൊലേഷൻ വാർഡുകൾക്ക്
വെളിച്ചത്തിലും കറുപ്പു നിറമാണ്.
പ്രാണൻ അപഹരിക്കാൻ
ഒളിച്ചു കളിക്കുന്ന
മരണത്തിന്റെ കടുംനിറം.

**വിനോദ് S/o കരുണൻ**
ആർ.പി. 204/20
തിരൂർ സബ്ബ് ജയിൽ

# മാന്യൻ



ഞാൻ എന്റെ സുഹൃത്ത് ഷമീറിനെ കണ്ട് തിരിച്ച് നേരെ ബസ്സ് സ്റ്റോപ്പിലേക്ക് നടന്നു. ബസ്സ്സ്റ്റോപ്പിൽ വിവിധ ഭാഗങ്ങളിലേക്ക് പോകാനായി ധാരാളം യാത്രക്കാർ നിൽപ്പുണ്ടായിരുന്നു. അവരുടെ കൂട്ടത്തിൽ ഞാനും എന്റെ നാട്ടിലേക്കുള്ള ബസ്സിനായി കാത്തുനിന്നു.

നിമിഷങ്ങൾ കടന്നുപോയി........

എന്റെ നാട്ടിലേക്കുള്ള ബസ്സ് വന്നുനിന്നു. അതിൽ നിന്നും ആളുകൾ കയറുകയും ഇറങ്ങുകയും ചെയ്യുന്നു. അപ്പോഴാണ് അത് എന്റെ ശ്രദ്ധയിൽ പെട്ടത്.

ബസ്സ് സ്റ്റോപ്പിൽ ഒരാൾ ഒരു ബോർഡ് തൂക്കുന്നു.

ആ ബോർഡ് ഞാൻ വായിച്ചു.

'പോക്കറ്റടിക്കാരെ സൂക്ഷിക്കുക'

ആ ബോർഡ് തൂക്കിയ മനുഷ്യനോട് എനിക്ക് ആദരവ് തോന്നി. മാന്യനാണെന്ന് തോന്നിക്കുന്ന അയാൾ എന്നെ നോക്കി പുഞ്ചിരിച്ചു. ഞാനും ചെറുതായൊന്ന് ചിരിച്ചു.

ബെല്ലടിച്ച് ബസ്സ് മുന്നോട്ട് നീങ്ങാൻ തുടങ്ങി. ഞാൻ ധൃതിയിൽ അതിൽ ചാടിക്കയറി. എന്റെ ജീവൻ ബസ്സ് ഡ്രൈവറെ ഏൽപ്പിച്ചുകൊണ്ട് ഞാൻ ഒരു സീറ്റിൽ ഇരുന്നു. പല സ്റ്റോപ്പിൽ നിന്നും ആളുകൾ കയറുകയും ഇറങ്ങുകയും ചെയ്തുകൊണ്ടിരുന്നു. ഞാൻ വാച്ചിൽ സമയം നോക്കി. നാട്ടിൽ എത്താൻ ഇനിയും ഒരു മണിക്കൂർ കൂടിയുണ്ട്.

ബസ്സിൽ നല്ല തിരക്കുണ്ടായിരുന്നു.

സമയം കടന്നു പോയിക്കൊണ്ടിരുന്നു.....

ഉറക്കത്തിലേക്ക് വഴുതിവീണ ഞാൻ ശബ്ദം കേട്ട് ഞെട്ടി ഉണർന്നു. മുമ്പിൽ ആകെ ബഹളം. എനിക്കൊന്നും മനസ്സിലായില്ല. അപ്പോഴേക്കും ബസ്സ് നിന്നു കഴിഞ്ഞിരുന്നു.

ഞാൻ ആകാംക്ഷാഭരിതനായി.

കാര്യം എന്താണെന്നറിയാൻ ഞാൻ എന്റെ തൊട്ടടുത്തിരുന്ന മനുഷ്യനോട് ചോദിച്ചു.

'എന്താ ചേട്ടാ പ്രശ്നം....?'

'ഒരുത്തൻ പോക്കറ്റടിച്ചതാ...'അയാൾ മറുപടി പറഞ്ഞു. അപ്പോഴേക്കും പോക്കറ്റടിച്ച മനുഷ്യനെ, മറ്റ് യാത്രക്കാർ ചേർന്ന് പുറത്തേക്കിറക്കുന്നത് ഞാൻ കണ്ടു.

ആ മനുഷ്യനെ കണ്ട് ഞാൻ ഞെട്ടിപ്പോയി...'

ബസ്സ്സ്റ്റോപ്പിൽ 'പോക്കറ്റടിക്കാരെ സൂക്ഷിക്കുക' എന്ന ബോർഡു തൂക്കിയ മാന്യനായിരുന്നു ആ മനുഷ്യൻ.

**ഷെമീർ S/o അബ്ദുൾ റസാഖ്**
ആർ.പി.നം. 202/20,
തിരൂർ സബ്ബ് ജയിൽ

# മാനസാന്തരം

കഥ തുടങ്ങുന്നതിനു മുമ്പ് നമുക്ക് ബാദുഷയെന്ന കഥാപാത്രത്തെ പരിചയപ്പെടാം. ചെറുപ്പത്തിലേ ഉമ്മയേയും വാപ്പയേയും നഷ്ടപ്പെട്ട ഒരു പാവം ചെറുക്കൻ. ആരും നോക്കാനില്ലാതെ തെരുവിൽ ജീവിക്കേണ്ടി വന്നു. ഒരിക്കലും അവൻ നിരാശപ്പെട്ടില്ല. തന്നാൽ കഴിയുന്ന ജോലികൾ ചെയ്ത് ജീവിച്ചുപോന്നു. പക്ഷെ ദൈവം അവിടെയും പരീക്ഷണങ്ങളാണ് കൊടുത്തത്. സുഹൃത്തുക്കൾ ചെയ്ത ഒരു മോഷണത്തിന് ഒരു തെറ്റും ചെയ്യാത്ത അവൻ ബലിയാടായി. അതിന്റെ പേരിൽ അവൻ ജയിലിലായി. പക്ഷേ, പരമോന്നത നീതി പീഠം അവനെ കുറ്റക്കാരനല്ലെന്ന് കണ്ടെത്താൻ പതിനൊന്ന് മാസം വേണ്ടി വന്നു. എന്നിട്ടും അയാൾ ആരെയും കുറ്റപ്പെടുത്തുകയോ പരാതി പറയുകയോ ഉണ്ടായില്ല. പക്ഷെ, അവിടെയും ദൈവം അയാളെ കൈവിട്ടു. സമൂഹം അവനെ കള്ളനായി മുദ്രകുത്തി.

ഒരു ദിവസം വൈകുന്നേരം ഞാൻ ബസ്സ്സ്റ്റാന്റിൽ ഇരിക്കുകയായിരുന്നു. പ്രത്യേകിച്ച് എങ്ങും പോകാനില്ലാത്തതുകൊണ്ട് മൊബൈലിൽ ഗെയിം കളിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഏകദേശം ഏഴു വയസ്സ് പ്രായം തോന്നിക്കുന്ന ഒരു കുട്ടി എനിക്ക് അഭിമുഖമായി എന്നെ ശ്രദ്ധിച്ച് ഇരിക്കുന്നുണ്ടായിരുന്നു. ഞാൻ കുട്ടിയെ നോക്കി ഒന്നു പുഞ്ചിരിച്ചു. ഞാൻ ചിരിച്ചതുകാരണം ആ കുട്ടി എന്റെ സമീപത്തേക്ക് വന്ന് ഒരു കുസൃതിച്ചിരിയോടെ എന്നോടു പറഞ്ഞു.

'അങ്കിളിനെ എനിക്കറിയാം.....'

'മോളുടെ പേരെന്താ..? മോൾക്ക് എന്നെ എങ്ങനെ അറിയാം' ഞാൻ ആകാംക്ഷയോടെ ചോദിച്ചു.

'ദിൽന എന്നാ എന്റെ പേര്....' ആ കുട്ടി പറഞ്ഞു. 'ഞാൻ അങ്കിളിനെ ടീ.വിയിൽ കണ്ടിട്ടുണ്ടല്ലോ?'

അപ്പോഴാണ് ആ കുട്ടിയുടെ മാതാവ് അങ്ങോട്ട് വന്നത്.

'ദിൽനാ..... നീ എന്തിനാ ഇങ്ങോട്ടു വന്നത്....' അവളുടെ കൈയ്യിൽപ്പിടിച്ചുകൊണ്ടവർ ചോദിച്ചു. എന്നെ ശ്രദ്ധിക്കാതെ അവർ പോകാനൊരുമ്പെടുകയായിരുന്നു. ദിൽന എന്ന കുട്ടി അവളുടെ അമ്മയുടെ ചെവിയിൽ എന്തോ പറയുന്നത് ഞാൻ ശ്രദ്ധിച്ചു.

അപ്പോഴാണ് അവളുടെ അമ്മ എന്നെ ശ്രദ്ധിച്ചത്. നല്ല മുഖപരിചയം........

അവരെ ഞാനും ശ്രദ്ധിക്കാൻ തുടങ്ങി. എവിടെയോ കണ്ടതായി എന്റെ ഓർമ്മയിലെത്തി. അപ്പോഴെക്കും അവർ എന്റെ സമീപത്തെത്തി. എന്നിട്ട് ചോദിച്ചു.

‘ബാദ്ഷയല്ലേ..?’

ഞാൻ എഴുന്നേറ്റുകൊണ്ട് പറഞ്ഞു. ‘ അതെ’

‘ബാദ്ഷായ്ക്ക് എന്നെ മനസ്സിലായോ?’

‘ഇല്ല..’ ഞാൻ പറഞ്ഞു.

‘ഞാൻ അത്തിക്ക ഐ.പി.എസ്..... താങ്കളെക്കുറിച്ച് എനിക്ക് എല്ലാമറിയാം....’

അപ്പോഴെക്കും ദിൽന പറഞ്ഞു.’അമ്മേ ഈ അങ്കിളല്ലായിരുന്നോ നമ്മുടെ പപ്പായുടെ ബൈക്ക്മോഷ്ടിച്ചത്.?

‘അതെ മോളെ, ഞങ്ങൾക്ക് പരാതിയില്ല. കാരണം ഞങ്ങൾക്കത് സമൂഹത്തിലറിഞ്ഞാൽ കുറച്ചിലാണ്.’

‘അങ്കിൾ, അങ്കിളെന്റെ പപ്പായുടെ ബൈക്ക് എന്തു ചെയ്തു.?’ ദിൽന ബാദ്ഷായോട് ചോദിച്ചു.

‘മോളെ, അതെന്റെ കൈവശമുണ്ട് .ഞാനത് ഒരു പ്രത്യേകസാഹചര്യത്തിൽ ചെയ്തുപോയതാണ്. ഞാനൊരു കള്ളനാണെന്ന് മോൾ തെറ്റിദ്ധരിക്കരുത്. കുറ്റബോധംകൊണ്ട് അത് തിരിച്ചുകൊണ്ടുവന്നുവെക്കാൻ എനിക്കുകഴിഞ്ഞില്ല. എന്റെ സാഹചര്യങ്ങൾ അങ്ങനെയൊക്കെയായിരുന്നു. മോളെന്നോട് ക്ഷമിക്കണം.’ ഒരു മാനസാന്തരത്തോടെ ഞാൻ പറഞ്ഞു.




‘എന്തു സാഹചര്യം....?’ ദിൽന ചോദിച്ചു.

‘എന്റെ സാഹചര്യം ചെറുപ്പത്തിലേ വളരെ മോശമായിരുന്നു. എന്നെ സ്നേഹിക്കാനും സംരക്ഷിക്കാനും എനിക്കാരുമില്ലായിരുന്നു. ചില പ്രത്യേക സാഹചര്യത്തിൽ എന്റെ വാപ്പയും ഉമ്മയും എന്നെ വിട്ടുപോയി.ഞാൻ അനാഥനായി. ചില സുഹൃത്തുക്കൾ എനിക്കുണ്ടായിരുന്നു. അവരിൽ ഉള്ള സുഹൃത്തുക്കളാൽ ഞാനറിയാതെ മോഷണത്തിൽപ്പെട്ടു. നിരപരാധിയായിരുന്ന എന്നെ കള്ളനാക്കി. അങ്ങനെയാണ് ഞാൻ ഈ സ്ഥിതിയിൽ എത്തിയത്. മോൾ എന്നെ കള്ളനായി കാണരുത്. ഞാനിപ്പോൾ നല്ലൊരു മനുഷ്യനായി ജീവിക്കുകയാണ്. മോളുടെ പപ്പായുടെ ബൈക്ക് ഞാൻ എത്തിച്ചുതരാം.’

കുറ്റബോധത്തോടെ ബാദ്ഷ പറഞ്ഞു.

‘നിന്റെ മാനസാന്തരം തന്നെയാണ് ഏറ്റവും വലുത്. ലോകത്തിൽ തെറ്റു ചെയ്യാത്തവരായി ആരുമില്ല. ചെയ്ത തെറ്റുമനസ്സിലാക്കി അതുതിരുത്താൻ ശ്രമിക്കുന്നവനാണ് യഥാർത്ഥ മനുഷ്യൻ. ഞങ്ങളുടെ വീട്ടിലേക്ക് എപ്പോൾ വേണമെങ്കിലും നിനക്ക് വരാം. ശരി. ഞങ്ങൾ പോകട്ടെ. വീണ്ടും കാണാം’- അത്തിക്ക ഐ.പി.എസ് പറഞ്ഞു.

‘അങ്കിൾ തീർച്ചയായും വരണം..’ ദിൽന പറഞ്ഞു.

‘തീർച്ചയായും വരാം’-ബാദ്ഷാ പറഞ്ഞു.

ഇരുവരും തിരിച്ചു നടന്നു. സ്നേഹ മഴപെയ്ത പോലെ ബാദ്ഷായുടെ മനസ്സ് തണുത്തു. ആരൊക്കെയോ ഉള്ളതുപോലെ ബാദ്ഷായ്ക്കു തോന്നി.

**ഹനീഫ എം. കെ.**
അസി: സൂപ്രണ്ട്

# സഫലമീ കാത്തിരിപ്പ്

എങ്ങോ അകലെ സാഗര നാഭിയിൽ,
അസ്തമയ സൂര്യൻ പിടഞ്ഞമർന്നീടുന്നു.
ഇരതേടി ദൂരെ പറന്നുപോയ,
ചെല്ലക്കിളികൾ കൂടണഞ്ഞു.
എൻ മനസ്സിന്റെ വാതായനങ്ങൾ
ഓർമ്മതൻ തീരത്തേക്കായ്തുറന്നു.
ഓർക്കുന്നു ഞാനാ വഴിത്താരയും പൂക്കളും,
ലാസ്യലാവണ്യം നിറഞ്ഞ നദികളും.
ആർത്തുചിരിച്ചു നടന്നൊരാ- കാനന,
മോഹന ഭംഗിതൻ ശീതളഛായയും.
സ്നേഹാമൃതൂട്ടിയ അഛനും അമ്മയും
സ്നേഹ തീരം തീർത്ത നിൻമന്ദഹാസവും.
നേർവഴി കാട്ടിത്തരുവാൻ യത്നിച്ച
ആത്മമിത്രങ്ങൾ തൻ സ്നേഹവചനങ്ങൾ
ചിന്തകൾ പൂത്തുലഞ്ഞൂഞ്ഞാലിലാടിയ
യൗവ്വന തീക്ഷണമാം , ആ നല്ല നാളുകൾ.
പള്ളിക്കൂടത്തിലെ പാതതൻ ഓരത്ത്
മാൻപേടക്കണ്ണുമായ് നീ കാത്തിരുന്നതും.
എന്തോ പരിഭവം ചൊല്ലുവാനായ്
നിന്റെ ചെഞ്ചുണ്ടുകൾ എന്നെ തേടിത്തിരഞ്ഞതും
കാത്തു നിൽക്കാതെയാ കാലം മറഞ്ഞതും
ഞാൻ കാത്തു നിൽക്കുമെന്ന നീ ചൊന്നതും.
ഇന്നുമെൻ ഹൃത്തടം സ്നേഹത്തിൻ പൂക്കളാൽ
തിങ്ങിനിറയുന്നു നിൻ പ്രേമചേഷ്ടയിൽ.
മാനവ ജീവിതം പൂരിതമാക്കുവാൻ
ജീവിത സാഗരം താണ്ടി മുന്നേറുവാൻ
വിദ്യതന്നുന്നത പീഠംകയറുവാൻ,
സ്വപ്ന സാമ്രാജ്യങ്ങൾ വെട്ടിപ്പിടിക്കുവാൻ.
മോഹന രൗദ്രഭാവം പൂണ്ടുനിൽക്കുമാ..
പട്ടണം തേടി ഞാൻ യാത്രയായി.

എങ്ങും എവിടെയും ആരവം ഉത്സവം
യന്ത്രം കണക്കെ തിരിയുന്നു മർത്യൻ.
അക്വേറിയത്തിലെ മീനുകൾപ്പോലവർ-
തുള്ളിപ്പിടഞ്ഞു തുടിച്ചമർന്നീടുന്നു.
തെറ്റും ശരിയും തിരിച്ചറിയാത്തൊരാ-
യൗവ്വന തരളിത കാലഘട്ടങ്ങളിൽ.
ഒരു മയിൽപീലി വിടർത്തിയാടുന്നപോൽ
പട്ടണം നൽകിയ  മോഹനഭംഗിയിൽ-
നട്ടംതിരിഞ്ഞു നടന്നുഞാൻ മൂകനായ്
ദുഃഖം നിറച്ചൊരെൻ മാറാപ്പിൻ കെട്ടുമായ്.
കാണുവാനായില്ല നിൻ പ്രേമജ്വാലയും
നീ എനിക്കായ് കരുതിയ സ്വപ്നവും.
ആടിത്തിമർത്തു ഞാൻ യാന്ത്രികലോകത്ത്
മാദക മോഹന രാവുകൾ രാത്രികൾ
മാറിമറിഞ്ഞൊരെൻ അന്തിക്കൂട്ടുകാർ-
മായാനഗരത്തിൻ മാന്ത്രിക ലീലയിൽ.
ഗ്രാമമെനിക്കായ് കാത്തുസൂക്ഷിച്ചൊരാ...
സ്നേഹസീമകളെല്ലാം തകർത്തു ഞാൻ.
വീണുടഞ്ഞുതകർന്നെന്റെ ജീവിതം
തീരത്ത് തലതല്ലും തിരമാലകൾപോൽ...
മദ്യം മദാലസ ചൂതാട്ട ലോകത്ത്
ആർത്തിയാൽ ചെന്നു പതിച്ചെന്റെ മാനസം.
ഇരുളിന്റെ മറവിൽ ഞാൻ ചെയ്ത ചെയ്തികൾ
കൂട്ടുകാരോടൊത്തു കൂടിയ രാത്രികൾ.
എവിടെയോ തേടിപ്പിരിഞ്ഞ മനസ്സിന്റെ
പിന്നാമ്പുറങ്ങൾ മലീമസമായതും.
തെറ്റിന്റെ കൂമ്പാരക്കൂട്ടങ്ങളത്രയും
അറിയാതെ അറിയാതെ ഞാൻ ആവാഹിച്ചതും.
സ്നേഹബന്ധങ്ങളും എൻ പ്രിയ സഹജരും
ജീവനുതുല്യമായ് സ്നേഹിച്ചൊരമ്മയും.
എല്ലാം മറന്നു ഞാൻ, എന്നെയും, ലോകവും
എനിക്കായ് പുഷ്പ്പിച്ച നിൻ പുഷ്പവാടിയും.
അവസാനമെത്തി ഞാൻ ഈതടവറക്കുള്ളിലും
പൊട്ടിത്തകർന്നൊരു ഓർമ്മയായ് ജീവിതം.
വർഷങ്ങൾ പന്ത്രണ്ട് മെല്ലെക്കൊഴിഞ്ഞുപോയ്
സ്പ്നങ്ങൾ പിന്നേയും നീർച്ചോലതീർക്കുന്നു.
വെള്ളിവെളിച്ചം പ്രതീക്ഷയായെത്തുന്നു
മോചന രാവുകൾ തീരത്തണയുന്നു
ദൂരെ പ്രതീക്ഷതൻ മേച്ചിൽപുറങ്ങളിൽ
നിന്നെ കിനാക്കണ്ടു ഞാനിന്നുണരുന്നു.
നിൻ കാത്തിരിപ്പെല്ലാം സഫലമായെന്ന്
കിന്നാരത്തുമ്പികൾ ചൊലചൊല്ലിപ്പറക്കുന്നു.
ദൂരയങ്ങേതോ പ്രേമത്തിൻ പൂഞ്ചോല
ആർത്തുല്ലസിച്ച് ചിരിച്ചിട്ടൊഴുകുന്നു.
മെല്ലെ...മെല്ലെ.. ഇളംകാറ്റിലുലഞ്ഞെന്റെ-
സ്വപ്നപൂവാടികൾ പൂത്തുലഞ്ഞീടുന്നു.

**സദാശിവൻ ഇ.ആർ**
സി.നം.701/18

# ഇഷ്ടക്കേടിലെ ഇഷ്ടം

ടൈപ്പ്റൈറ്റിങ്ങ് പഠനം കഴിഞ്ഞ് നട്ടുച്ചവെയിലത്ത് തന്റെ ശീല ക്കുടയുടെ തണലിൽ വീട്ടിലേക്ക് നടക്കുകയാ യിരുന്നു പ്രശാന്തി. ദാഹിച്ച് തൊണ്ട വരളുന്നു, വിശന്നിട്ടാണെങ്കിൽ വയറുകത്തുന്നു.പന്ത്രണ്ട് മണിമുതൽ നടക്കാൻതുടങ്ങിയതാണ്. കയ്യി ലെ വാച്ചിൽ സമയം നോക്കി , ഒരുമണിയാ കാറായി. ഒരിറ്റ് വെള്ളംകുടിക്കണമെങ്കിൽ വീട്ടിലെത്തണം.

പ്രീഡിഗ്രി കഴിഞ്ഞതുമുതൽ പഠിക്കാൻ പോ കുന്നതാണ്. കുറേയധികം പെൺകുട്ടികൾ ടൈപ്പ്റൈറ്റിംഗും ഷോർട്ട് ഹാന്റും പഠിക്കു ന്നുണ്ട് അതുകൊണ്ടുതന്നെ സ്റ്റാർ ടൈപ്പ്റൈ റ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നല്ല തിരക്കാണ്.

പ്രശാന്തിക്ക് പത്തുമണിമുതലാണ് ക്ളാസ്സ് തുടങ്ങുന്നത്. നട്ടുച്ചയായതുകൊണ്ടോ, വെ ള്ളിയാഴ്ചയായതുകൊണ്ടോ വെയിലിന് നല്ല ചൂട്. ചെമ്മണൽറോഡിൽ നിന്ന് കുറച്ചുതാഴേ ക്കിറങ്ങി നടക്കണം തന്റെ വീട്ടിലേക്ക്. ഇടവ ഴിയിലേക്കിറങ്ങിയാൽ തണലായി, കുട പൂട്ടി കയ്യിലുള്ള നോട്ടുബുക്കിനൊപ്പം പിടിച്ചു.

വീട്ടിലെത്തുമ്പോൾ ഉമ്മറത്ത് ബഞ്ചിലിരി ക്കുന്നു സുകുമാരേട്ടൻ. അമ്മയുടെ ബന്ധു വാണ്. നോട്ടുബുക്കും കുടയും മുറിയിലെ മേശപ്പുറത്തുവച്ച് അടുക്കളയിലേക്ക് നടന്നു.

ഒരു പിഞ്ഞാണത്തിൽ ഉപ്പിട്ടുകഞ്ഞിവെള്ളം കുടിക്കുന്നതിനിടയിൽ അമ്മ പറഞ്ഞു –'നി ന്നെ കാണാനാണ് സുകുമാരനിതുവരെ കാ ത്തിരുന്നത്.' എന്താണ് സുകുവേട്ടാ എന്നെ കാത്തിരുന്നത്? ആകാംക്ഷയോടെ അവൾ ചോദിച്ചു.

അത് എന്റെ ഭാര്യയുടെ അനുജന് ഒര് പെ ണ്ണുവേണം. ഒരുവിധം സാമ്പത്തികമുള്ള കു ടുംബമാണ്, നല്ല കഠിനാധ്വാനിയാണ്, അനാ വശ്യ ചിലവുകളൊന്നുംതന്നെയില്ല. എന്റെ മനസ്സിൽകണ്ടത് നിന്നെയാണ്, അതാണ് ഞാനിങ്ങോട്ട് വന്നത്. നിന്റെയും അഭിപ്രാ യമറിയണമല്ലോ!

'ഞാനെന്തു പറയാനാണ് അച്ഛനും അമ്മയും തീരുമാനിക്കട്ടെ' പ്രശാന്തി പറഞ്ഞു.

അവർക്കുവിരോധമില്ല, അപ്പോൾ ഞാൻ ഞാ യറാഴ്ച അളിയനേയും കൂട്ടി വരാം. ഇഷ്ടപ്പെ ട്ടെങ്കിലല്ലേ ബാക്കി കാര്യങ്ങൾ ചിന്തിക്കേ ണ്ടതുള്ളൂ. എല്ലാവരോടും യാത്ര പറഞ്ഞ് സുകുമാരൻ അവിടന്നിറങ്ങി നടന്നു.

അളിയനായ പ്രകാശനോട് ഞായറാഴ്ച പോ കേണ്ടുന്ന കാര്യം പറഞ്ഞു. കേട്ടപ്പോൾ പ്രകാ ശന് നല്ല സന്തോഷമായി പക്ഷേ, അടുത്ത നിമിഷത്തിൽ അവന്റെ മനസ്സ് വാടി കാരണം,



തന്റെ മുഖത്തിനെ വികൃതമാക്കിയ 'മുച്ചിറി'. എങ്കിലും അവൻ പറഞ്ഞു, പോകുമ്പോൾ നമുക്കു സജീവനെ കൂടെക്കൂട്ടാം. സജീവൻ തന്റെ സമപ്രായക്കാരനാണ്, അടുത്ത ബന്ധുവാണ്, ഒരുമിച്ചാണ് ജോലിചെയ്യുന്നതും.

സജീവനോടിക്കാര്യം പറഞ്ഞപ്പോൾ അവന് നല്ല ഉൽസാഹമായി. 'ഒരു പെണ്ണുകാണൽ ചടങ്ങ്' തനിക്കുവേണ്ടിയല്ലെങ്കിലും കൂടെപ്പോകുന്നതല്ലേ!

ഞായറാഴ്ച പ്രകാശന് പെണ്ണുകാണാൻ പോകുന്ന കാര്യം സജീവൻ തന്റെ അമ്മയോട് പറഞ്ഞു. ഇതുകേട്ടുനിന്ന അവന്റെ സഹോദരി ചിരിച്ചുകൊണ്ടു പറഞ്ഞു.' പെണ്ണു കാണാൻ പോകുന്നതെല്ലാം നല്ലത് പക്ഷേ ആളുമാറിപ്പോകരുത്'. അവൻ മറുപടിയായി പറഞ്ഞു 'ഏയ് ഇല്ല മോളേ, ആളുമാറാനൊന്നുമില്ല'.

ഞായറാഴ്ച മൂന്നുപേരും അവിടെയെത്തിയപ്പോൾ നല്ല സ്വീകരണമാണ് ലഭിച്ചത്. അവർ ഉമ്മറത്ത് ബഞ്ചിലിരുന്ന് അച്ഛനുമായി പരിചയപ്പെട്ടു.

പെണ്ണിന്റെ അച്ഛൻ അകത്തേക്കുനോക്കിക്കൊണ്ടു പറഞ്ഞു– 'അവളെയിങ്ങോട്ടുവിളിക്ക്'

അകത്തുനിന്നും കയ്യിൽ തളികയിൽ ചായയുമായി മന്ദം മന്ദം അവൾ നടന്നു വന്നു. ഉൽക്കണ്ഠയും ആകാംക്ഷയും അവളുടെ മുഖത്ത് പ്രതിഫലിച്ചിരുന്നു. തളിക സ്റ്റൂളിനു മുകളിൽ വച്ചതിനുശേഷം നാണത്തോടെയും സങ്കോചത്തോടെയും കുനിഞ്ഞ മുഖവുമായി അവൾ ചായഗ്ലാസ്സ് ആദ്യം എടുത്തുകൊടുത്തത് സജീവനായിരുന്നു! പിന്നീട് പ്രകാശനും,സുകുമാരനും.

ചായ കുടിച്ചുകൊണ്ടിരിക്കെ പെണ്ണിന്റെ അമ്മ പുറത്തേക്കിറങ്ങിവന്ന് സുകുമാരനോടു ചോദിച്ചു– 'ഏതാണ് ചെക്കൻ'? 'നടുക്കിരിക്കുന്നതാണ് ചെക്കൻ' പേരു പ്രകാശൻ. ഈ സമയത്ത് വീട്ടിനകത്ത് ഒരു നിഴലനക്കം കണ്ടു. പെണ്ണിന്റെ അച്ഛൻ സുകുമാരനെ വിളിച്ച് എന്തോ കാര്യം പറയുന്നുണ്ടായിരുന്നു. പിന്നീടറിയിക്കാമെന്നും പറഞ്ഞു.

മൂന്നാം ദിവസം തന്റെ അമ്മാവന്റെ മകൾ പാർവ്വതിയെ സജീവൻ കണ്ടു. അവൾ ചിരിച്ചുകൊണ്ടു പറഞ്ഞു 'പെണ്ണുകാണാൻ പോയ ചെക്കനെയല്ല പ്രശാന്തിക്കിഷ്ടപ്പെട്ടത് അയാളുടെ കൂടെ വന്ന ചെറുപ്പക്കാരനെയാണ്'.

**പ്രദീപ്. കെ**
സി.നം.: 234
അതീവ സുരക്ഷാജയിൽ വിയ്യൂർ

# മൂന്ന് മാസത്തിനുള്ളിൽ ജാമ്യം

ഹംസക്ക ആദ്യമായിട്ടാണ് ജയിലിൽ വരുന്നത്, അതും കഞ്ചാവുകേസിൽ 5 വർഷം ശിക്ഷ കിട്ടി.

പ്രായം അറുപതുകഴിഞ്ഞിരിക്കുന്നു, വീട്ടിൽ ഭാര്യയം നാല് പെൺമക്കളുമടങ്ങുന്നതാണ് കുടുംബം. പെൺമക്കളുടെ കല്ല്യാണം കഴിഞ്ഞപ്പോഴേക്കും ഹംസക്കയുടെ നടുവൊടിഞ്ഞു. കടത്തിൻമേൽ കടമായി നിൽക്കക്കളിയില്ലാതായപ്പോഴാണ് സുഹൃത്തിന്റെ ഉപദേശപ്രകാരം 'പെട്ടന്നുപണം' സമ്പാദിക്കാനുള്ള വഴി തിരഞ്ഞെടുത്തത്.

ആദ്യത്തെ ഉദ്യമത്തിൽത്തന്നെ പോലീസ് പിടിച്ചു. ഇപ്പോൾ ജയിലഴിക്കുള്ളിലാണ്.

ജയിലിൽ ആദ്യമായി വരുന്നവരെ നിരീക്ഷിക്കാൻ തന്നെ ചില ഗ്യാങ് പ്രവർത്തിക്കുന്നുണ്ട്. ഇവരുടെ പ്രധാന പണി, പുതിയതായി വന്നിട്ടുള്ളയാൾ നല്ല സാമ്പത്തികശേഷിയുള്ള ആളാണോ?, വീട്ടുകാർ ഇന്റർവ്യൂവിന് വരുന്നുണ്ടോ? എന്നൊക്കെ അന്വേഷിച്ചതിനു ശേഷമാവും ഇവരുടെ രംഗപ്രവേശനം.

ഹംസക്ക് പ്രായമായതിനാൽ ജയിലിലെ ലൈറ്റ് വർക്കാണ് ഏൽപ്പിച്ചിട്ടുള്ളത്. സെല്ലുകളുടെ വരാന്ത അടിച്ചുവൃത്തിയാക്കണം.

ഒരുദിവസം പണിചെയ്തുകൊണ്ടിരിക്കുമ്പോൾ 'ആ ഗ്യാങിലെ' ഒരു ശിങ്കിടി അടുത്തുവന്ന് ഗർജ്ജനത്തോടെ ചോദിച്ചു. എന്താടാ നിന്റെ പേര്? ഹംസക്ക ഞെട്ടിപ്പോയി. കാരണം, ഈ ശിങ്കിടിക്ക് വയസ്സ് നാൽപ്പതിനുതാഴെയേ കാണൂ. എന്നിട്ടും അവന്റെ സംഭാഷണം..എന്താടാ..സ്വപ്നം കാണുകയാണോ, നിന്റെ പേരു ചോദിച്ചതുകേട്ടില്ലേ?. ഹംസക്ക പേടിച്ചുവിറച്ചിട്ട് പതുക്കെ പറഞ്ഞു... ഹംസ...നിനക്ക് ഇവിടത്തെ നിയമങ്ങളൊന്നും അറിയില്ലേടാ....

ഹംസക്ക : എന്താണാവോ ഞമ്മള് വല്ല തെറ്റും ചെയ്തോ? നീ വലിയ തെറ്റു ചെയ്തിരിക്കുന്നു, വന്ന ഉടനെ തന്നെ ഇവിടത്തെ പല്ലൻ മേശിരിയേയും, ഷിബു മേശിരിയേയും നീ കണ്ടോ? ഹംസക്ക : ഇല്ലാ.. ഞമ്മളോടാരും പറഞ്ഞില്ലാ.. എന്നാൽ നീ വേഗം അവരെ ചെന്നുകാണുക ..എന്നുംപറഞ്ഞ് ആ ശിങ്കിടി പോയി.

ഹംസക്ക ഉടനെ അടുത്ത റൂമിലെ ആളോടു തിരക്കി, ആരാ ഈ പല്ലൻ മേശിരിയും ഷിബു മേശിരിയും. ഉടനെ അടുത്ത റൂമിലെ മാമ്പൽ ചേട്ടൻ പറഞ്ഞു, യേശുവേ ഞാൻ നിങ്ങളോട് പറയാൻ മറന്നുപോയി. എത്രയും പെട്ടന്ന് അവൻമാരെ പോയിക്കാണണം. അവൻമാരാ ഈ ജയിൽ ഭരിക്കുന്നത്, വലിയ ഗ്യാങാ എല്ലാവിധ തരികിട പണികളും ഇവൻമാരാ ചെയ്യുന്നത്, കഞ്ചാവും ബീഡിയും മറ്റെന്തും, അതുമാത്രമല്ല, ഇവർക്ക് ഓഫീസിലാ പണി. ഇവരോട് പിണങ്ങിയാൽ അവരുടെ കാര്യം കട്ടപ്പൊക..!!!

ഹംസക്ക ഉടനെ പല്ലൻ മേശിരിയേയും ഷിബു മേശിരിയേയും കാണാൻ പുറപ്പെട്ടു.

അതാ...റൂമിനു പുറത്ത്, കറുത്ത കരിവാളിച്ച മുഖം, ചെവി ബാലരമയിലെ കുട്ടൂസനെപ്പോലെ കൂർത്തത്, പല്ലുകൾ വായ്ക്കകത്താണോ അതൊ പുറത്താണോ എന്നു തോന്നിപ്പോകും,



C.188/19

ഹംസക്ക മനസ്സിൽ ഉറപ്പിച്ചു ഇതുതന്നെ 'പല്ലൻ മേശിരി'.

ഊം..... ആരാടാ നീ....? ഹംസക്ക വിറച്ചുതുടങ്ങി, പേടിച്ച് പറഞ്ഞു- ഞാൻ ഹംസ...!!!! എത്ര നാളായെടാ ഇവിടെ വന്നിട്ട്? പത്തു ദിവസം കഴിഞ്ഞൂപ്പാ...എന്നിട്ട് ഇപ്പോഴാണോ വരവ്? അതോ നിന്നെയൊക്കെ താലപ്പൊലികൊണ്ട് സ്വീകരിച്ച്ുവരണോടാ...?

ഹംസക്ക ഒന്നും മിണ്ടിയില്ല. എത്രയാടാ ശിക്ഷ? അഞ്ചുവർഷം... അഞ്ചുവർഷവും ഇവിടെക്കിടന്നുചാകാനാണോ പരിപാടി, വീട്ടിലേക്കുപോകണ്ടേ? ഹംസക്ക: വേണം. ഹൈക്കോടതിയിൽ അപ്പീൽ കൊടുത്തോ? ഹംസക്ക: ഇല്ല. അതെന്താടാ? അത്രയ്ക്കുപണം എന്റെ കയ്യിൽ ഇല്ല മേശിരീ...ഉം. എന്നാൽ നിന്നെ ഞാൻ പുറത്തിറക്കിത്തരും, അടുത്തയാഴ്ച ഹൈക്കോടതിയിലെ ഏറ്റവും തിരക്കുള്ള അഡ്വക്കേറ്റ് വിമലൻ നായർ സാർ നിന്നെ ഇവിടെ വന്നുകാണും എന്റെ ആളാണെന്നു പറഞ്ഞാൽ മതി.'ഫീസു കൊടുക്കേണ്ട' ഞാൻ വിളിച്ചു പറഞ്ഞേക്കാം. ആ....എന്നാ ശരി പൊയ്ക്കോ.'മൂന്നുമാസത്തിനകം പുറത്തിറക്കും' എന്താ പോരേ? ഹംസക്കയുടെ കണ്ണുനിറഞ്ഞുപോയി, താൻ ഈ മേശിരിയെയാണോ കുട്ടൂസനെപ്പോലെയുണ്ട് എന്നൊക്കെ പറഞ്ഞത്. എന്തുനല്ല മേശിരി, ഇയാളുടേത് കറുത്ത ശരീരമായാലും വെളുത്ത മനസ്സ് വലുതാ...!!! അതാണ് പല്ലായി പുറത്തു നിൽക്കുന്നത്.

അടുത്തയാഴ്ച ഓഫീസിൽ നിന്നും അറിയിപ്പു വന്നു, ഹംസക്കയെകാണാൻ അഡ്വക്കറ്റ് വിമലൻ നായർ വന്നിരിക്കുന്നു. ഹംസക്ക ഒരു ഗമയോടെയാണ് വക്കീലിനെക്കാണാൻ പോയത്. നോക്കുമ്പോൾ അതാ ഓഫീസിലെ കസേരയിലിരിക്കുന്നു. കേട്ടിട്ടുണ്ട് ഹംസക്ക അടുത്തു ചെന്ന്....ഞാൻ ഹംസ... അഡ്വക്കേറ്റ് വിമലൻ സാർ അല്ലേ? പല്ലൻ മേശിരിയും ഷിബുമേശിരിയും പറഞ്ഞതുകൊണ്ട് മാത്രമാണ് ഞാൻ നിങ്ങളെ നേരിൽ കാണാൻ വന്നത്, അവർ എനിക്ക് അത്ര വേണ്ടപ്പെട്ടവരാ....

ഹംസാ തന്റെ കേസ്സ് ഞാൻ നോക്കി കീഴ്ക്കോടതിയിൽ ഏത് മണ്ടൻ വക്കീലാ ഹാജരായത്? തെളിവില്ലാ.. എഫ് ഐ ആർ തന്നെ തെറ്റാ, ഏതു ജഡ്ജിയാണ് ശിക്ഷിച്ചത് ... എടുത്തു വലിച്ചെറിയേണ്ട കേസാണ്.

എനിക്കു മൂന്നുമാസത്തെ സമയം തരണം അതിനുള്ളിൽ ഹംസയെ പുറത്തിറക്കിത്തരാം. പിന്നെ എനിക്കു നിന്നുതിരിയാൻ സമയമില്ലാ- ഇതുതന്നെ അറിയാലോ? എന്റെ ഫീസ് ലക്ഷങ്ങളാ..,എന്റെ വേണ്ടപ്പെട്ടവർ പറഞ്ഞതിനാൽ ഞാൻ ഫീസുവാങ്ങുന്നില്ല. പക്ഷേ ഹംസയെ ശിക്ഷിച്ച കീഴ്ക്കോടതിയിൽ നിന്നും എല്ലാ പേപ്പറുകളും എടുക്കണം പിന്നെ മൂന്നാലുവട്ടം പോകേണ്ടതായിട്ടുണ്ട് ,പിന്നെ ഗുമസ്തനുവല്ലതും കൊടുക്കണം. അതൊക്കെ വേണ്ടേ ഹംസാ.... സാറേ എന്റെ കൈയ്യിൽ.....? ഫീസുവേണ്ട ഹംസാ, പക്ഷേ ഈ പേപ്പർ ചിലവിനൊക്കെയായി അമ്പതിനായിരം രൂപ ആവശ്യമുണ്ട് ഇതാണെന്റെ വിസിറ്റിംഗ് കാർഡ് അതിനു പുറകുവശത്ത് എന്റെ അക്കൗണ്ട് നമ്പർ ഉണ്ട്. പിന്നെ മൂന്നുമാസത്തിനുള്ളിൽ ജാമ്യമെടുത്ത് പുറത്തിറക്കാം...! പിന്നെ 'മമ്മൂട്ടി' പറയുന്ന പോലെ ചറപറാന്ന് കുറേ ഇംഗ്ളീഷും പറഞ്ഞു.മൂന്നാം ക്ളാസ്സുവരെ പോയ

ഹംസക്ക വായ തുറന്നുപോയ്.


റൂമിൽ വന്നതിനു ശേഷം ഹംസക്ക സംങ്കടത്തിലായിരുന്നു. കാരണം എങ്ങനെ വക്കീലിന് അമ്പതിനായിരം രൂപ കൊടുക്കും. അദ്ദേഹം നല്ല മനസ്സുള്ള ആളായതിനാൽ ഫീസ്ുവേണ്ട എന്നാണ് പറഞ്ഞിട്ടുള്ളത്. പേരു കേട്ടാലേ അറിയാം തറവാടിയാണെന്ന്. 'അഡ്വക്കേറ്റ് വിമലൻ നായർ' അതു മാത്രമല്ല, എന്താ ഇംഗ്ളീഷ് സ്ംസാരിക്കുന്നത്. എങ്ങനെയെങ്കിലും വക്കീലിന് അമ്പതിനായിരം കൊടുക്കണം. മൂന്ന് മാസത്തിനുള്ളിൽ ജാമ്യമെടുത്തുതരാം എന്നാണുപറഞ്ഞിട്ടുള്ളത്. എന്തായാലും നാളെ ഭാര്യ പാത്തുവിനെ അറിയിക്കാം.

ജയിലിലെ ഫോൺബൂത്തിൽ നിന്നും ഹംസക്ക പാത്തുവിനെ ഫോൺ ചെയ്തു. ഹലോ.. !!! മറുതലക്കൽ നിന്നും പാത്തു.. ആരാ? ആരാ? ഹംസക്ക: അനക്കിപ്പോ ഞമ്മന്റെ പാഷ മനസ്സിലാവില്ലാ....നീ അവിടെ സുഖിച്ചു കഴിഞ്ഞോ..., അനക്ക് ഞമ്മളെ ഇബടന്ന് ഇറക്കണം എന്ന് വല്ല നിശ്ചയോം ഉണ്ടോ? ഹംസക്ക ഒരു അമ്പ് തൊടുത്തുവിട്ടു.

അള്ളാ ഇങ്ങള് എന്താണിപ്പാ ഈ പറയണ്, ഇങ്ങള് ജയിലിലായേപ്പിന്നെ ഞമ്മള് കഞ്ഞീം ഇല്ല ഉറക്കവുമില്ല, എന്നിട്ട് ഇപ്പോ ഇതാണോ ഇങ്ങളീ പറയണ്. അടീ പാത്തൂ നിന്നെ ബിഷമിപ്പിക്കാൻ പറഞ്ഞതല്ലാ, എന്നെ ജാമ്യമെടുക്കാത്തത് എന്താണ് എന്നുള്ളതുകൊണ്ടാണ്. അള്ളാ അപ്പോ ഇങ്ങൾക്ക് ജാമ്യം കിട്ടുമോ? കിട്ടും പാത്തൂ അതും മൂന്ന് മാസത്തിനുള്ളിൽ, ഹൈക്കോടതിയിലെ ബല്യ വക്കീലാ എന്നെ ഇവിടെ വന്നു കണ്ടു, ഫീസൊന്നും വേണ്ടാ എന്നാണ് പറഞ്ഞത്. പടച്ചോന്റെ കൃപ. പിന്നെ പാത്തൂ.. കീഴ്ക്കോടതിയിൽ നിന്നും കൊറേ പേപ്പറെല്ലാം എടുക്കാനുണ്ട്, പിന്നെ വക്കീലിന്റെ ഗുമസ്ഥന യാത്രാച്ചിലവും ഉണ്ട്. അതും നമ്മള് വക്കീലിന്റെടുത്ത് എടുക്കാൻ പറയാൻ പറ്റോ? നീ ഒരു കാര്യം ചെയ്യണം കുറച്ചുപണം വക്കീലിന് അയച്ചുകൊടുക്കണം. ഇത് എന്ത്പ്പാ..എവിടന്ന് പണം?. ഹംസക്ക: അനക്ക് ഞാനാണോ ബല്ല്യത് അതോ? .ആടോ? കുറേ കരച്ചിലും പിഴിച്ചിലിനും ശേഷം പാത്തുമ്മ ആടിനെ വിറ്റ് പണം വക്കീലിന് കൊടുക്കാമെന്നേറ്റു.

അടുത്തയാഴ്ച പല്ലൻ മേശിരിയുടെ ശിങ്കിടി ഹംസക്കയുടെയടുത്ത് വന്ന് പതിവില്ലാതെ, 'ഹംസക്ക' ഇങ്ങളെ മേശിരി വിളിക്കുന്നു. 'ഹംസക്ക മനസ്സിൽ' എന്തടാ എന്നുള്ള വിളിയൊക്കെ പോയോ... ഹംസക്ക: എന്താ മശിരി എന്നെ കാണണമെന്നു പറഞ്ഞൂ.. ഹംസക്ക നോക്കുമ്പോൾ ആ മുഖം ചിരിച്ചു നിൽക്കുന്നു. ആ...ഹംസക്കാ വക്കീലിനു പണം കിട്ടിയെന്നു പറഞ്ഞു. ഇവിടെ എന്താവശ്യമുണ്ടെങ്കിലും പറയാൻ മടിക്കരുത്, മൂന്ന് മാസത്തിനുള്ളിൽ ജാമ്യം കിട്ടും.

മാസങ്ങൾ കടന്നുപോയി മൂന്ന് മാസം, നാല് മാസം, അഞ്ച്മാസം.... ഹംസക്ക വക്കീലിനെ ഫോൺ ചെയ്തു. സാറേ... ഇതു ഞാനാ ജയിലിൽ നിന്നും ഹംസ...! ഹംസയോ ... നിങ്ങൾക്ക് ഒരു ഉത്തരവാദിത്വമുണ്ടോ? കേസ്സു തന്നാൽ മാത്രം പോര.. എന്നൊക്കെ പറഞ്ഞ് ഹംസയെ വക്കീൽ ചീത്ത പറഞ്ഞു. സാറേ എന്തായ് സാറേ ജാമ്യം...? വക്കീൽ: ഹംസാ, ഇപ്പോൾ ഇരിക്കുന്ന ബെഞ്ച് ശരിയല്ലാ അടുത്ത ബെ



ഞ്ചിൽ കേസ്സുവച്ചാൽ പോരേ? ഹംസ പറയൂ? ഹംസക്ക പെട്ടുപോയി. സാറേ ഈ ബെഞ്ചു ശരിയല്ലെങ്കിൽ അടുത്ത ബെഞ്ചിൽ വച്ചാൽ മതി സാറേ...എന്നാൽ ശരി എനിക്ക് നിന്നു തിരിയാൻ സമയമില്ല... ഫോൺ കട്ടാക്കി.



മാസങ്ങൾ കടന്നുപോയി... വർഷങ്ങളായി. ഹംസക്ക വീണ്ടും വക്കീലിനെ ഫോൺ ചെയ്തു. മിക്കപ്പോഴും വിളിക്കുമ്പോൾ ഭയങ്കര തിരക്കാണ് എന്നു പറഞ്ഞ് ഫോൺ വെക്കും. അന്ന് ഹംസക്ക വിളിച്ചയുടനെ ഫോൺ എടുത്തു. ഹംസാ നീ ഇപ്പോൾ വിളിച്ചതു നന്നായി. പുതിയ ബെഞ്ചു വന്നു..!! ഹംസക്കയുടെ മുഖം തെളിഞ്ഞു...സാറേ അപ്പോ നമ്മുടെ കേസ്സ് എടുക്കാല്ലേ...?

ഹംസാ ഒരു പ്രശ്നമുണ്ട്  ഇപ്പോൾ വന്നിരിക്കുന്ന ബെഞ്ച് സിവിൽ കേസ്സ് നോക്കുന്ന ജഡ്ജിമാരാ.. അവർ കേസ്സുകളൊന്നും എടുക്കുന്നില്ല... പിന്നെ വേറൊരു കാര്യം ഈ വെക്കേഷൻ കഴിഞ്ഞാൽ ഈ ബെഞ്ചും മാറും, നമുക്ക് ആബെഞ്ചിൽ എടുത്താൽ പോരേ? മതി സാർ ആ ബെഞ്ചിൽ എടുത്താൽ മതി. ഹംസക്കയ്ക്ക് സമ്മതിക്കേണ്ടി വന്നു.

വർഷങ്ങൾ കഴിഞ്ഞു..രണ്ട് വർഷം, മൂന്ന് വർഷം...... ഹംസക്ക വീണ്ടും വക്കീലിനെ ഫോൺ ചെയ്തു. 'യെസ്, അഡ്വക്കറ്റ് വിമലൻ നായർ' പറയൂ ആരാ? സാറേ ഞാനാ ഹംസ, എന്തായി സാറേ... ആ... ഹംസാ പുതിയ ബെഞ്ചിലാ നമ്മുടെ കേസ്സ് ഞാൻ കൊണ്ടുവന്നിരിക്കുന്നത്. പക്ഷേ ഒരു കുഴപ്പമുണ്ട്, ഈ ജഡ്ജിക്ക് എൻ ഡി പി എസ്, കഞ്ചാവ് എന്നൊക്കെ കേട്ടാൽ അലർജിയാണ്. ഇയാളുടെ മകൻ ഇതിന് അടിമയായി എന്തോ വീട്ടിലും നാട്ടിലും പ്രശ്നമാണ് എന്നൊക്കെയാണ് കേൾവി. ഇതിന്റെ ഇടയിൽ ഈ കേസ്സ് കൊണ്ട് വെച്ചുകൊടുക്കണോ? വല്ല കൊലക്കേസ്സുമായിരുന്നെങ്കിൽ ഞാൻ പുഷ്പംപോലെ വെക്കാമായിരുന്നു. ഇത് വെക്കണോ? അതുമാത്രമല്ല, ഈ ജഡ്ജിയെങ്ങാനും ശിക്ഷ കൂട്ടി പത്തുവർഷമാക്കിതരില്ലാന്ന് ആരു കണ്ടു.... ഹംസ പറയൂ ഈ ബഞ്ചിൽ കേസ്സുവെക്കണോ വേണ്ടയോ? ഹംസക്ക: വേണ്ട സാറേ അടുത്ത ബെഞ്ചിൽ വെച്ചാൽ മതി എന്തായാലും ഇത്രയം കാത്തില്ലേ...ആ എന്നാൽ ശരി ഹംസയുടെ ഇഷ്ടം വക്കീൽ ഫോൺ വെച്ചു.

വീണ്ടും നാളുകൾ കടന്നുപോയിക്കൊണ്ടിരുന്നു. ഹംസക്ക വക്കീലിനെ വീണ്ടും ഫോൺ ചെയ്തു. കാരണം കൊറോണ പകർച്ച വ്യാധി പടർന്നു പിടിച്ചുകൊണ്ടിരിക്കുകയാണ്. വീട്ടിൽ പാവം പാത്തു...!!!ഈ അസുഖം പ്രായമായവർക്കാണ് ഏറ്റവും പെട്ടന്ന് പിടിക്കുന്നത്. ഞാൻ ഇറങ്ങുമ്പോഴേയ്ക്കും പാത്തുവിനെ കാണാൻ പറ്റാണ്ടാവോ...? ഹംസക്ക വക്കീലിനെ വിളിച്ചു. 'യെസ് അഡ്വക്കേറ്റ് വിമലൻ നായർ' പറയൂ..ആരാ ..പെട്ടന്നുപറയണം തിരക്കാണ് കക്ഷികൾ കാത്തുനിൽക്കുന്നു. സാറേ.. ഞാനാ ഹംസ... എന്തായി സാറേ? ആ ഹംസയോ ഹംസേ, പത്രവും മറ്റും വായിക്കുന്നില്ലേ? ഒറ്റ കേസ്സു പോലും കോടതിയിൽ കേൾക്കുന്നില്ല. അവിടെ ആരും ഒന്നും പറഞ്ഞുകേട്ടില്ലേ? വിവരമുള്ള

ഹംസക്കുമനസ്സിലാവുമല്ലോ...? എന്നുപറഞ്ഞ് വക്കീൽ ഫോൺ കട്ട് ചെയ്തു.

ഹംസക്ക് സങ്കടമായി, എന്തായാലും ഈ വിവരം പല്ലൻ മേശിരിയേയും ഷിബുമേശിരിയേയും അറിയിക്കുക തന്നെ. ഹംസക്ക പല്ലൻ മേശിരിയുടെ സെല്ലിനടുത്തേക്കുപോയി...അതാ അവിടെ പുതിയ ഒരു തടവുകാരനോട് പല്ലൻ മേശിരിയും ഷിബു മേശിരിയും എന്തോ പറഞ്ഞുകൊണ്ട് നിൽക്കുന്നു. ഇപ്പോൾ ഇടയിൽ കയറി പറയണ്ട ആ പുതിയ ആൾ പോകട്ടെ അതുവരെ ഈ തൂണിന്റെടുത്ത് മറഞ്ഞുനിൽക്കാം...!!

പല്ലൻ മേശിരി ആ പുതിയ തടവുകാരന്റെടുത്തു പറയുന്നതുകേട്ടു. ശിക്ഷ പത്ത് വർഷമല്ലേ..? അയാൾ അതെ...

പേടിക്കണ്ട വെറും മൂന്ന് മാസത്തിനുള്ളിൽ ജാമ്യം എടുത്തു തരും ഹൈക്കോടതിയിലെ ഏറ്റവും തിരക്കുള്ള വക്കീലാ...! ഫീസൊന്നും കൊടുക്കണ്ട എന്റെ ആളാ എന്ന് പറഞ്ഞാൽ മതി. കേട്ടുകാണും അഡ്വക്കേറ്റ് ' വിമലൻ നായർ' എന്നാൽ പൊയ്ക്കോ അടുത്ത ആഴ്ച വക്കീൽ നേരിൽ കാണാൻ വരും..!

ഹംസക്ക പിന്നെ അവരുടെ അടുത്ത് പോയില്ല കാരണം ഇവന്മാരുടെ പണി ഇതാണ് എന്ന് മനസ്സിലായി.. അതുമാത്രമല്ല എന്തെങ്കിലും ചോദിച്ച് തെറ്റിയാൽ, ഇവന്മാർ എന്നെ വച്ചേക്കില്ല... ഹംസക്ക അന്ന് ആദ്യമായി പല്ലൻ മേശിരിയുടെ പല്ല് ശരിക്കും കണ്ടു ദുഷ്ടതയും കള്ളത്തരവും വളർന്ന് വലുതായി മൂക്കിൽ കൂടെ വന്ന തേറ്റയാണ് ഈ പല്ലുകൾ...!! ദുഷ്ടൻമ്മാർ...!!

അന്ന് രാത്രി ഹംസക്ക ഉറങ്ങിയില്ല തന്നെ പറ്റിച്ചതും, പാവം പാത്തുവിന്റെ ആട് വിറ്റതിലും ഹംസക്ക തേങ്ങി തേങ്ങി കരഞ്ഞു..!! എപ്പോഴാണ് ഉറങ്ങിയത് എന്നറിയില്ല .. രാവിലെ സെല്ല് തുറക്കാൻ വന്ന ഉദ്യോഗസ്ഥർ ഹംസ്ക്കയെ വിളിച്ചു. കരഞ്ഞുകലങ്ങിയ കണ്ണുമായി ഹംസക്ക....!

സർ: ഹംസേ.. കാലത്ത് പത്ത് മണിയാകുമ്പോൾ ഡ്രസൊക്കെമാറി ഒഫീസിൽ വരണം കൊറോണ കാരണം അറുപതു വയസ്സിനു മുകളിലുള്ളവരെ ഗവൺമെന്റ് വിട്ടയക്കുകയാണ്. തന്റെ പേരും ഉൾപ്പെട്ടിട്ടുണ്ട്. ഹംസക്ക തലയാട്ടികേട്ടു. സത്യമോ..? അതോ ഞാൻ സ്വപ്നം കണ്ടതോ..?

ഹംസക്കയുടെ വരവും കാത്ത് പാത്തു ഉമ്മറത്തു തന്നെ നിൽപ്പായിരുന്നു. 'അതാ നമ്മുടെ ആള്....' ഹംസക്കയും പാത്തുവും വർഷങ്ങൾക്ക് ശേഷം കണ്ടുമുട്ടിയതിന്റെ സന്തോഷത്താലും സങ്കടത്താലും കെട്ടിപ്പിടിച്ചു കരഞ്ഞു. മക്കളും വന്നിട്ടുണ്ടായിരുന്നു. എല്ലാവരും സന്തോഷത്തോടെ ഭക്ഷണം കഴിച്ച് കിടക്കാൻ നേരം 'പാത്തൂ നീ എന്നെ നാളെ നേരത്തെ വിളിക്കണം ഒരിടം വരെ പോകാനുണ്ട്....' 'എവിടെക്കാ രാവിലെ തന്നെ ?' ടൗണിൽ വക്കീലിനെ ഒന്നു കാണണം. തിരക്കുള്ള ആളാ എന്ന് അറിവ്. അതാ നേരത്തെ തന്നെ പോകാമെന്നു കരുതിയത്.

ഹംസക്ക അതിരാവിലെ തന്നെ കയ്യിലെ വിസിറ്റിംഗ് കാർഡിലുള്ള അഡ്രസ്സിൽ നോക്കി വീട് കണ്ട് പിടിച്ചു. അതാ വീടിനു പുറത്ത് എഴുതി വച്ചിരിക്കുന്നു 'അഡ്വ. വിമലൻ നായർ' പക്ഷേ വീട്ടിൽ ആരെയും കാണുന്നില്ല നേരം വെളുത്തു വരുന്നതേയൊള്ളൂ. എന്തായാലും മതിനു പുറത്ത് നിൽക്കാം വരുമ്പോൾ അകത്തേക്ക് കയറി പോകാം എന്നു കരുതി ഹംസക്ക ഗേറ്റിനു അടുത്തു നിൽക്കുമ്പോൾ തലയാകെ കെട്ടി ഒരു പത്രക്കാരൻ അകത്തേക്ക് പോയി ഹംസക്ക ശ്രദ്ധിച്ചു നോക്കി 'ഇയ്യാളെ എവിടെയോ കണ്ട പരിചയം ഉണ്ടല്ലോ' അപ്പോഴേക്കും ആ പത്രക്കാരൻ അകത്തേക്ക് വിളിച്ചു പറയുകയുണ്ടായി 'പാലെടുത്തു വച്ചില്ലേ? പത്തൊമ്പതു വീട്ടിലേയ്ക്ക് പാൽ കൊടുക്കാനുള്ളതാ' അകത്തു നിന്നും ഒരു പ്രായമായ സ്ത്രീ ഒരു പാൽ പാ്ത്രം താങ്ങിപ്പിടിച്ച് സ്കൂട്ടറിൽ കൊണ്ടുവച്ചുകൊടുത്തു. 'ശരിയമ്മേ കുറച്ചു പത്രം കൂടി കൊടുക്കാനുണ്ട് പാലുകൊടുക്കാനുള്ള വീട്ടിലേക്കുള്ളതാ ..എന്നാൽ ഞാൻ പോകട്ടെ' ഹംസക്ക: 'ഈ ശബ്ദം നല്ല പരിചയം ഉണ്ടല്ലോ' എന്തായാലും അകത്തേക്ക് കയറാം എന്ന് മനസ്സിൽ ഉറപ്പിച്ച് ഗേറ്റിനടുത്തെത്തുമ്പോഴേയ്ക്കും ആ പാൽക്കാരൻരെ മൊബൈൽ ഫോൺ ബെല്ലടിച്ചു. അയ്യാൾ ആ ഫോണെടുത്തു 'എസ്...അഡ്വക്കേറ്റ് വിമലൻ നായർ പറയൂ..ആരാണ്.. എനിക്ക് തിരക്കുള്ള സമയമാ കക്ഷികൾ കാത്തുനിൽക്കുന്നുണ്ടാവും... ' ഹംസക്ക പിന്നെ ഒന്നും പറയാൻ നിന്നില്ല... മൂക്കത്തും വിരൽ വച്ച് തിരിഞ്ഞ് നടന്ന് പോകുമ്പോൾ മനസ്സിൽ പറയുന്നുണ്ടായിരുന്നു. 'നിന്നു തിരിയാൻ നേരമില്ലാത്ത വക്കീൽ അഡ്വക്കേറ്റ് വിമലൻ നായർ'

**സദാശിവൻ ഇ.ആർ.**
സി.നം. 701/18


# ബന്ധനം



മനസ്സിന്റെ താളം
തെറ്റിത്തുടങ്ങിയോ...?
വിചാരങ്ങൾ
വികാരങ്ങൾക്കടിമപ്പെടുന്നുവോ...?
ചിന്തകളാൽ മനം
വിങ്ങിത്തുടങ്ങുന്നു...
നീറി നീറിയുരുകുന്നു-
ജീവിതം.
കാലുകളും കൈകളും
വെട്ടിക്കഴക്കുന്നു....
മനുഷ്യാ നിൻമനം
എന്തിനായലയുന്നു..!
നിൻബന്ധനം
മോചനമാകുമൊരുനാൾ

**കുഞ്ഞു പി.സി.**
സി.നം. 694/18

# തിരുവായിൽ നിന്ന്



നിങ്ങളുണരുക നല്ല നാളെക്കായ്
നന്മപുലരട്ടെ ഈ നാടുണരട്ടെ
തെറ്റിൽ നിന്നും ഒരായിരം
ശരികൾ തെളിയട്ടെ , ഉത്തമരാവട്ടെ
നാടിന്നോമന കിളികളാവുക നാം
നാടിന്നോമന മുത്തുകളാവുക നാം
ഓരോ സൂര്യോദയത്തിലും
ഒരായിരം മനുഷ്യരായ്
പുതുജന്മമെടുക്കട്ടെ
ഒരു പുതുപ്രഭാതം കൊണ്ടൊരു-
വിശ്വംതീർക്കുക നാം
നന്മപൂക്കും നാടിന്നോമന-
മുത്തുകളാവുക നാം
രാജ്യത്തിന്റെ നന്മക്കായ്
പൂത്തു വിരിയുക നാം
കാലമുണരട്ടെ കാവ്യ-
മുണരട്ടെ ജന്മഗേഹമുണരട്ടെ
നമ്മുടെ മോചനം അകലെ-
യല്ലന്നറിയുക വാസികളെ
ഇന്ത്യയെന്ന നമ്മുടെ നാട്ടിൽ
നട്ടെല്ലാവുക നാം...
ജന ഗണ മന പാടും
മയിൽ പീലികളാവുക നാം
വന്ദേമാതരം പാടുവാനും
നാവുണരട്ടെ ...നാടുണരട്ടെ
നിങ്ങളെ നാടുണർത്തട്ടെ.






ഒരു പെൺകുട്ടിയോട് തോൽക്കുമ്പോൾ
അത് ഒരു ഇരട്ടത്തോൽവിയാകും


Roland







